# വിശ്വാസദീപ്തി

# വിശ്വാസദീപ്തി

DHARMARAM COLLEGE LIBRARY BANGALORE-29

★

LIBRARY
15640

CATECHETICAL CENTRE,
ARCHDIOCESE OF ERNAKULAM.

Nihil Obstat:

**Fr. Jacob Aeranat**

Acc. No.
Call. No.

Imprimatur :

**✠ Rt. Rev. Dr. Sebastian Mankuzhikary**
Auxiliary Bishop

M/268·43

Ernakulam
8-9-1976

Published by:

*The Director, Catechetical Centre,*
*Archdiocese of Ernakulam,*
*Thaikkattukara,*
*Alwaye-6.*
1-10-1976.

Copy Right :

*The Director of Catechetics,*
*Archdiocese of Ernakulam.*

Printed at :

Mar Louis Memorial Press, Ernakulam,
Cochin - 682011.

Price : Rs. 1-25

Ernakulam College Library
Acc. No. 87516
Call. No. H47/ V829

# ആശംസ

മതബോധമാണ് മനുഷ്യനെ നല്ലവനാക്കുന്നത്. ധാർമ്മികമായി അധഃപതിച്ച ആധുനികലോകത്തെ ഉദ്ധരിക്കുവാൻ മതത്തിനും സന്മാർഗ്ഗബോധത്തിനും മാത്രമേ സാധിക്കുകയുള്ളൂ. നാം അതിന് കാലോചിതമായ നല്ല മതഗ്രന്ഥങ്ങൾ ഉണ്ടാക്കണം.

കേരള കത്തോലിക്കർക്കിടയിൽ അടുത്തകാലംവരെ പ്രചാരത്തിലിരുന്ന 'ചെറിയ വേദോപദേശം' എല്ലാവർക്കും ഒന്നുപോലെ ഉപകാരപ്രദമായിരുന്നു. അതു കെട്ടിലും മട്ടിലും കാലോചിതമാക്കി തയ്യാറാക്കിയതാണ് ഈ പുതിയ പുസ്തകം. ഇതു് 'ചെറിയ വേദോപദേശ'ത്തിന് ഒരു പഠന സഹായികൂടിയാണ്. മാതാപിതാക്കന്മാർക്കും അദ്ധ്യാപകർക്കും ഇതൊരു മാർഗ്ഗദർശിയായിരിക്കും.

'ചെറിയ വേദോപദേശ'ത്തിൻെറ പുതിയ ആവിഷ്കരണമായ ഈ പുതിയ പുസ്തകം നമ്മുടെ എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും വാങ്ങി ഉപയോഗിച്ചുകാണുവാൻ ആഗ്രഹിക്കുന്നു.

ഈ പുസ്തകം തയ്യാറാക്കിയവരേയും ഇതുപയോഗിക്കുന്ന എല്ലാവരേയും ഞാൻ ആശീർവ്വദിക്കുന്നു.

✠ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ
എറണാകുളം മെത്രാപ്പോലീത്താ

Archbishop's House,
Ernakulam
28—8—1976

## ആമുഖം

പഴയതിനെയൊക്കെ പുച്ഛിച്ചു തള്ളുകയും പുതിയതിനെ പൂവിട്ടു പൂജിക്കുകയും ചെയ്യുന്ന ഒരു പ്രവണതയാണിന്നെവിടെയും കാണുന്നതു്. അതുകൊണ്ടു് പലപ്പോഴും പഴയതിന്റെ അഭികാമ്യമായ ഫലങ്ങൾ നഷ്ടപ്പെട്ടവാനിടയാകുന്നു. ഈ ദുസ്ഥിതി ആദ്ധ്യാത്മികരംഗത്താണു് അധികവും പ്രകടമായിക്കാണുന്നതു്. മതബോധനരംഗവും ഇതിനു് അപവാദമല്ല.

ചെറുതെങ്കിലും 'ചെറിയ വേദോപദേശം' കേരളത്തിലെ കത്തോലിക്കരുടെ ഇടയിൻ മതബോധനരംഗത്തു ചെയ്തിട്ടുള്ള സേവനം നിസ്തുലമാണു്. എന്നാൽ, ഈ രംഗത്തു് പുതിയ നീക്കങ്ങളും സമീപനങ്ങളും പൊന്തിവന്നപ്പോൾ ആ കൊച്ചുപുസ്തകം പുറംതള്ളപ്പെട്ടുപോയതിൽ അത്ഭുതപ്പെടാനില്ല. അതിലെ പഴയ ബോധനരീതി ചോദ്യോത്തരമാണു്. എന്നാൽ അതിനു് അതിന്റേതായ സവിശേഷതകളുണ്ടു്. അതായതു്, ഓരോ ആശയവും സംക്ഷിപ്തമാണു്. സമഗ്രമാണു്, സുഗ്രാഹ്യവുമാണു്. ഇവയൊക്കെ ഇന്നും പ്രസക്തമാണല്ലോ.

അതുകൊണ്ടു് ആ പഴയ 'ചെറിയ വേദോപദേശം' പുനഃപ്രസാധനം ചെയ്യുക ഉപകാരപ്രദമാണെന്നു് എറണാകുളം അതിരൂപതയിൽ മതബോധനരംഗത്തു പ്രവർത്തിക്കുന്ന പലരും അഭിപ്രായപ്പെടുകയുണ്ടായി.

# I

# സൃഷ്ടി

## നിർമ്മാണം

ഒരു സാധനത്തെ മറെറാന്നായി രൂപാന്തരപ്പെടുത്തുന്നതിനു് നിർമ്മിക്കുക എന്നു പറയുന്നു. ആശാരി മരംകൊണ്ടു് മേശ നിർമ്മിക്കുന്നു എന്നു പറയാം.

ഒരു ആശാരി ''മേശ ഉണ്ടാകട്ടെ'' എന്നു പറഞ്ഞാൽ മേശ ഉണ്ടാകുകയില്ല. പകരം പണിയായുധങ്ങൾ ഉപയോഗിച്ചു് തടികൊണ്ടു് അയാൾ മേശ ഉണ്ടാക്കണം. ''മേശ ഉണ്ടാകട്ടെ'' എന്നു പറയുമ്പോൾ മേശ ഉണ്ടായാൽ ആശാരി മേശ സൃഷ്ടിച്ചുവെന്നു പറയാം. പക്ഷേ ആശാരിക്കു് മേശ സൃഷ്ടിക്കാൻ സാധിക്കുകയില്ലല്ലോ.

## സൃഷ്ടി

യാതൊന്നും ഇല്ലാത്ത ഒരവസ്ഥയിൽനിന്നു് എന്തിനെയെങ്കിലും ഉണ്ടാക്കുന്നതിനാണു് സൃഷ്ടിക്കുക എന്നു പറയുന്നതു്. അതിനു് അനന്തമായ ഒരു ശക്തിയുടെ പ്രവൎത്തനം ആവശ്യമാണു്. അനന്തമായ ആ ശക്തിയാണു് ദൈവം.

ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുകയാണു് ചെയ്തതു്. മുമ്പില്ലാതിരുന്ന ഈ ലോകത്തെ അവിടുന്നു്

തന്റെ അനന്തമായ ശക്തിയാൽ സൃഷ്ടിച്ചു. ''ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.'' (സൃഷ്ടി 1: 1) "ആകാശവും ഭൂമിയും അതിലുള്ള സകല വസ്തുക്കളും നീ കണ്ടാലും. അവയെ ശൂന്യതയിൽനിന്നു് ദൈവം സൃഷ്ടിച്ചതാണെന്നു നീ മനസ്സിലാക്കുക." (2 മക്കബായ 7: 28)

## പ്രപഞ്ചസംവിധായകൻ

ഒരു വാച്ചു കാണുമ്പോൾ അതു് ഏതു കമ്പനിയാണു നിർമ്മിച്ചതെന്നു നാം ചോദിക്കാറുണ്ടു്. 'അതു തനിയെ ഉണ്ടായതാവണം' എന്നു് നാം ഒരിക്കലും പറയാറില്ല.

ഒരു റിസ്റ്റുവാച്ചിൽ മുപ്പതിലധികം ചെറിയ യന്ത്രോപകരണങ്ങൾ ഉണ്ടു്. ഈ യന്ത്രസാമഗ്രികളെല്ലാം ക്രമം തെററാതെ വേണ്ടവിധം ഒരാൾ ഘടിപ്പിച്ചാലേ അതു് ഒരു വാച്ചാവുകയുള്ളു; കൃത്യസമയം കാണിക്കു.

ഒരു വീട്ടു് നിർമ്മിക്കുവാൻ ആവശ്യമുള്ള തടി, കല്ലു്, സിമിൻറു്, കമ്പി തുടങ്ങിയവയെല്ലാം ഒരു സ്ഥലത്തു് എത്ര നാൾ കൂട്ടിയിട്ടിരുന്നാലും ആരെങ്കിലും ഇവ യഥാസ്ഥാനങ്ങളിൽ ശരിയാംവിധം കൂട്ടിച്ചേർത്തു് പണിയാതെ വീട്ടുണ്ടാവുകയില്ല.

എന്നാൽ ഒരു വാച്ചിൻേറയും വീടിൻേറയും നിർമ്മാണത്തിൽ കാണപ്പെടുന്നതിനേക്കാൾ എത്രയോ അധികം ക്രമീകരണവും സംവിധാനവുമാണു് നാം അധിവസിക്കുന്ന ഈ പ്രപഞ്ചത്തിലുള്ളതു്. അതുകൊണ്ടുതന്നെ നമുക്കു മനസ്സിലാക്കുവാൻ കഴിയും, ഈ പ്രപഞ്ചത്തിനാകെ ഒരു സംവിധായകനുണ്ടെന്നു്. ആ സംവിധായകനാണു് ദൈവം.

## ദൈവം—എല്ലാററിൻേറയും സ്രഷ്ടാവു്

ദൈവം മനോഹരമായ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചു. നമ്മോടുള്ള സ്നേഹത്താൽ അവിടുന്നു് പ്രപഞ്ചത്തെ ഏററ

വും അഴകുള്ളതാക്കിത്തീർത്തു പുല്ലിലും പൂവിലും മണ്ണിലും വിണ്ണിലുമെല്ലാം അവിടുത്തെ സംവിധാനമഹിമ നമുക്കു ദർശിക്കാം. ''നിന്റെ വിരലുകളുടെ പണിയായ ആകാശത്തേയും നീ ഉണ്ടാക്കിയ ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കുമ്പോൾ............ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു'' (സങ്കീ. 8: 4–10) കാരണം, ''നീ, നീ മാത്രം കർത്താവു് ആകുന്നു. നീ ആകാശത്തേയും സ്വർഗ്ഗത്തേയും അവയിലെ സകല സൈന്യത്തേയും ഉണ്ടാക്കി" (നെഹെമ്യ 9:6).

## ദൈവം—നമ്മുടെ സ്നേഹപിതാവു്

സ്കൂളിൽ നമുക്കു നിരവധി കൂട്ടുകാരുണ്ടു്. അവർക്കെല്ലാം നമ്മോടു് സ്നേഹം കാണും. എങ്കിലും എല്ലാ കൂട്ടുകാരേയുംകാൾ നമ്മെ ഹൃദയപൂർവ്വം സ്നേഹിക്കുന്നതു് നമ്മുടെ അപ്പച്ചനും അമ്മച്ചിയുമാണു്. നമ്മുടെ എല്ലാക്കാര്യങ്ങളിലും മററാരേയുംകാൾ കൂടുതൽ ശ്രദ്ധിക്കുന്നതു് അവരാണല്ലോ. പക്ഷേ, നമുക്കു മാതാപിതാക്കളും കൂട്ടുകാരും ഉണ്ടായതു് നമ്മെ ദൈവം സൃഷ്ടിച്ചതിനുശേഷം മാത്രമാണു്. നമ്മുടെ ജനനത്തിനുമുമ്പു് നമ്മുടെ അപ്പച്ചനും അമ്മച്ചിയും നമ്മെ സ്നേഹിച്ചിട്ടുണ്ടാവില്ല. എന്നാൽ പ്രിയപ്പെട്ട അപ്പച്ചനും അമ്മച്ചിക്കും നമ്മുടെ സ്നേഹിതന്മാർക്കും മുമ്പേ നമ്മെ അറിഞ്ഞതും സ്നേഹിച്ചതും ദൈവമാണു്. ഇപ്പോൾ ഏററവും അധികം നമ്മെ സ്നേഹിക്കുന്നതും ദൈവംതന്നെ. കാരണം അവിടുന്നു് നമ്മുടെ സ്നേഹപിതാവാണു്.

## ദൈവത്തെ സ്നേഹിക്കുക—നമ്മുടെ കടമ

നമ്മെ സ്നേഹിക്കുന്ന മാതാപിതാക്കളേയും കൂട്ടുകാരേയും നാം ഉള്ളഴിഞ്ഞു് സ്നേഹിക്കുന്നു. അവർക്കു് ഇഷ്ടമില്ലാത്തവ

മനസ്സറിഞ്ഞു നാം ചെയ്യാറില്ല. അതുപോലെതന്നെ നാം നമ്മുടെ സ്നേഹപിതാവായ ദൈവത്തേയും ആത്മാർത്ഥമായി സ്നേഹിക്കണം. അവിടുത്തെ കല്പനകൾ അനുസരിച്ച് പിതാവിനു ഇഷ്ടപ്പെട്ട ജീവിതം നാം നയിക്കണം. എന്നാൽ മാത്രമേ ദൈവം നമുക്കുവേണ്ടി ഒരുക്കിയിട്ടുള്ള നിത്യസൗഭാഗ്യം നമുക്കനുഭവിക്കാൻ കഴിയൂ. കാരണം അതിലേക്കു നമ്മെ നയിക്കുന്നതിനുള്ള മാർഗ്ഗമാണു ദൈവത്തിന്റെ കല്പനകൾ.

## ദൈവത്തെ സ്നേഹിക്കാതിരുന്നാൽ

ദൈവത്തെ ഹൃദയപൂർവ്വം നമ്മൾ സ്നേഹിക്കുന്നെങ്കിൽ അവിടുത്തെ കല്പനകൾ നാം അനുസരിക്കണം (വി. യോഹ. 14: 15) ദൈവകല്പനകൾ അനുസരിക്കാത്തവൻ തന്റെ ജീവിതത്തിന്റെ അന്ത്യലക്ഷ്യമായ നിത്യസൗഭാഗ്യത്തിൽ നിന്നു് അകന്നുപോകുന്നു. അങ്ങനെ അവന്റെ ജീവിതം നിത്യനിർഭാഗ്യമായിത്തീരുന്നു. അതാണു നിത്യശിക്ഷ.

## നിത്യശിക്ഷ

നമ്മുടെ പ്രിയപ്പെട്ട അപ്പച്ചനേയും അമ്മച്ചിയേയും വേർപിരിഞ്ഞു് ഒരു ദിവസംപോലും ജീവിക്കുവാൻ നമുക്കെത്ര പ്രയാസം! എന്നാൽ സ്നേഹം തന്നെയായ ദൈവത്തെ ഒരിക്കലും കാണാൻ കഴിയാത്ത അവസ്ഥയെപ്പററി ചിന്തിച്ചുനോക്കൂ. മനുഷ്യാത്മാവിനു പൂർണ്ണസംതൃപ്തി നല്കുന്നതു ദൈവദർശനവും ദൈവസാമീപ്യവുമാണു്. അതു് ലഭിക്കാതെ പോകുന്ന സ്ഥിതിയെ നരകം എന്നു പറയുന്നു. നിത്യവും നിരന്തരവുമായ ദുഃഖാവസ്ഥയാണതു്.

തന്നെ സ്നേഹിക്കാത്തവരോടു് ലോകാവസാനത്തിൽ ദൈവം ഇങ്ങനെ കല്പിക്കും: ''എന്നിൽനിന്നു് അകന്നു

പോകുവിൻ.'' ദൈവത്തിൽനിന്നുള്ള ഈ അകൽച്ചയാണ് യഥാർത്ഥത്തിൽ നിത്യശിക്ഷ.

മത്സ്യത്തിനു ജീവിക്കുവാൻ വെള്ളം ആവശ്യമാണ്. മനുഷ്യജീവിതത്തിനു പ്രാണവായു കൂടിയേ തീരൂ. അതു പോലെയാണ് മനുഷ്യാത്മാവിനു ദൈവവും. ദൈവത്തിൽനിന്നുള്ള അകൽച്ച മനുഷ്യാത്മാവിനു ദുസ്സഹമാണ്.

ചോദ്യങ്ങൾ:—

1. ദൈവം ആരാകുന്നു?
2. നമ്മുടെ പ്രധാന കടമ എന്താണ്?
3. ദൈവത്തെ സ്നേഹിക്കാതിരുന്നാൽ നമുക്ക് എന്ത് സംഭവിക്കും?
4. നിത്യശിക്ഷ എന്നാൽ എന്താണ്?

# II

# വിശ്വാസപ്രമാണം

കത്തോലിക്കാസഭയുടെ അടിസ്ഥാനപരമായ വിശ്വാസസത്യങ്ങളുടെ ഒരു സംഗ്രഹമാണു് വിശ്വാസപ്രമാണം. നമ്മുടെ പ്രാത്ഥനകളിൽവെച്ചു് ഏററവും പ്രധാനപ്പെട്ടതും മനോഹരവുമായ ഒരു പ്രാർത്ഥനയാണിതെന്നു പറയാം. സൃഷ്ടികമ്മംവഴി വ്യക്തമാക്കിയ പിതാവിൻെറ സ്നേഹവും, മനുഷ്യാവതാരം, കുരിശുമരണം, ഉയിർപ്പു്, മനുഷ്യവഗ്ഗത്തിൻെറ വീണ്ടെടുപ്പു് എന്നിവ മുഖാന്തരം പ്രകടിപ്പിച്ച പുത്രൻെറ സ്നേഹവും, തിരുസ്സഭയിലൂടെ പകർന്നുതരുന്ന പരിശുദ്ധാത്മാവിൻെറ സ്നേഹവും, ഈ വിശ്വാസപ്രമാണത്തിൽ നമുക്കു കാണാം. ക്രിസ്തുവിൻെറ ശ്ലീഹന്മാർ പഠിപ്പിച്ച രക്ഷാകരകമ്മപദ്ധതിയുടെ രത്നച്ചുരുക്കം ഇതിലുള്ളതിനാൽ "ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം" എന്നും ഈ പ്രാർത്ഥനയ്ക്കു പേരുണ്ടു്. കത്തോലിക്കാസഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതുമായ എല്ലാ സത്യങ്ങളുടെയും അടിസ്ഥാനം വിശ്വാസപ്രമാണമത്രെ. അവ നിത്യസത്യങ്ങളും ദിവ്യരഹസ്യങ്ങളുമാണു്.

## ദിവ്യരഹസ്യങ്ങൾ

ദൈവം നമുക്കു വെളിപ്പെടുത്തിത്തരുകയും നാം വിശ്വസിക്കണമെന്നു തിരുസ്സഭ ആവശ്യപ്പെടുകയും ചെയ്യുന്ന രണ്ടു പ്രധാന ദിവ്യരഹസ്യങ്ങൾ ഉണ്ടു്. ഒന്നു്, ദൈവത്തിന്റെ ഏകത്വവും ത്രിത്വവും. രണ്ടു്, ദൈവപുത്രൻെറ മനുഷ്യാ

വതാരവും മരണവും ഉത്ഥാനവും മനുഷ്യവർഗ്ഗത്തിൻെറ പരിത്രാണവും. ഈ ദിവ്യരഹസ്യങ്ങളെ പൂർണ്ണമായി ഗ്രഹിക്കാൻ നമ്മുടെ പരിമിതബുദ്ധിക്കു് അസാദ്ധ്യമായിരിക്കാം. എങ്കിലും മറെറല്ലാ വിശ്വാസസത്യങ്ങളുടേയും അടിസ്ഥാനശിലകൾ ഇവയാകയാൽ ഈ ദിവ്യരഹസ്യങ്ങളെ ദൃഢമായി വിശ്വസിക്കുവാനും ഏററു പറയുവാനും നമുക്കു ചുമതലയുണ്ടു്.

## ഒരു ദൈവം—മൂന്നാളുകൾ

ക്രിസ്തു പലപ്പോഴായി നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ള ഒന്നാണു് ത്രിത്വത്തിൻെറ രഹസ്യം. സ്വഭാവത്തിൽ ദൈവം ഏകനാണെന്നും ഏക ദൈവത്തിൽ മൂന്നാളുകളുണ്ടെന്നാമാണു ദൈവത്തിൻെറ ഏകത്വവും ത്രിത്വവുംകൊണ്ടു് അർത്ഥമാക്കുന്നതു്.

ഒരു സ്വഭാവത്തിൽ മൂന്നാളുകൾ എന്നു കേൾക്കുമ്പോൾ മൂന്നു മനുഷ്യവ്യക്തികളെയാവും നാം സ്മരിക്കുക. എന്നാൽ മനുഷ്യർക്കുള്ളതുപോലെ ദൈവത്തിനു ശരീരമില്ലെന്നും ദൈവം അരൂപിയാണെന്നുമുള്ള കാര്യം നാം ഓർമ്മിക്കണം.

പിതാവു്, പുത്രൻ, പരിശുദ്ധാരൂപി എന്നീ മൂന്നു ദൈവികവ്യക്തികൾ ചേർന്ന ഏക ദൈവമാണു് പരിശുദ്ധ ത്രിത്വം. സൃഷ്ടികർമ്മം പിതാവിൻേറയും പരിത്രാണകർമ്മം പുത്രൻേറയും വിശുദ്ധീകരണകർമ്മം പരിശുദ്ധാരൂപിയുടേയും പ്രവൃത്തികളായി പരിഗണിക്കപ്പെടുന്നു. എങ്കിലും സൃഷ്ടി, പരിത്രാണം, വിശുദ്ധീകരണം എന്നീ മൂന്നു കർമ്മങ്ങളിലും മൂന്നു ദൈവാളുകളും ഒരു ദൈവമെന്ന നിലയിലാണു് പങ്കുകൊള്ളുക. ഏക ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നുള്ള ഈ സത്യം നമ്മുടെ വിശ്വാസസത്യങ്ങളിൽ ഏററവും പ്രധാനപ്പെട്ടതാണു്.

## പരി. ത്രിത്വം—ക്രിസ്തുവിന്റെ വാക്കുകളിൽ

"നിങ്ങൾ പോയി എല്ലാ ജനതകളേയും പഠിപ്പിക്കുകയും പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ." (വി. മത്തായി 28: 19)

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു പേരുകൾ പറയുന്നുണ്ടെങ്കിലും, നാമത്തിൽ എന്ന ഏകവചനമാണ് ക്രിസ്തു ഉപയോഗിച്ചിരിക്കുന്നതു്.

"ഞാൻ പിതാവിനോട്ട് അഭ്യർത്ഥിക്കുകയും അവിടുന്നു മറെറാരാശ്വാസകനെ നിങ്ങൾക്കു അയച്ചുതരികയും ചെയ്യും." (വി. യോഹ. 14: 16)

ഇതിൽ അപേക്ഷകൻ, അയയ്ക്കുന്നവൻ, അയയ്ക്കപ്പെട്ടവൻ എന്നീ മൂന്നാളുകളെ വ്യക്തമായി നാം കാണുന്നു.

## പിതാവായ ദൈവം

പരിശുദ്ധ ത്രിത്വത്തിലെ ഒന്നാമത്തെ വ്യക്തിയാണ് പിതാവായ ദൈവം. എല്ലാറ്റിന്റേയും ഉത്ഭവസ്ഥാനമാണ് ആ പിതാവ്. ഈ പ്രപഞ്ചത്തേയും നമ്മെയെല്ലാവരേയും സൃഷ്ടിച്ചു പരിപാലിച്ചുകൊണ്ടിരിക്കുന്ന സ്നേഹപിതാവാകുന്നു അവിടുന്നു.

"ഞാൻ പിതാവിൽനിന്നും പുറപ്പെട്ടു ലോകത്തിലേക്കു വന്നു. വീണ്ടും ഞാൻ ലോകത്തെവിട്ടു പിതാവിന്റെ അടുക്കലേക്കു പോകുന്നു." (വി. യോഹ. 16: 28)

"പിതാവേ, ലോകം ഉണ്ടാകുന്നതിനുമുമ്പേ എനിക്കു അങ്ങയുടെ അടുക്കലുണ്ടായിരുന്ന മഹത്വത്തോടെ ഇപ്പോഴെന്നെ അങ്ങയുടെ അടുക്കൽ മഹത്വപ്പെടുത്തണമെ."
(വി. യോഹ. 17: 5)

ACHARYA ... LIBRARY ... NDRAM
15640

“എന്നെ കാണുന്നവൻ എൻെറ പിതാവിനേയും കാണുന്നു.’’...ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്നു നിങ്ങൾ വിശ്വസിക്കുന്നില്ലേ?” (വി. യോഹ. 14: 9, 9-10)

## പുത്രനായ ദൈവം

പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളാണ് പുത്രനായ ദൈവം. പിതാവിൽനിന്നു പുറപ്പെടുന്നതുകൊണ്ടാണ് പുത്രൻ പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളാകുന്നത്. പാപം ചെയ്ത് പിതാവിൽനിന്നും അകന്നുപോയ മനുഷ്യമക്കളെ പിതാവിൻെറ സ്നേഹത്തിലേക്ക് കൂട്ടിക്കൊണ്ടുവരാൻ ഭൂമിയിൽ മനുഷ്യനായി അവതരിച്ചതു പുത്രനായ ദൈവമാണ്. അവിടുന്നു നമ്മോടുള്ള സ്നേഹാധിക്യത്താൽ അവസാനത്തുള്ളിരക്തംവരെ നമുക്കായി ചിന്തി, നമ്മെ പാപത്തിൽനിന്നും മോചിപ്പിച്ചു ‘ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു’ നയിച്ചു.

“ആദിയിലേ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം തന്നെയായിരുന്നു. അവിടുന്നു വഴിയാണ് സമസ്തവും ഉണ്ടായതു്. ഉണ്ടായിട്ടുള്ള യാതൊന്നും അവിടുത്തെ കൂടാതെ ഉണ്ടായിട്ടില്ല.’’ (വി. യോഹ. 1: 1-3)

‘‘വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു.” (വി. യോഹ. 1: 14)

## പരിശുദ്ധാത്മാവായ ദൈവം

പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെയാളാണ് പരിശുദ്ധാത്മാവായ ദൈവം. പിതാവിൽനിന്നും പുത്രനിൽനിന്നുമാണു പരിശുദ്ധാത്മാവ് പുറപ്പെടുന്നതു്. പിതാവു

ന്റേയും പുത്രന്റേയും സ്നേഹമായ പരിശുദ്ധാത്മാവ് സകലത്തിന്റേയും വിശുദ്ധീകരണകർത്താവാണ്.

"ഞാൻ പിതാവിൽനിന്നു് അയയ്ക്കുന്നവനും പിതാവിൽനിന്നു പുറപ്പെടുന്ന സത്യാത്മാവുമായ ആശ്വാസകൻ വരുമ്പോൾ ഞാൻ ആരെന്നു സാക്ഷ്യപ്പെടുത്തും."

(വി. യോഹ. 15: 26)

"പരിശുദ്ധാത്മാവിനോടു കള്ളം പറയുകയും പുരയിടം വിററുകിട്ടിയ പണത്തിന്റെ ഒരു ഭാഗം വഞ്ചിച്ചെടുക്കുകയും ചെയ്യുന്നതക്കവിധം നിന്റെ ഹൃദയത്തെ സാത്താൻ എങ്ങനെ സ്വായത്തമാക്കി? മനുഷ്യരോടല്ലാ, ദൈവത്തോടത്രെ നീ വ്യാജം പറയുന്നതു്." (നടപടി 5: 34)

## ഏക ദൈവം

പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണ്. എന്നാൽ മൂന്നുപേരും മൂന്നു ദൈവങ്ങളല്ലാ. മൂവരും കൂടി ഏകദൈവം തന്നെ. മൂന്നു പേൎക്കും ഏകജീവനും ഏക മനസ്സും ഏക സ്വഭാവവുമാണുള്ളതു്. ആ ജീവനിൽ നിന്നും നാം പങ്കുപററുന്നു

"നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു് അങ്ങു് എനിക്കു നല്കിയ മഹത്വം ഞാൻ അവൎക്കു നൽകി." (വി. യോഹ. 17: 22)

"പരിശുദ്ധനായ പിതാവേ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിനു്, അങ്ങു് എനിക്കു ഏല്പിച്ചുതന്നിരിക്കുന്നവരെയെല്ലാം അങ്ങയുടെ നാമത്തിൽ കാത്തുകൊള്ളണമെ" (വി. യോഹ. 17: 11).

"നിങ്ങൾ പോയി എല്ലാ ജനതകളേയും പഠിപ്പിക്കുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ". (വി. മത്താ. 28:19)

## ദൈവത്തിൻെറ ലക്ഷണങ്ങൾ

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയൈക ദൈവത്തിനു് പല ലക്ഷണങ്ങൾ ഉണ്ടു്. അവയിൽ ചില തെങ്കിലും നമുക്കു പഠിക്കാം.

### 1. ദൈവം സ്വയംഭൂവാകുന്നു.

ദൈവത്തെ മററാരും സൃഷ്ടിച്ചതോ ജനിപ്പിച്ചതോ അല്ല. അതുകൊണ്ടാണു് ദൈവം തന്നാൽത്താനായിരിക്കുന്നു അഥവാ സ്വയംഭൂവാകുന്നുവെന്നു നാം പറയുന്നതു്. ഒരു വിത്തിൽനിന്നു മുളച്ചുവന്ന ഒരു ചെടി അതിൻെറ അസ്തിത്വത്തിനു് വിത്തിനെ ആശ്രയിക്കുന്നുണ്ടു്. ആ വിത്താകട്ടെ അതിനു ജീവൻ നൽകിയ ചെടിയേയും ആശ്രയിക്കുന്നു. എന്നാൽ ദൈവം തൻെറ അസ്തിത്വത്തിനു് യാതൊന്നിനേയും ആശ്രയിക്കുന്നില്ല. അവിടുന്നു പറയുന്നു: ''അസ്തിത്വമുള്ളവൻ ഞാനാകുന്നു'' (പുറപ്പാടു് 3:14)

### 2. ദൈവം അനാദിയാകുന്നു.

പ്രപഞ്ചവസ്തുക്കളിൽ ആരംഭവും അവസാനവും ഇല്ലാത്തതായി ഒന്നുമില്ല. എന്നാൽ ദൈവത്തിനു് ആരംഭവും അവസാനവുമില്ല. ദൈവം ഇല്ലാത്ത ഒരവസരം ഉണ്ടായിട്ടില്ല. ഉണ്ടാവുകയുമില്ല. അവിടുത്തെ ഈ നിത്യത്വം നമ്മുടെ ബുദ്ധിക്കു മനസ്സിലാക്കുവാൻ എളുപ്പമല്ല. വിശുദ്ധ അഗസ്റ്റിൻ പറയുന്നു: ''നിത്യമെന്നു പറയുന്നതെന്തോ അതാണു ദൈവം.'' ദൈവത്തിനു ഭൂതകാലവും ഭാവികാലവുമില്ല. എല്ലാ കാര്യങ്ങളിലും. എല്ലാ സംഭവങ്ങളിലും അവിടുത്തേക്കു് വർത്തമാനകാലമാണു്. ആകയാൽ ദൈവം അനാദിയാകുന്നുവെന്നു പറയുന്നു. ''പർവ്വത

ങ്ങൾ നിർമ്മിക്കപ്പെട്ടുന്നതിനുമുമ്പ്, ഭൂമിയ്ക്കു രൂപംകൊടുക്കുന്നതിനുമുമ്പ് അങ്ങ് ആദിയും അന്ത്യവുമില്ലാത്ത ദൈവമാകുന്നു'' (സങ്കീ. 89: 2).

3. ദൈവം അശരീരിയാകുന്നു,

ദൈവത്തിനു് ബുദ്ധിയും മനസ്സും ഉണ്ടു്. എന്നാൽ ശരീരമില്ല. തന്മൂലം ദൈവം അശരീരി അഥവാ അരൂപിയാകുന്നു. ''ദൈവം അരൂപിയാകുന്നു. അവിടുത്തെ ആരാധകർ സത്യമായും ആന്തരികമായും അവിടുത്തെ ആരാധിക്കണം.'' (വി. യോഹ. 4-24)

4. ദൈവം സർവ്വനന്മസ്വരൂപിയാകുന്നു.

എല്ലാ നന്മകളുടേയും പൂർണ്ണതയും കേന്ദ്രസ്ഥാനവും ദൈവമാണു്. "ദൈവം ഒരുവനല്ലാതെ നല്ലവനില്ല." (വി. മർക്കോ. 10: 18).

5. ദൈവം എങ്ങും വ്യാപിച്ചിരിക്കുന്നു.

ബഹിരാകാശങ്ങളിലും പ്രപഞ്ചം മുഴുവനിലും അതിലെ സർവ്വജീവജാലങ്ങളിലും ദൈവത്തിൻെറ സാന്നിദ്ധ്യമുണ്ടു്. ദൈവം അരൂപിയാകയാൽ എല്ലായിടത്തും ഒരേ സമയത്തായിരിക്കുവാൻ അവിടുത്തേക്കു കഴിയും. ''ഞാൻ ആകാശത്തിലും ഭൂമിയിലും നിറഞ്ഞിരിക്കുന്നില്ലയോ?'' (ജെറമിയാസ് 23; 24)

6. സകലത്തിനും ആദികാരണമാകുന്നു.

സകല വസ്തുക്കളെയും ശൂന്യാവസ്ഥയിൽനിന്നാണ് ദൈവം സൃഷ്ടിച്ചതു്. എല്ലാററിൻേറയും ആരംഭം അവിടുന്നാണു്. ''ഞാൻ ആദിയും അവസാനവുമാകുന്നു: ഞാനല്ലാതെ മറെറാരു ദൈവമില്ല.'' (ഇസയാസ് 44: 6)

ചോദ്യങ്ങൾ :—

1. പ്രാത്ഥനകളിൽവെച്ചേററവും പ്രധാനപ്പെട്ട ഒരു പ്രാത്ഥനയാണു് വിശ്വാസപ്രമാണം. എന്തുകൊണ്ടു്?
2. ദിവ്യരഹസ്യങ്ങൾ ഏതൊക്കെയാണു്?
3. ദൈവത്തിൻെറ ഏകത്വവും ത്രിത്വവുംകൊണ്ടു് അത്ഥമാക്കുന്നതെന്തു്?
4. പരിശുദ്ധ ത്രിത്വം എന്നാൽ എന്തു്?
5. പിതാവായ ദൈവം ആരാകുന്നു?
6. പുത്രനായ ദൈവം ആരാകുന്നു?
7. പരിശുദ്ധാത്മാവായ ദൈവം ആരാകുന്നു?
8. പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്നു ദൈവങ്ങളല്ലാ, ഏക ദൈവമാണു് — ഇതു് തെളിയിക്കുന്ന ഒരു ബൈബിൾവാക്യം പറയുക.
9. ദൈവത്തിൻെറ ലക്ഷണങ്ങൾ ഏവ?

# III

# മനുഷ്യാവതാരം

## ആദിമാതാപിതാക്കന്മാരുടെ അധഃപതനം

ആദമാണ് ദൈവം സൃഷ്ടിച്ച ആദ്യത്തെ മനുഷ്യൻ. അവൻെറ സഹകാരിണിയായി ഹവ്വയെ ദൈവം നല്കി. പറുദീസയിലെ പരമസൗഭാഗ്യം ആസ്വദിച്ച ആദിമാതാപിതാക്കന്മാർ ഒരു ദുർബലനിമിഷത്തിൽ സാത്താൻെറ പ്രേരണയാൽ ദൈവകല്പന ലംഘിച്ചു. (സൃഷ്ടി 3: 6), അവർ ദൈവശിക്ഷയ്ക്കു പാത്രീഭൂതരായി. അവക്കും അവരുടെ സന്തതിപരമ്പരകൾക്കും ദൈവികജീവനും ഇതര സ്വാഭാവാതീതനന്മകളും നഷ്ടപ്പെട്ടു.

## ദൈവകാരുണ്യം

കാരുണ്യവാനായ ദൈവം പാപംചെയ്ത മനുഷ്യനെ തീർത്തും കൈവെടിഞ്ഞില്ല. മാനവലോകത്തെ പാപത്തിൻെറ മാലിന്യത്തിൽനിന്നും രക്ഷിക്കുന്നതിനു് അവിടുന്നു തിരുമനസ്സായി. തൻെറ പുത്രനെ അവിടുന്നു ലോകത്തിലേക്കു് അയച്ചു.

“തൻെറ ഏക ജാതനിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ലോകത്തിനുവേണ്ടി തൻെറ സുതനെ നല്ലാൻ തക്കവിധം ദൈവം അത്രമാത്രം ലോകത്തെ സ്നേഹിച്ചു” (വി. യോഹന്നാൻ 3: 16).

''ദൈവം സ്നേഹമാകുന്നു. തൻെറ ഏകജാതൻമൂലം നാം ജീവിക്കേണ്ടതിനു് ദൈവം അവിടുത്തെ ലോകത്തിലേക്കു് അയച്ചു. ഇതിൽനിന്നും ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രകടമായിരിക്കുന്നു" (1 വി. യോഹന്നാൻ 4: 9).

## മനുഷ്യാവതാരം

സ്രഷ്ടാവായ ദൈവത്തിനെതിരായി സൃഷ്ടിയായ മനുഷ്യൻ പാപംചെയ്തു് അവിടുത്തെ നിന്ദിച്ചു. അനന്തമായ ആ പാപത്തിനു തക്ക പരിഹാരം ചെയ്യാൻ പരിമിതനായ മനുഷ്യൻ എത്ര ശ്രമിച്ചാലും സാദ്ധ്യമല്ല. ദൈവത്തോടു തുല്യനായ ഒരാൾക്കു മാത്രമേ ഉചിതമായ പരിഹാരം ചെയ്യുവാൻ കഴിയൂ. എന്നാൽ പാപം ചെയ്തതു മനുഷ്യനാകയാൽ ഒരു മനുഷ്യൻതന്നെവേണം അതിനു പരിഹാരം അനുഷ്ഠിക്കുവാൻ. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി ദൈവപുത്രൻ മനുഷ്യനായി അവതരിക്കേണ്ടതു ആവശ്യമായിവന്നു.

"ദൈവമായ അവിടുന്നു ദൈവത്തോടുള്ള സമാനത മുറുകെപ്പിടിക്കേണ്ട ഒരു കാര്യമായി പരിഗണിക്കാതെ തൻെറ ശക്തിയും മഹത്വവും ഉപേക്ഷിച്ചുകൊണ്ടു്, അടിമയുടെ പ്രകൃതി സ്വീകരിച്ചു് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു" (ഫിലിപ്പി. 2: 6, 7).

## മനുഷ്യാവതാരവാർത്ത

ദാവീദിൻെറ ഗോത്രത്തിൽപ്പെട്ട യൗസേപ്പിനു വിവാഹനിശ്ചയം ചെയ്തിരുന്ന ഒരു കന്യകയുടെ അടുക്കലേക്കു ദൈവം ഗബ്രിയേൽദൂതനെ അയച്ചു. ആ കന്യകയുടെ പേരു മറിയം എന്നായിരുന്നു. ഗലീലായിലെ ഒരു നഗരമായ നസ്രത്തിലാണവർ വസിച്ചിരുന്നതു്. ദൈവദൂതൻ

കന്യകയെ സമീപിച്ചു്, ''നന്മനിറഞ്ഞവളേ, സ്വസ്തി! സ്ത്രീകളിൽ അനുഗ്രഹീതേ; കർത്താവു നിന്നോടുകൂടെ" എന്നു പറഞ്ഞു് അവളെ അഭിവാദ്യം ചെയ്തു. ദൈവ ദൂതൻെറ വാക്കുകൾ കേട്ടു് അവൾ അസ്വസ്ഥചിത്തയായി. ഈ അഭിവാദനത്തിൻെറ അർത്ഥമെന്തെന്നു് അവൾ ആലോചിച്ചു. അപ്പോൾ ദൈവദൂതൻ അവളോടു പറഞ്ഞു: ''മറിയമേ, ഭയപ്പെടേണ്ടാ, ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. ഇതാ! നീ ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. ആ ശിശുവിനു് ഈശോ എന്നു പേരിടണം. അവിടുന്നു മഹാനായിരിക്കും. അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടും.... പരിശുദ്ധാത്മാവ് നിൻെറമേൽ എഴുന്നുള്ളും. അത്യുന്നതൻെറ ശക്തി നിന്നിൽ പ്രവർത്തിക്കും. തന്നിമിത്തം നിന്നിൽനിന്നുത്ഭവിക്കുന്ന പരിശുദ്ധൻ ദൈവപുത്രനെന്നു വിളിക്കപ്പെടും''. ഉടനെ മറിയം വിനയപൂർവ്വം പ്രതിവചിച്ചു: ''ഇതാ കർത്താവിൻെറ ദാസി! നിൻെറ വചനംപോലെ എന്നിൽ സംഭവിക്കട്ടെ'' (വി. ലൂക്കാ 1: 26-38).

## ദൈവപുത്രൻെറ ജനനം

രാജ്യമാസകലമുള്ള ജനങ്ങളുടെ കണക്കെടുക്കണമെന്നു് അന്നത്തെ റോമാ ചക്രവർത്തിയായിരുന്ന അഗസ്റ്റസ് സീസർ കല്പന പുറപ്പെടുവിച്ചു. പേരു ചേർക്കുവാൻ എല്ലാവരും താന്താങ്ങളുടെ നഗരത്തിലേക്കു പൊയ്ക്കൊണ്ടിരുന്നു. യൗസേപ്പു ദാവീദിൻെറ ഗോത്രത്തിലും കുടുംബത്തിലും പെട്ടവനായിരുന്നു. അതിനാൽ തൻെറ പേരു ചേർക്കുന്നതിനുവേണ്ടി ഗലീലായിലെ നസറത്തു നഗരത്തിൽനിന്നും യൂദായിലെ ദാവീദിന്റെ നഗരമായ ബെത്'ലഹമിലേക്കു പുറപ്പെട്ടു. അദ്ദേഹത്തോടുകൂടെ ഗർഭവതിയായ പരിശുദ്ധ കന്യകാമറിയവുമുണ്ടായിരുന്നു. അവർ

പട്ടണത്തിലെത്തിയപ്പോൾ സമയം രാത്രിയായി. രാത്രി കഴിച്ചുകൂട്ടുന്നതിനു് ആരും ആ പാവപ്പെട്ടവർക്ക പാർപ്പിടം നല്കിയില്ല. അതുകൊണ്ടു് അവർ പട്ടണത്തിനു വെളിയിൽ പോയി. അവിടെയുള്ള ഒരു തൊഴുത്തിൽ അവർ വിശ്രമസങ്കേതം കണ്ടെത്തി. അർദ്ധരാത്രിയിൽ മറിയം ദൈവപുത്രനെ പ്രസവിച്ചു. (വി. ലൂക്കാ 2: 1-7).

## ഇടയന്മാരുടെ ഭാഗ്യം

ആ രാത്രിയിൽ ബെത്'ലഹം കുന്നുകളിലെ പുൽത്തകിടികളിൽ ഇടയന്മാർ ആട്ടുകളേയും കാത്തു കഴിയുകയായിരുന്നു. പെട്ടെന്നു് ഒരു പ്രകാശവലയം അവർ ദർശിച്ചു. ഉടനെ ഒരു ദൈവദൂതൻ അവർക്ക പ്രത്യക്ഷപ്പെട്ടു. അവർ ഭയന്നുവിറച്ചു. ദൈവദൂതൻ അവരോടു പറഞ്ഞു: "നിങ്ങൾ ഭയപ്പെടേണ്ടാ. ഇതാ, ലോകത്തിനു മുഴുവൻ ആനന്ദദായകമായ ഒരു സദ്'വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു: ഇന്നു ദാവീദിൻെറ നഗരത്തിൽ നിങ്ങൾക്കു് ഒരു രക്ഷകൻ, കർത്താവായ മിശിഹാ, ജനിച്ചിരിക്കുന്നു." ദിവ്യശിശുവിനെ കണ്ടുപിടിക്കുന്നതിനുള്ള ഒരു അടയാളവും മാലാഖാ അവർക്ക പറഞ്ഞുകൊടുത്തു: "പിള്ളക്കച്ചയിൽ പൊതിഞ്ഞു പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും. ഇതായിരിക്കും നിങ്ങൾക്കുള്ള അടയാളം". ഈ വിസ്മയനീയമായ കാഴ്ച കണ്ടു" ആട്ടിടയന്മാർ പരസ്പരം പറഞ്ഞു: "നമുക്ക ബെത്'ലഹം വരെ പോകാം. കർത്താവു വെളിപ്പെടുത്തിയ ഈ രഹസ്യം നമുക്ക കാണാം". അവർ അതിവേഗം പോയി. മറിയത്തേയും യൗസേപ്പിനേയും പുൽത്തൊട്ടിയിൽ കിടന്നിരുന്ന പൊന്നുണ്ണിയേയും ആട്ടിടയന്മാർ കണ്ടു. ശിശുവിനെ അവർ മുട്ടുകുത്തി ആരാധിച്ചു. ദൈവം തങ്ങൾക്ക നല്കിയ ഈ മഹാഭാഗ്യത്തിനു നന്ദി പറയുകയും ചെയ്തു. (വി. ലൂക്കാ 2: 8-20).

ദൈവപുത്രൻെറ ജനനത്തിനുശേഷം എട്ടാംദിവസം മോശയുടെ നിയമമനുസരിച്ച് യൗസേപ്പ് ശിശുവിനു് ഈശോ എന്നു പേരു കൊടുത്തു, (വി. ലൂക്കാ 2: 21)

## ഈശോ ശെമയോൻെറ കരങ്ങളിൽ

നാല്പതാം ദിവസം യൗസേപ്പും മറിയവും ഈശോയെ ജെറൂസലം ദൈവാലയത്തിൽ കൊണ്ടുപോയി ദൈവത്തിനു സമർപ്പിച്ചു. അക്കാലത്തു് ജെറുസലത്തു ശെമയോൻ എന്നൊരു വയോധികൻ ജീവിച്ചിരുന്നു. നീതിമാനും ദൈവഭക്തനുമായിരുന്നു അദ്ദേഹം. ലോകത്തിലേക്കു് ദൈവം അയയ്ക്കുന്ന രക്ഷകനെ കണ്ടല്ലാതെ മരിക്കുകയില്ലെന്നു പരിശുദ്ധാത്മാവു് അദ്ദേഹത്തിനു മുന്നറിവു നല്കിയിരുന്നു. ദൈവപ്രേരണയാൽ അദ്ദേഹം ഈശോയുടെ അരികെ വരികയും അത്യധികം സന്തോഷത്തോടെ ശിശുവിനെ കരങ്ങളിലെടുക്കുകയുംചെയ്തു. ശെമയോൻ ഈശോയുടെ അമ്മയോടു പറഞ്ഞു: "ഈ ശിശു ഇസ്രായേലിൽ അനേകരുടെ അധഃപതനത്തിനും അനേകരുടെ ഉന്നമനത്തിനുമായി നിയുക്തനായിരിക്കുന്നു." (വി. ലൂക്കാ 2: 25-35)

## പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികൾ

ബെത്ലഹമിൽ ഈശോ പിറന്നപ്പോൾ പൗരസ്ത്യദേശത്തുനിന്നു ചില ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ജെറൂസലമിലെത്തി. അക്കാലത്തു യഹൂദരുടെ രാജാവു ഹേറോദേസ് ആയിരുന്നു. അവർ രാജാവിനോടു ചോദിച്ചു: "യഹൂദന്മാർക്കു ജനിച്ച രാജാവു് എവിടെയാണു്? കിഴക്കു് അവിടുത്തെ നക്ഷത്രം കണ്ടതിനാൽ ആ ദിവ്യശിശുവിനെ ആരാധിക്കുവാൻ ഞങ്ങൾ വന്നിരിക്കുന്നു." ഇതു കേട്ടപ്പോൾ രാജാവു ഭയന്നു. പുതിയൊരു രാജാവുണ്ടായാൽ തൻെറ

രാജത്വം നഷ്ടപ്പെട്ടുമല്ലോയെന്നു് അദ്ദേഹം വിചാരിച്ചു. ആകയാൽ ഹേറോദേസ് അവരോടു കല്പിച്ചു: "നിങ്ങൾ പോയി ആ ദിവ്യശിശുവിനെപ്പററി സൂക്ഷ്മമായി അന്വേഷിക്കുവിൻ; ശിശുവിനെ കണ്ടെത്തിയശേഷം വന്നു വിവരം എന്നേയും അറിയിക്കണം. എനിക്കും പോയി ആ ഉണ്ണിയെ വന്ദിക്കണം." രാജാവിൻെറ ഉദ്ദേശ്യം ആ ശിശുവിനെ വന്ദിക്കുകയല്ലാ, പിന്നെയോ വധിക്കുകയായിരുന്നു. ഹേറോദേസ് പറഞ്ഞതൊക്കെ കേട്ടശേഷം ശാസ്ത്രജ്ഞന്മാർ ബെത്ലഹമിലേക്കു പുറപ്പെട്ടു. അവിടെ അവർ ഈശോയെ കണ്ടെത്തി. അവർ മുട്ടുകുത്തി ദിവ്യശിശുവിനെ ആരാധിച്ചു തങ്ങൾ കൊണ്ടുവന്നിരുന്ന സ്വർണ്ണവും മീറയും കുന്തുരുക്കവും അവിടുത്തേക്കു് അവർ കാഴ്ച സമർപ്പിച്ചു. (വി. മത്തായി 2: 1-11).

## മടക്കയാത്ര

ഹേറോദേസിൻെറ അടുക്കലേക്കു് മടങ്ങിപ്പോകരുതെന്നു് ഒരു മാലാഖാവഴി ദൈവം ആ ശാസ്ത്രജ്ഞന്മാരെ അറിയിച്ചു. അതനുസരിച്ചു് അവർ മറെറാരു മാർഗ്ഗത്തിലൂടെ സ്വദേശത്തേക്കു തിരിച്ചുപോയി. (വി. മത്താ. 2:12)

## തിരുക്കുടുംബം ഈജിപ്റ്റിലേക്കു്

അവർ പോയതിനുശേഷം ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു യൗസേപ്പിനോടു പറഞ്ഞു: "ഈശോയോടും മറിയത്തോടുംകൂടി വേഗം നീ ഈജിപ്റ്റിലേക്കു പോകുക. ഞാൻ വീണ്ടും അറിയിക്കുന്നതുവരെ അവിടെ നിങ്ങൾ താമസിക്കുക." യൗസേപ്പ് ദൈവകല്പന അനുസരിച്ചു. അപ്പോൾത്തന്നെ ശിശുവിനേയും അവിടുത്തെ അമ്മയേയും കൂട്ടിക്കൊണ്ടു് ഈജിപ്റ്റിലേക്കു പോയി. (വി. മത്തായി 2:13, 14).

## ശിശുക്കളുടെ കൂട്ടക്കൊല

ശാസ്ത്രജ്ഞന്മാർ തിരിച്ചുവരാതായപ്പോൾ ഹേറോദേസിനു് മനസ്സിലായി താൻ വഞ്ചിതനായെന്നു്. അദ്ദേഹം കോപംകൊണ്ടു ജ്വലിച്ചു. ഈശോയെ എങ്ങനെയെങ്കിലും കൊല്ലണമെന്നായി പിന്നത്തെ ആലോചന. ഈശോയുടെ ജനനസമയത്തെപ്പററി ശാസ്ത്രജ്ഞന്മാരിൽനിന്നു ലഭിച്ച അറിവിൻെറ അടിസ്ഥാനത്തിൽ അദ്ദേഹം ബെത്‌ലഹമിലേക്കു പട്ടാളക്കാരെ അയച്ചു. അവർ ബെത്‌ലഹമിലും പരിസരങ്ങളിലുമുണ്ടായിരുന്ന രണ്ടു വയസ്സിനു താഴെ ഉള്ള എല്ലാ ആൺകുട്ടികളേയും വധിച്ചു. (വി. മത്തായി 2:16-18)

## വീണ്ടും നസ്രത്തിലേക്കു്

ഹേറോദേസിൻെറ മരണശേഷം ദൈവത്തിൻെറ ദൂതൻ യൗസേപ്പിനു് ഈജിപ്‌ററിൽവെച്ചു പ്രത്യക്ഷപ്പെട്ടു പറഞ്ഞു: ‘‘ശിശുവിനേയും അവിടുത്തെ മാതാവിനേയും കൂട്ടിക്കൊണ്ടു് ഇസ്രായേൽ ദേശത്തേക്കു തിരികെപ്പോകുക.’’ യൗസേപ്പു് ഉടനെ ദൈവദൂതനെ അനുസരിച്ചു് ഇസ്രായേൽ ദേശത്തേക്കു പോയി. അവർ നസ്രത്തിലെത്തി താമസമാക്കി. (വി. മത്തായി 2:19-23)

## ഈശോ വേദജ്ഞാനികളുടെ നടുവിൽ

യൗസേപ്പും മറിയവും പെസഹാത്തിരുന്നാളിനു് ജെറൂസലേമിൽ പോവുക പതിവായിരുന്നു, ഒരു പ്രാവശ്യം അവരോടൊന്നിച്ചു് ഈശോയും ഉണ്ടായിരുന്നു. അന്നു് ഈശോയ്ക്കു പന്ത്രണ്ടു വയസ്സാണു്. യൗസേപ്പും മറിയവും തിരുന്നാൾകഴിഞ്ഞു മടങ്ങിപ്പോന്നു എന്നാൽ ബാലനായ ഈശോ ജെറൂസലേമിൽത്തന്നെ താമസിച്ചു. ഈ വിവരം

മാതാവും വളർത്തുപിതാവും അറിഞ്ഞില്ല. ഈശോ സഹയാത്രക്കാരുടെ കൂടെ ഉണ്ടാകുമെന്നു് അവർ വിചാരിച്ചു. അന്വേഷണത്തിൽ ഈശോ അവരുടെ കൂടെയും ഇല്ലെന്നു മനസ്സിലായി. അപ്പോൾ അവർ ഈശോയെ അന്വേഷിച്ചു ജെറൂസലേമിലേയ്ക്കുതന്നെ വീണ്ടും തിരിച്ചു. മൂന്നുദിവസങ്ങൾക്കുശേഷം ദൈവാലയത്തിൽവെച്ചു് അവർ അവിടുത്തെ കണ്ടുമുട്ടി. അവിടുന്നു് വേദപണ്ഡിതന്മാരുമായി ദൈവികകാര്യങ്ങളെപ്പററി വാദപ്രതിവാദം നടത്തുകയായിരുന്നു. അതു കണ്ടപ്പോൾ അവക്കു് അത്ഭുതവും ആനന്ദവും അനുഭവപ്പെട്ടു. ഈശോ ഉടനെ അവരുടെ കൂടെ നസ്രത്തിലേയ്ക്കു മടങ്ങി. (വി. ലൂക്കാ 2: 41-51).

## രഹസ്യജീവിതം

ഈശോ മുപ്പതുവയസ്സുവരെ നസ്രത്തിൽ തൻെറ അമ്മയുടേയും വളത്തുപിതാവിൻേറയുംകൂടെ, അവരുടെ ആഗ്രഹങ്ങളും ആജ്ഞകളും അനുസരിച്ചു ജീവിച്ചു. ദൈവത്തിൻെറ അനുഗ്രഹം എപ്പോഴും അവിടത്തോടുകൂടി ഉണ്ടായിരുന്നു. അവിടുന്നു ജ്ഞാനംകൊണ്ടു നിറഞ്ഞു. (വി. ലൂക്കാ 2: 52) ഈശോയുടെ രഹസ്യജീവിതം അനുസരണയുടേയും വരപ്രസാദപൂണ്ണതയുടേയും ഉത്തമമാതൃകയായിരുന്നു.

## സ്നാപകയോഹന്നാൻ

സഖറിയാസിൻേറയും ഏലീശ്വായുടേയും ഓമനമകനായിരുന്നു സ്നാപകയോഹന്നാൻ. ഈശോയുടെ ജനനത്തിനു മുമ്പു് ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനായിരുന്നു അദ്ദേഹം. അരയിൽ ഒരു തോൽവാറു ചുറ്റി ഒട്ടകരോമംകൊണ്ടുള്ള ഉടുപ്പും ധരിച്ചു യൂദയായിലെ മരുപ്രദേശത്തുവന്നു അദ്ദേഹം പ്രസംഗിച്ചു: "പശ്ചാ

ത്തപിക്കുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.'' ജെറുസലേമിലെയും യൂദയാ മുഴവനിലെയും ജോർദ്ദനാൻെറ പരിസരപ്രദേശങ്ങളിലെയും ജനങ്ങളെല്ലാം അദ്ദേഹത്തിൻെറ അടുക്കലെത്തി; തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞു. ജോർദ്ദനാൻനദിയിൽവച്ച് അദ്ദേഹം അവരെ ജ്ഞാനസ്നാനപ്പെടുത്തി. (വി. മത്തായി 3: 1-6)

## പരസ്യജീവിതം

ഈ അവസരത്തിൽ യോഹന്നാനിൽനിന്നു ജ്ഞാനസ്നാനം സ്വീകരിക്കാൻ ഈശോ ഗലീലായിൽനിന്നും ജോർദ്ദനാനിൽ യോഹന്നാൻെറ മുമ്പിലെത്തി സ്നാപകയോഹന്നാൻ ഈശോയ്ക്ക് ജ്ഞാനസ്നാനം നല്കി. അപ്പോൾ പരിശുദ്ധാത്മാവ് പ്രാവിൻെറ രൂപത്തിൽ ഈശോയുടെ മേൽ എഴുന്നെള്ളിവന്നു. (വി. ലൂക്കാ 3; 22) അവിടുത്തെ പരസ്യജീവിതത്തിൻെറ ആരംഭമായിരുന്നു അത്. പിന്നീട് ഈശോ മരുഭൂമിയിലേക്കുപോയി. അവിടെ നാല്പതു രാവും നാല്പതു പകലും ഉപവസിച്ചു. ധ്യാനത്തിലും പ്രാർത്ഥനയിലും മുഴുകിക്കൊണ്ടു പരസ്യജീവിതത്തിനു് അവിടുന്നു പ്രത്യേകം ഒരുങ്ങി.

ഈശോയുടെ ജീവിതത്തിലെ അവസാനത്തെ മൂന്നു വർഷമാണ് അവിടുത്തെ പരസ്യജീവിതകാലം. ആ കാലത്തു ദൈവത്തെപ്പറ്റിയും ദൈവനീതിയെക്കുറിച്ചും ഈശോ ധാരാളം പ്രസംഗിച്ചു. നിരവധി അത്ഭുതങ്ങളും അവിടുന്നു പ്രവർത്തിച്ചു ഇക്കാലത്തു്. മററുള്ളവർക്കു നന്മചെയ്തുകൊണ്ടു പലസ്തീനായിലുടനീളം ഈശോ സഞ്ചരിച്ചു. അവിടുത്തെ ദൈവത്വം അനേകം അത്ഭുതങ്ങൾവഴി തെളിയിച്ചു. ഈശോയുടെ അധരങ്ങളിൽനിന്നു പുറപ്പെട്ട ദിവ്യസൂക്തങ്ങൾ ആയിരക്കണക്കിനു ജനങ്ങളെ തന്നിലേക്കു് ആകർഷിച്ചു.

## അപ്പസ്തോലന്മാർ

തൻെറ ശിഷ്യഗണത്തിൽനിന്നു പന്ത്രണ്ടുപേരെ ഈശോ പ്രത്യേകം തെരഞ്ഞെടുത്തു. അവരിൽ ശെമയോനെ ക്രിസ്തു അവരുടെ നേതാവാക്കി. തൻെറ സഭാസൗധം പടുത്തുയർത്തുവാനുള്ള അടിസ്ഥാനശിലയെന്ന നിലയിൽ അദ്ദേഹത്തിനു പാറയെന്നർത്ഥമുള്ള കേപ്പാ അഥവാ പത്രോസ് എന്ന പേരു് അവിടുന്നു നല്കി. മിശിഹാ തെരഞ്ഞെടുത്ത മററു ശ്ലീഹന്മാർ അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, പീലിപ്പോസ്, ബർത്തലൂമ്മാ, തോമസ്, മത്തായി, ജെയിംസ്, തദേവൂസ്, സൈമൺ, യൂദാസ്കറിയോത്താ എന്നിവരാണു്. (വി ലൂക്കാ 6: 13-16)

## വിരോധികൾ

അദ്ധ്വാനിക്കുന്നവരേയും ഭാരം വഹിക്കുന്നവരേയും സ്നേഹിച്ച ഈശോയെ ജനങ്ങൾ കലവറ കൂടാതെ സ്നേഹിച്ചു. എന്നാൽ അനീതിയേയും ചൂഷണത്തേയും അന്ധവിശ്വാസത്തേയും എതിർത്ത ഈശോയെ സ്ഥാപിതതാല്പര്യക്കാരായ അന്നത്തെ പുരോഹിതവിഭാഗവും ജനപ്രമാണിമാരും വെറുത്തു. ഈശോയെ വധിക്കുവാൻ അവർ തക്കംപാർത്തിരുന്നു.

## യൂദാസിൻെറ വഞ്ചന

ഈ അവസരത്തിലാണു് ഈശോയെ ഒറ്റിക്കൊടുക്കാമെന്ന കരാറിന്മേൽ യൂദാസ്കറിയോത്താ പുരോഹിതപ്രമാണികളിൽനിന്നു മുപ്പതു വെള്ളിനാണയങ്ങൾ വാങ്ങിയതു്. (വി. മത്താ. 26: 15) അന്ത്യഅത്താഴത്തിനുശേഷം ഈശോ ഗെത്സെമൻ തോട്ടത്തിൽ രാത്രി പ്രാർത്ഥിച്ചുകൊണ്ടിരുന്ന

പ്പോൾ ഈശോയുടെ ശത്രുക്കളുടെ അകമ്പടിയോടെ യൂദാസ് അവിടെ എത്തി. ഗുരുവിൻെറ കവിളിൽ ചുംബിച്ചുകൊണ്ടു് അയാൾ അവിടുത്തെ ശത്രുക്കൾക്കു കാണിച്ചുകൊടുത്തു. (വി. ലൂക്കാ 22: 48)

## പീഡാനുഭവം

ആ അക്രമികൾ ഈശോയുടെ മുഖത്തു തുപ്പി. അവർ അവിടുത്തെ പലവിധത്തിൽ മർദ്ദിച്ചു. ചമ്മട്ടികൊണ്ടടിച്ചു ദേഹമാകെ വ്രണപ്പെടുത്തി. വിചാരണപ്രഹസനങ്ങൾ നടത്തി കൊലയ്ക്കു വിധിച്ചു. എല്ലാം നിയമവിരുദ്ധമായി അവർ ചെയ്തു, മുൾമുടി ശിരസ്സിൽ അടിച്ചുകയറ്റി. ഭാരമേറിയ ഒരു കുരിശു് ഈശോയുടെ തോളിലേററി. ഗാഗുൽത്താമലവരെ അതു് അവിടുത്തെകൊണ്ടു ചുമപ്പിച്ചു. അവസാനം നഗ്നനായി ക്രിസ്തുവിനെ അവർ കുരിശിൽ തറച്ചു. എങ്കിലും അന്ത്യനേരത്തും ഈശോ അവർക്കുവേണ്ടി പ്രാർത്ഥിച്ചു: ''പിതാവേ, ഇവർ ചെയ്യുന്നതെന്താണെന്നു് ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിക്കണമേ." (വി. ലൂക്കാ. 23; 34)

അധികം താമസിച്ചില്ല, സൂര്യൻ ഇരുണ്ടു; ദേവാലയത്തിലെ തിരശ്ശീല നടുവേ കീറി. ''പിതാവേ, അങ്ങയുടെ തൃക്കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു'' എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു് ഈശോ പ്രാണൻ വെടിഞ്ഞു. (വി. ലൂക്കാ. 23: 45)

## ക്രിസ്തുവിൻെറ ഉത്ഥാനം

ഈശോയെ ക്രൂശിച്ച സ്ഥലത്തുതന്നെ ഒരു തോട്ടവും ആ തോട്ടത്തിൽ ആരേയും സംസ്കരിച്ചിട്ടില്ലാതിരുന്ന ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. ആ കല്ലറയിൽ ഈശോ

യുടെ ശരീരം സംസ്കരിക്കപ്പെട്ടു. (വി യോഹന്നാൻ 19:42) എന്നാൽ മൂന്നാം ദിവസം അവിടുന്നു് ഉയിർത്തെഴുന്നേററു. (വി. മർക്കോസ് 16: 6,7) ഉത്ഥാനംചെയ്ത ഈശോ പലക്കും പല പ്രാവശ്യം പ്രത്യക്ഷനായി. ശിഷ്യന്മാർക്കു് ഇടയ്ക്കിടെ പ്രത്യക്ഷപ്പെട്ടു് അവരുടെ ദിവ്യപ്രേഷിതവൃത്തിക്കാവശ്യമായ കൂടുതൽ നിർദ്ദേശങ്ങൾ നല്കി.

## സ്വർഗ്ഗാരോഹണം

ഉയിർത്തെഴുന്നേററ ഈശോ നാല്പതുദിവസം ഭൂമിയിൽ കഴിച്ചുകൂട്ടി. മനുഷ്യരെ ദൈവവുമായി ഐക്യപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളായ വിശുദ്ധ കൂദാശകളെല്ലാം ശിഷ്യന്മാർക്കു് ഈശോ ഇതിനിടയിൽ മനസ്സിലാക്കിക്കൊടുത്തു. നാല്പതാം ദിവസം അവിടുന്നു് അപ്പസ്തോലന്മാർക്കും മററു ശിഷ്യന്മാർക്കും തൻെറ അവസാന നിർദ്ദേശങ്ങൾകൂടി നല്കി. തനിക്കും തൻെറ പ്രബോധനങ്ങൾക്കും സാക്ഷ്യം വഹിക്കുവാൻ അവരെ ആവർത്തിച്ചുദ്ബോധിപ്പിച്ചു. അതിനുശേഷം അവർ നോക്കിനില്ക്കേ ഈശോ സ്വർഗ്ഗത്തിലേക്കുയർന്നു് അപ്രത്യക്ഷനായി. (നടപടി 1: 9–10)

## ഈശോ ദൈവമാകുന്നു

ഈശോമിശിഹാ* ദൈവമാകുന്നു. എന്തെന്നാൽ താൻ ദൈവമാകുന്നുവെന്നു പലവട്ടം അവിടുന്നു പ്രഖ്യാപിച്ചിട്ടുണ്ടു്: "ഈശോയെ ബന്ധിച്ചു പ്രധാന പുരോഹിതൻെറ

---

* ഈശോ എന്ന വാക്കിനു രക്ഷകൻ എന്നും മിശിഹാ എന്ന വാക്കിനു പൂശപ്പെട്ടവൻ എന്നുമാണർത്ഥം. പാപത്തിൽനിന്നും നമ്മെ രക്ഷിച്ചതിനാൽ ദൈവസുതൻ നമ്മുടെ രക്ഷകനാണു്. തൻെറ ദൈവത്വംകൊണ്ടു് മനുഷ്യത്വത്തെ അഭിഷേകം ചെയ്തതിനാൽ അവിടുന്നു മിശിഹായും (അഭിഷിക്തൻ) ആകുന്നു.

പക്കൽകൊണ്ടുവന്നു. പ്രധാന പുരോഹിതൻ ഈശോയോടു ചോദിച്ചു: "നീ വാഴ്ത്തപ്പെട്ടവൻെറ പുത്രനായ മിശിഹാ ആകുന്നുവോ?" ഈശോ ഉത്തരമരുളി: "അതേ. മനുഷ്യ പുത്രൻ സർവ്വശക്തൻെറ വലത്തുവശത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ എഴുന്നള്ളിവരുന്നതും നിങ്ങൾ കാണും" (വി. മർക്കോസ് 14: 62) ഉടനെ പ്രധാന പുരോഹിതൻ തൻെറ വസ്ത്രങ്ങൾ വലിച്ചുകീറിക്കൊണ്ടു പറഞ്ഞു: "ഇവൻ ദൈവദൂഷണം പറഞ്ഞിരിക്കുന്നു. ഇനി നമുക്കെന്തിനാണ് സാക്ഷികൾ?" (വി. മത്തായി 26: 65)

ഈശോയുടെ മരണത്തിൻെറ തലേദിവസം. പീലിപ്പോസ് അവിടുത്തോട് അഭ്യർത്ഥിച്ചു: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണമേ" ഈശോ ഉത്തരമരുളി: "ഇത്രയേറെക്കാലം ഞാൻ നിങ്ങളോടുകൂടെയായിരുന്നിട്ടും നിങ്ങൾക്കെന്നെ മനസ്സിലായില്ലെന്നോ? പീലിപ്പോസേ, എന്നെ കാണുന്നവൻ എൻെറ പിതാവിനേയും കാണുന്നു.........ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്നു നിങ്ങൾ വിശ്വസിക്കുന്നില്ലേ? ഇല്ലെങ്കിൽ എന്റെ പ്രവൃത്തികൾ നിമിത്തമെങ്കിലും വിശ്വസിക്കുവിൻ."

(വി. യോഹ. 14: 8-11)

താൻ ദൈവമാണെന്നു പ്രസ്താവിക്കുക മാത്രമല്ലാ, ഈ പ്രസ്താവനയെ അനേകം അത്ഭുതങ്ങളാൽ ഈശോ തെളിയിക്കുകയും ചെയ്തിട്ടുണ്ട്: അവിടുന്ന് വെള്ളം വീഞ്ഞാക്കി; രോഗികളെ സുഖപ്പെടുത്തി: മരിച്ചവരെ ഉയിർപ്പിച്ചു; സർവ്വോപരി മരിച്ചവരിൽനിന്നും സ്വയം ഉയിർത്തെഴുന്നേററു.

## ഈശോ മനുഷ്യനുമാകുന്നു

ഈശോമിശിഹാ മനുഷ്യനുമാണ്. കാരണം അവിടുത്തേക്കും നമ്മുടേതുപോലുള്ള ഒരാത്മാവും ശരീരവും

ഉണ്ടായിരുന്നു. സാധാരണ മനുഷ്യരെപ്പോലെതന്നെ അവിട്ടത്തേയും ഒരു മാതാവു പ്രസവിച്ചു. ഈശോ ഭക്ഷണം കഴിച്ചു ജീവിച്ചു. ദുഃഖിതരോടൊത്തു് കരഞ്ഞു; കഷ്ടപ്പാടുകൾ സഹിച്ചു. യൂദയായിൽ സഞ്ചരിച്ചു പ്രസംഗിച്ചു. അവസാനം മരണം കൈവരിച്ചു. ഇവയെല്ലാം അവിടുന്നു മനുഷ്യനായിരുന്നുവെന്നതിന്നു തെളിവാണു്.

## ഏക ആൾ—രണ്ടു സ്വഭാവങ്ങൾ

ഈശോമിശിഹായിൽ ഒരൊററ ആൾ മാത്രമേയുള്ളു. ആ ആൾ ദൈവ ആൾ ആണു്.

ഈശോയിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ടു്. മനുഷ്യനായി അവതരിച്ചപ്പോൾ ഈശോയുടെ ദൈവസ്വഭാവം നഷ്ടപ്പെട്ടില്ല. പിന്നെയോ മനുഷ്യസ്വഭാവംകൂടി അവിടുത്തോടു ചേരുകയാണുണ്ടായതു്. ഒരാളിൽ രണ്ടു സ്വഭാവങ്ങൾ എങ്ങനെ സ്ഥിതിചെയ്യുന്നുവെന്നു പൂർണ്ണമായി മനസ്സിലാക്കുവാൻ മനുഷ്യബുദ്ധിക്കു് അസാദ്ധ്യമാണു്.

## രക്ഷാകരകർമ്മം

ആദിമാതാപിതാക്കൾ ദൈവത്തിനെതിരായി ചെയ്ത പാപം നിമിത്തം അവക്കു നിത്യസൗഭാഗ്യം നഷ്ടപ്പെട്ടു. അവർ നിത്യശിക്ഷയ്ക്കു അർഹരായി. ദൈവനീതിക്കു ചേർന്നവിധം ആ പാപത്തിന്നു തൻെറ പീഡാനുഭവവും കുരിശുമരണവുംവഴി പരിഹാരംചെയ്തു്, നമ്മെ പാപത്തിൽനിന്നും രക്ഷിച്ചു്, നമുക്കു ദൈവികജീവൻ നേടിത്തരുകയാണു് ഈശോ ചെയ്തതു്. ഈശോയുടെ ഈ പ്രവൃത്തിയാണു രക്ഷാകരകർമ്മം.

## ഈശോയുടെ രണ്ടാമത്തെ വരവ്

ലോകാവസാനനാളിൽ നല്ലവരേയും പാപികളേയും വിധിക്കുന്നതിനായി മഹാ പ്രഭയോടെ ഈശോ വീണ്ടും ലോകത്തിൽ വരും. അന്ന് ഓരോ മനുഷ്യനും അവനവൻെറ പ്രവൃത്തികളുടെ ഗുണദോഷങ്ങളനുസരിച്ചുള്ള സമ്മാനമോ ശിക്ഷയോ അവിടുന്നു നല്കും. (വി. മത്തായി 25: 31–46).

## ഈശോയും നാമും

ഈശോ നമുക്കുവേണ്ടിയാണു ലോകത്തിലേക്കു വന്നതു്. വെറും ഒരു സാധാരണ മനുഷ്യനെന്ന നിലയിൽ ജീവിതം മുഴുവൻ എല്ലാവർക്കും എല്ലാമായി അവിടുന്നു ചെലവഴിച്ചു. അവസാനത്തുള്ളി രക്തംവരെ നമുക്കായി അവിടുന്നു ചിന്തി. അതുപോലെ നാമും ഈശോയ്ക്കുവേണ്ടി ജീവിക്കുവാനും മരിക്കുവാനും തയ്യാറാവണം. എങ്കിലേ അവിടുത്തോടൊന്നിച്ച് ഉയിർക്കുവാൻ നമുക്കും സാധിക്കുകയുള്ളൂ. കാരണം "ഈശോമിശിഹായിൽ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാം അവിടുത്തെ മരണത്തിലും പങ്കുകാരാകാൻവേണ്ടിയാണു ജ്ഞാനസ്നാനം സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടെ? ജ്ഞാനസ്നാനംവഴി നാം അവിടുത്തോടുകൂടെ മൃതരായി സംസ്കരിക്കപ്പെട്ടനു. മിശിഹാ മരിച്ചതിനുശേഷം പിതാവിൻെറ മഹത്വത്തോടെ ഉയിർത്തെഴുന്നേററു. അതുപോലെ നാമും ഒരു പുതിയ ജീവിതം നയിക്കണം" (റോമാ 6: 3-4). ആകയാൽ നമുക്കു മിശിഹായോടുകൂടി മരിക്കാം; അവിടുത്തോടുകൂടി ജീവിക്കാം. (റോമ. 6: 8)

## പരിശുദ്ധ കന്യകാമറിയം

തൻെറ അമ്മ ആരായിരിക്കണമെന്നു ദൈവപുത്രൻ മുൻകൂട്ടിക്കണ്ടു. അതുകൊണ്ടു പാപസ്പർശമേല്ക്കാതെയാണ് പരിശുദ്ധ കന്യകാമറിയം പിറന്നതു്. പാപരഹിതയായിത്തന്നെ അവൾ വളന്നു. വിശുദ്ധിയുടെ പാരമ്യത്തിൽ ജീവിച്ചു. തൻെറ കന്യകാത്വത്തിനു ഭംഗംവരാതെ അവൾ പരിശുദ്ധാത്മാവിയുടെ പ്രവൃത്തി*യാൽ ദൈവപുത്രനെ ഗർഭം ധരിച്ചു. സമയത്തികവിൽ അവൾ ദൈവസുതനെ പ്രസവിച്ചു. അങ്ങനെ അവൾ ദൈവമാതാവായി. രക്ഷാകരകർമ്മപ്രവൃത്തിയിൽ പുത്രനോടു് അവൾ സഹകരിച്ചു. അവസാനം അവൾ സ്വർഗ്ഗാരോപിതയായി.

## വി. യൗസേപ്പ്

ദരിദ്രനായ ഒരു തച്ചനായിരുന്നു വി. യൗസേപ്പ്. പരിശുദ്ധ മറിയത്തിൻെറ അദൃശ്യമണവാളനായ പരിശുദ്ധാത്മാവിയുടെ സ്ഥാനത്തുള്ള ദൃശ്യവല്ലഭൻ എന്ന നിലക്കു് വി. യൗസേപ്പ് ഈശോയുടെ വളർത്തുപിതാവാണ്. വേദപുസ്തകത്തിൽ വി. യൗസേപ്പ് നീതിമാൻ എന്നു വിളിക്കപ്പെടുന്നു. ദൈവഹിതം ഏററവും നിസ്സാരകാര്യങ്ങളിൽപ്പോലും നിറവേറ്റിയെന്നതാണ് വി. യൗസേപ്പിൻെറ

---

* ഈശോയുടെ ശരീരത്തെ രൂപപ്പെടുത്തുന്നതിലും ആത്മാവിനെ സൃഷ്ടിക്കുന്നതിലും പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളും ഒന്നിച്ചു പ്രവർത്തിച്ചു. എന്നാൽ ദിവ്യപുത്രൻെറ മനുഷ്യാവതാരം നന്മയുടേയും സ്നേഹത്തിൻേറയും പ്രവൃത്തിയായതുകൊണ്ടും അത്തരം പ്രവൃത്തികൾ പരിശുദ്ധാത്മാവിയുടെ പ്രവൃത്തികളായി പറയപ്പെടുന്നതുകൊണ്ടുമാണ് പരിശുദ്ധാത്മാവിയാൽ പരിശുദ്ധ മറിയം ഗർഭം ധരിച്ചുവെന്നു പറയുന്നതു്.

ജീവിതത്തിലെ സവിശേഷത. അനുദിനജീവിതത്തിലെ സാധാരണ ചുമതലകൾ അസാധാരണദൈവസ്നേഹത്തോടെ നിർവ്വഹിച്ചുകൊണ്ടാണ വി. യൗസേപ്പ പുണ്യത്തിൽ ഉയർന്നതു്.

ചോദ്യങ്ങൾ :—

1. മനുഷ്യാവതാരം എന്നാൽ എന്തു്?
2. ഈശോയുടെ ചരിത്രം ചുരുക്കി വിവരിക്കുക.
3. ഈശോ ദൈവമാകുന്നുവെന്നു പറയുന്നതെന്തുകൊണ്ടു്?
4. ഈശോ മനുഷ്യനുമാണു്. കാരണമെന്തു്?
5. രക്ഷാകരകർമ്മം എന്നാലെന്തു്?
6. ഈശോയോടൊന്നിച്ചു് ഉയിർക്കുവാൻ നാം എന്തു ചെയ്യണം?
7. പ. കന്യകാമറിയം, വി. യൗസേപ്പു് എന്നിവരെപ്പററി എന്തറിയാം?

# IV

# തിരുസ്സഭ

ജ്ഞാനസ്നാനം സ്വീകരിച്ച് നമ്മുടെ കർത്താവായ ഈശോമിശിഹായിൽ വിശ്വസിച്ച്, ഒരേ കൂദാശകൾ സ്വീകരിച്ച്, റോമാ മാർപ്പാപ്പായുടെ പരമാധികാരത്തെ അംഗീകരിക്കുന്ന ജനസമൂഹമാണ് തിരുസ്സഭ.

## ഉത്ഭവം

ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം ഭയചകിതരായ ശ്ലീഹന്മാരും ശിഷ്യരും പരിശുദ്ധ കന്യകാമറിയത്തോടൊന്നിച്ചു സെഹിയോനിലെ ഊട്ടുശാലയിൽ പ്രാത്ഥനയിലും ധ്യാനത്തിലും കഴിഞ്ഞുകൂടി, പത്താംദിവസം യഹൂദന്മാരുടെ പെന്തക്കുസ്താതിരുനാളായിരുന്നു. അന്നു കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു സ്വരം ആകാശത്തിൽ നിന്നുണ്ടായി. അതു് അവരിരുന്ന ഭവനം മുഴുവൻ വ്യാപിച്ചു. അഗ്നിജ്വാലപോലെ പിളർന്നിരുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അവ ഓരോരുത്തരുടേയുംമേൽ വന്നിരുന്നു. അങ്ങനെ അവരെല്ലാം പരിശുദ്ധാത്മാവിനാൽ പൂരിതരായി. അതോടെ അവരുടെ ഭയമെല്ലാം വിട്ടുമാറി. അവർ ക്രൂശിതനായ ക്രിസ്തുവിനെയും അവിടുത്തെ അത്ഭുതകരമായ പുനരുത്ഥാനത്തെയുംപററി പ്രസംഗിച്ചു തുടങ്ങി. പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശ്ലീഹന്മാരും പരിശുദ്ധ

കന്യകാമറിയവും ചേർന്ന ഈ ചെറുസമൂഹമാണ് ആദ്യത്തെ തിരുസ്സഭ (നടപടി 2: 1-4).

## ഭരണഘടന

ക്രിസ്തുവാണ തിരുസ്സഭയുടെ സ്ഥാപകൻ. അവിട്ടന്നു പെന്തക്കുസ്താനാളിൽ അയച്ച പരിശുദ്ധാത്മാവാണ് സഭയെ നയിച്ചുകൊണ്ടിരിക്കുന്നതു്. സഭയുടെ ദൃശ്യതലവനായി തൻെറ ശിഷ്യപ്രധാനിയായ പത്രോസിനെ അവിട്ടന്നു നിയമിച്ചു. ഈ പത്രോസാണ് ആദ്യത്തെ മാർപ്പാപ്പാ. മററു ശ്ലീഹന്മാർ പത്രോസിൻെറ സഹപ്രവർത്തകരും. പത്രോസിൻെറയും ശ്ലീഹന്മാരുടേയും പിൻതുടച്ച്ക്കാരാണ് ഇന്നത്തെ മാപ്പാപ്പയും മെത്രാന്മാരും.

## മെത്രാന്മാർ

റോമാ മാർപ്പാപ്പയ്ക്കു വിധേയരായി തിരുസ്സഭയിലെ ശ്രുപതകളെ ഭരിക്കുകയും പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന അപ്പസ്തോലന്മാരുടെ യഥാർത്ഥ പിൻഗാമികളാണ മെത്രാന്മാർ.

## തിരുസ്സഭയുടെ തെററാവരം

ക്രിസ്തുനാഥൻെറ പ്രബോധനങ്ങൾ അനുസരിച്ചു ജീവിക്കുവാൻ വിശ്വാസികളെ പഠിപ്പിക്കുകയെന്നതാണ് തിരുസ്സഭയുടെ പ്രധാന ചുമതല. വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിച്ചുള്ള അവിട്ടത്തെ പ്രബോധനങ്ങൾ ഔദ്യോഗികമായി വെളിപ്പെടുത്തുമ്പോൾ തിരുസ്സഭയ്ക്കു തെററു വരികയില്ല. കാരണം, പരിശുദ്ധാത്മാവു് ഇക്കാര്യത്തിൽ സഭയെ എപ്പോഴും സഹായിക്കുകയും നയിക്കുകയും ചെയ്യുന്നു. ഇതാണ തിരുസ്സഭയുടെ തെറ്റാവരം.

## മാപ്പാപ്പായുടെ തെററാവരം

മാപ്പാപ്പാ തിരുസ്സഭയുടെ പരമാധികാരി എന്ന നിലയിൽ വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച് എന്തെങ്കിലും ഔദ്യോഗികമായി പ്രഖ്യാപിക്കുമ്പോൾ അദ്ദേഹത്തിനു തെററു പററുകയില്ല. ഇതാണു മാപ്പാപ്പായുടെ തെറ്റാവരം,

## തിരുസ്സഭയിലെ അംഗത്വം

ജ്ഞാനസ്നാനം സ്വീകരിക്കുമ്പോഴാണു് നാം തിരുസ്സഭയിലെ അംഗങ്ങളായിത്തീരുന്നതു്. സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന നിത്യസത്യങ്ങൾ വിശ്വസിക്കുന്നതിനും അനുസരിക്കുന്നതിനും സഭാംഗങ്ങൾക്കു കടമയുണ്ടു്.

"വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷപ്രാപിക്കും. വിശ്വസിക്കാത്തവൻ കുററക്കാരനായി ശിക്ഷിക്കപ്പെടും" (വി. മർക്കോസു് 16: 15-16).

## തിരുസ്സഭയുടെ ലക്ഷണങ്ങൾ

മററു സഭകളിൽനിന്നു തിരിച്ചറിയുവാൻ സാധിക്കുന്ന നാലു ലക്ഷണങ്ങൾ തിരുസ്സഭയ്ക്കുണ്ടു്, അവ സഭയുടെ ഏകത്വം, പരിശുദ്ധി, കാതോലികത്വം, ശ്ലൈഹികത്വം എന്നിവയാണു്.

## തിരുസ്സഭ ഏകമാകുന്നു

തിരുസ്സഭയിലെ അംഗങ്ങൾക്കെല്ലാം ഒരേ വിശ്വാസമാണുള്ളതു്. അവർ ഒരേ കൂദാശകൾ സ്വീകരിക്കുന്നു. അവർക്കു് ഏക ഇടയനാണുള്ളതു്. അതുകൊണ്ടു് തിരുസ്സഭ ഏകമാകുന്നു.

''പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലുമാ യിരിക്കുന്നതുപോലെ അവർ ഒന്നായിത്തീരുന്നതിനു്, അവിടുന്നാണു് എന്നെ അയച്ചതെന്നു ലോകം വിശ്വസിച്ച് നമ്മിൽ അവർ ഒന്നാകുന്നതിനുവേണ്ടി ഞാൻ അങ്ങയോടു പ്രാർത്ഥിക്കുന്നു'' (വി. യോഹന്നാൻ 17: 21).

"പരിശുദ്ധനായ പിതാവേ, നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നായിരിക്കുന്നതിനു് അങ്ങ് എനിക്കു് ഏല്പിച്ചുതന്നിരിക്കുന്നവരെയെല്ലാം അങ്ങയുടെ നാമത്തിൽ കാത്തുകൊള്ളണമെ'' (വി. യോഹന്നാൻ 17: 11).

## തിരുസ്സഭ വിശുദ്ധമാകുന്നു

തിരുസ്സഭയുടെ അദൃശ്യതലവനായ ക്രിസ്തു വിശുദ്ധിയുടെ വിളനിലമാണു്. വിശുദ്ധമായ ലക്ഷ്യവും വിശ്വാസവും കല്പനകളുമാണു തിരുസ്സഭയ്ക്കുള്ളതു്. സഭയുടെ എല്ലാ അംഗങ്ങളും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. സഭാംഗങ്ങളിൽ അനേകംപേർ വിശുദ്ധരായിട്ടുണ്ടു്. സഭയിലെ കൂദാശകൾ വിശുദ്ധിയെ പ്രദാനം ചെയ്യുന്നു. ഇക്കാരണങ്ങളാൽ തിരുസ്സഭ വിശുദ്ധമാകുന്നു.

''ആകയാൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ'' (വി. മത്തായി 5: 48).

''ദൈവം നമ്മെ അശുദ്ധിയിലേക്കല്ലാ, വിശുദ്ധിയിലേക്കത്രേ വിളിച്ചിരിക്കുന്നതു്. ആകയാൽ ഇക്കാര്യം അവഗണിക്കുന്നവൻ മനുഷ്യനെയല്ലാ പരിശുദ്ധാത്മാവിനെ നമുക്കു നല്കിയ ദൈവത്തെയത്രേ ദ്രോഹിക്കുന്നതു്'' (1 തെസ. 4: 7-8).

## തിരുസ്സഭ കാതോലികമാകുന്നു

എല്ലാക്കാലങ്ങളിലും സ്ഥലങ്ങളിലും എല്ലാ യുഗങ്ങളിലും സ്ഥിതികളിലുമുള്ള വിശ്വാസികൾ തിരുസ്സഭയിൽ ഉൾപ്പെട്ടിരിക്കുന്നു. ലോകത്തിലുള്ള സകല ജാതികളും സഭയുടെ അംഗങ്ങളായിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു. സകല സത്യങ്ങളേയും സഭ പരിപാലിക്കുന്നു. അതിനാൽ തിരുസ്സഭ കാതോലികം അഥവാ പൊതുവായതാകുന്നു.

''ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളേയും പഠിപ്പിക്കുകയും പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ. ഞാൻ ആജ്ഞാപിച്ചിട്ടുള്ളവയെല്ലാം അനുഷ്ഠിക്കാൻ അവരെ അഭ്യസിപ്പിക്കുവിൻ. ഇതാ, ലോകാവസാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.'' (വി. മത്തായി 28: 19, 20)

## തിരുസ്സഭ ശ്ലൈഹികമാകുന്നു

തിരുസ്സഭയുടെ ആരംഭം ശ്ലീഹന്മാരിൽനിന്നാണു്. അതിന്റെ വളർച്ചയും നിലനിൽപ്പും ശ്ലീഹന്മാർ മുഖേന തന്നെ. ഇന്നത്തെ മാർപ്പാപ്പായും മെത്രാന്മാരും ശ്ലീഹന്മാരുടെ ഇടമുറിയാത്ത പിൻഗാമികളത്രെ. ഇവർ പഠിപ്പിക്കുന്നതും നാം വിശ്വസിക്കണമെന്നു് ആവശ്യപ്പെടുന്നതുമെല്ലാം ശ്ലീഹന്മാർ വിശ്വസിച്ചതും പഠിപ്പിച്ചതുമായ സത്യങ്ങളാണു്. ഇക്കാരണങ്ങളാൽ തിരുസ്സഭ ശ്ലൈഹികമാകുന്നു.

''ഞാൻ നിന്നോടു പറയുന്നു: പത്രോസേ, നീ പാറയാകുന്നു. ഈ പാറയിന്മേൽ ഞാനെന്റെ പള്ളി പണിയും. നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല.'' (വി. മത്തായി 16: 18-19).

## തിരുസ്സഭയും പരിശുദ്ധാത്മാവും

അധികാരികൾവഴി തിരുസ്സഭയെ നയിക്കുന്നതും പഠിപ്പിക്കുന്നതും വിശുദ്ധീകരിക്കുന്നതുമെല്ലാം പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിൻെറ അദൃശ്യമായ പരിപാലനം സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന വിശ്വാസസത്യങ്ങൾക്കും സന്മാർഗ്ഗവിഷയങ്ങൾക്കും തെറ്റാവരം നൽകുന്നു.

## പരിശുദ്ധാത്മാവിൻ്റെ പ്രതീകങ്ങൾ

മാടപ്രാവ്, തീയ്, വെള്ളം, വായു, എണ്ണ എന്നിവ പരിശുദ്ധാത്മാവിൻ്റെ പ്രതീകങ്ങളാണ്.

## മാടപ്രാവ്

യോർദ്ദാൻ നദീതീരത്തുവെച്ച് ഈശോ ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ പരിശുദ്ധാത്മാവ് മാടപ്രാവിൻ്റെ ആകൃതിയിൽ അവിടത്തെമേൽ ഇറങ്ങിവന്നു. (വി. ലൂക്കാ 3:22)

ലോകത്തെല്ലായിടത്തും മാടപ്രാവു വിശുദ്ധിയുടേയും സമാധാനത്തിൻേറയും സ്നേഹത്തിൻേറയും ചിഹ്നമാണ്.

സ്ഥൈര്യലേപനം നാം സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെമേൽ എഴുന്നെള്ളിവരുന്നു. അവിടുന്നു നമുക്കു സ്നേഹവും സമാധാനവും വിശുദ്ധിയും പകർന്നു തരുന്നു.

## തീ നാവ്

പരിശുദ്ധാത്മാവിൻെറ മറെറാരു പ്രതീകം തീനാവാണ്. പെന്തക്കുസ്താതിരുനാളിൽ സെഹിയോനിലെ ഊട്ടുശാലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശ്ലീഹന്മാരുടേയും

പരിശുദ്ധകന്യകാമറിയത്തിൻേറയുംമേൽ തീനാവുകളുടെ രൂപത്തിലാണു പരിശുദ്ധാത്മാവ് ഇറങ്ങിവന്നതു്. (നടപടി 2: 1–3)

ചൂട്ടും വെളിച്ചവും ലഭിക്കുന്നതു തീയിൽനിന്നാണല്ലോ. അറിവാകുന്ന വെളിച്ചവും സ്നേഹമാകുന്ന ചൂട്ടും പരിശുദ്ധാത്മാവിൽനിന്നു് നമുക്കു ലഭിക്കുന്നു.

## വെള്ളം

വി. ഗ്രന്ഥത്തിൽ പലയിടത്തും വെള്ളം, ഉറവകൾ, നദികൾ തുടങ്ങിയവയെ പരിശുദ്ധാത്മാവിൻെറ ചിഹ്നങ്ങളായി ചിത്രീകരിച്ചിട്ടുണ്ടു്.

ബാഹ്യമായി നമ്മെ ശുദ്ധീകരിക്കാനും നമുക്കു് ഉന്മേഷവും ഉണർവ്വും പ്രദാനം ചെയ്യുവാനും ജലത്തിനു കഴിയും. അതുപോലെ ആന്തരികമായി നമ്മെ ശുദ്ധീകരിക്കാനും നമ്മുടെ ആത്മാവിനു് ആശ്വാസവും ആനന്ദവും പകർന്നുതരാനും പരിശുദ്ധാത്മാവിനു സാധിക്കുന്നു.

## വായു

പ്രാണവായു കൂടാതെ നമുക്കു ജീവിക്കുവാൻ കഴിയുകയില്ല. അതുപോലെ പരിശുദ്ധാത്മാവു് ഇല്ലെങ്കിൽ നമുക്കു് ആദ്ധ്യാത്മികജീവനുമില്ല.

## എണ്ണ

ശരീരത്തിനു് ശക്തിയും സൗന്ദര്യവും നൽകുന്നതു് എണ്ണയാണു്. മനുഷ്യാത്മാവിനു് ഓജസ്സും തേജസ്സും നൽകുന്നതു പരിശുദ്ധാത്മാവും. സ്ഥൈര്യലേപനത്തിൽ കാർമ്മികൻ എണ്ണ അഥവാ സൈത്തു പൂശിക്കൊണ്ടാണു് പരിശുദ്ധാത്മാവിനെ നമ്മുടെമേൽ ആവഹിപ്പിക്കുന്നതു്.

ചോദ്യങ്ങൾ :—

1. തിരുസ്സഭ എന്നാൽ എന്തു്?
2. തിരുസ്സഭയുടെ ഉത്ഭവം എങ്ങനെയാകുന്നു?
3. തിരുസ്സഭയുടെ ഭരണഘടന ഏതുവിധമാകുന്നു?
4. ആരാണു മെത്രാന്മാർ?
5. തിരുസ്സഭയുടെ തെററാവരം എന്നാൽ എന്തു്?
6. മാർപ്പാപ്പായുടെ തെററാവരം എന്നാൽ എന്തു്?
7. തിരുസ്സഭയിൽ അംഗത്വം ലഭിക്കുന്നതു് എപ്പോഴാണു്?
8. തിരുസ്സഭ ഏകമാകുന്നുവെന്നു പറയുന്നതെന്തുകൊണ്ടു്?
9. തിരുസ്സഭ വിശുദ്ധമാകുന്നുവെന്നു പറയുന്നതെന്തുകൊണ്ടു്?
10. തിരുസ്സഭ കാതോലികമാകുന്നുവെന്നു പറയുന്നതെന്തുകൊണ്ടു്?
11. തിരുസ്സഭ ശ്ലൈഹികമാകുന്നുവെന്നു പറയുന്നതെന്തുകൊണ്ടു്?
12. പരിശുദ്ധാത്മാവിൻെറ പ്രതീകങ്ങൾ ഏവ? അവയെപ്പററി ചുരുക്കമായിപ്പറയുക.

# V

# ദൈവകല്പനകൾ

## കല്പനകൾ നമുക്കുവേണ്ടി

പൊതുനിരത്തിലൂടെ യാത്ര ചെയ്യുമ്പോൾ എത്രയെത്ര ട്രാഫിക് നിയമങ്ങളാണു നമുക്ക് അനുസരിക്കേണ്ടതായുള്ളത്! നിയമങ്ങൾ അനുസരിച്ചു യാത്ര ചെയ്താൽ അപകടമൊന്നും സംഭവിക്കുകയില്ല. നിയമങ്ങൾ അനുസരിക്കാതെ യാത്ര ചെയ്താൽ ഒരു പക്ഷേ നാം നമ്മുടെ ലക്ഷ്യസ്ഥാനത്തു് എത്തിച്ചേരുകയില്ല. നമ്മുടെ സുരക്ഷിതത്വത്തിനു വേണ്ടിത്തന്നെയാണു നിയമങ്ങളെല്ലാം.

ലോകമെന്ന പൊതുവീഥിയിലൂടെ യാത്ര ചെയ്യുന്നവരാണു നാമെല്ലാവരും. സ്വർഗ്ഗമാകുന്ന പിതൃഭവനമാണു നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യസ്ഥാനത്തു് എത്തിച്ചേരുവാൻ നമ്മെ സഹായിക്കുന്ന നിയമങ്ങളാണു പത്തു കല്പനകൾ. ഈ കല്പനകൾ ലംഘിച്ചാൽ ദൈവസന്നിധിയിൽ എത്തുന്നതിനു പകരം നിത്യനാശത്തിലാവും നാം നിപതിക്കുക.

## പത്തു കല്പനകൾ

സീനായ് മലയിൽവെച്ചു ദൈവം മോശക്കു നല്കിയതാണു പത്തു കല്പനകൾ. ഈ കല്പനകൾ ദൈവത്തിനു

മനുഷ്യമക്കളോടുള്ള സ്നേഹത്തിന്റെ തെളിവും നമ്മുടെ ജീവിതവിജയത്തിലേക്കുള്ള ചൂണ്ടുപലകയുമാണ്. ഇവയിൽ ആദ്യത്തെ മൂന്നു കല്പനകൾ ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം എങ്ങനെയുള്ളതായിരിക്കണമെന്നു പഠിപ്പിക്കുന്നു. ബാക്കിയുള്ള ഏഴു കല്പനകൾ മനുഷ്യർ തമ്മിലുള്ള പരസ്പരബന്ധത്തെ സംബന്ധിക്കുന്നവയാണ്.

## പ്രമാണങ്ങളെ അനുസരിക്കുക

ഒരു മനുഷ്യൻ ഒരിക്കൽ ക്രിസ്തുവിനോടു ചോദിച്ചു: "ഗുരോ നിത്യജീവൻ പ്രാപിക്കാൻ എന്തുനന്മയാണു ഞാൻ ചെയ്യേണ്ടതു്?" ക്രിസ്തു പ്രതിവചിച്ചു: "നിനക്കു നിത്യജീവിതത്തിൽ പ്രവേശിക്കണമെങ്കിൽ പ്രമാണങ്ങളെ അനുസരിക്കുക" (വി. മത്തായി 19: 16-19) ദൈവകല്പനകളെ അനുസരിച്ചാലേ നമുക്കു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയൂ എന്നു് ഇതിൽനിന്നു വ്യക്തമാണല്ലോ.

## ഒന്നുപോലും ലംഘിച്ചുകൂടാ

ദൈവം നല്കിയ പത്തുപ്രമാണങ്ങളും നാം അനുസരിക്കണം. ഒന്നുപോലും ലംഘിച്ചുകൂടാ. എന്തെന്നാൽ, "കല്പനകൾ അനുസരിക്കുന്നവൻതന്നെയും ഒരു കല്പന ലംഘിച്ചാൽ എല്ലാം ലംഘിച്ചതുപോലെയായി." (വി. യാക്കോബ് 2: 10) ഏതു പ്രമാണം നാം ലംഘിച്ചാലും അതു ദൈവവും നാമും തമ്മിലുള്ള സ്നേഹബന്ധത്തെ അറുത്തുമുറിക്കും. ആകയാൽ പത്തുകല്പനകളും നിഷ്കർഷാപൂർവ്വം അനുസരിച്ചുകൊണ്ടു നിത്യസമ്മാനം നേടാനാണു നാം ശ്രമിക്കേണ്ടതു്.

1-ാം പ്രമാണം

## ഞാനല്ലാതെ മറെറാരു ദൈവം നിനക്കരുത്

നമ്മുടെ സ്നേഹപിതാവാണ ദൈവം. അവിടുന്നാണ നമ്മെ എല്ലാവരേയും സൃഷ്ടിച്ചതും സംരക്ഷിക്കുന്നതും. ആ പിതാവിനെ പൂൎണ്ണഹൃദയത്തോടും പൂൎണ്ണമനസ്സോടുംകൂടി നാം ആരാധിക്കണം. ദൈവത്തെയല്ലാതെ മററാരെയും ഒന്നിനെയും നാം ആരാധിക്കരുത്. ഒന്നാം പ്രമാണം നമ്മോട് ആവശ്യപ്പെടുന്നതു് ഇതാണ്.

### ആരാധന

സൎവ്വനാഥനായ ദൈവത്തിനുമാത്രം നല്ലാവുന്ന പരമോന്നതമായ വണക്കമാണ് ആരാധന. നമ്മുടെ സ്നേഹവും ആദരവും അനുസരണയും നന്ദിയുമെല്ലാം ആരാധനയിലൂടെ പ്രകാശിപ്പിച്ച് ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു.

### നമ്മുടെ ജീവിതം — നമ്മുടെ ആരാധന

ഈശോ അവിടുത്തെ ജീവിതംവഴി ദൈവപിതാവിൻെറ ഇഷ്ടം നിറവേറ്റി. അതായിരുന്നു അവിടുത്തെ ആരാധന. ദൈവത്തിനു ഹിതകരമായ ഒരു ജീവിതം നയിക്കുകയാവണം നമ്മുടേയും ആരാധന. ചില പ്രാർത്ഥനകൾ ഉരുവിട്ടതുകൊണ്ടോ, ഭക്തകൃത്യങ്ങളിൽ പങ്കുചേൎന്നുകൊണ്ടോ മാത്രം നമ്മുടെ ആരാധന പൂൎണ്ണമാകുന്നില്ല; ദൈവത്തിൻെറ ഇഷ്ടമനുസരിച്ചു നമ്മുടെ ജീവിതകർത്തവ്യങ്ങൾ യഥാവിധി നിറവേററണം.

### ദിവ്യബലി

ദിവ്യബലിയാണ നമ്മുടെ ആരാധനക്രമത്തിൻെറ പാരമ്യം. ദിവ്യബലിയിൽ നാം ഈശോയെ നിത്യപി

താവിനു കാഴ്ചയായി സമർപ്പിക്കുന്നു. ആകയാൽ, ജീവിതം മുഴവൻ ദൈവത്തിനു സമർപ്പിച്ചുകൊണ്ടു് വിശുദ്ധ ബലിവഴി, നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കാം.

## വിഗ്രഹാരാധന

ദൈവം മാത്രം അർഹിക്കുന്ന ആരാധന അവിടുത്തെ സൃഷ്ടികൾക്കോ മനുഷ്യനിർമ്മിതമായ പ്രതിമകൾക്കോ രൂപങ്ങൾക്കോ വസ്തുക്കൾക്കോ നല്കുന്നതാണു വിഗ്രഹാരാധന.

"മഹത്വമുള്ള ദൈവത്തെ പുല്ലുതിന്നുന്ന കാളക്കു തുല്യനാക്കിയ'' (സങ്കീ. 105: 19-20) ഇസ്രായേൽ ജനതയെ ഭീകരമായ വിധത്തിൽ ദൈവം ശിക്ഷിച്ച പല സംഭവങ്ങളുമുണ്ടു് വി. ഗ്രന്ഥത്തിൽ.

## കപടഭക്തി

ഹൃദയംകൊണ്ടു് ആരാധിക്കാതെ-അധരംകൊണ്ടുമാത്രം ദൈവത്തെ ആരാധിക്കുന്നതാണു കപടഭക്തി. ദൈവഹിതാനുസാരമല്ലാത്ത ആരാധനയാണതു്. കപടഭക്തർ വാചാലമായി ദൈവത്തെ സ്തുതിക്കുന്നു; ആരാധന അഭിനയിക്കുന്നു. എന്നാൽ അവരുടെ ജീവിതം ദുഷ്ടത നിറഞ്ഞതായിരിക്കും. ഇത്തരക്കാരെ ദൈവം ഇഷ്ടപ്പെടുന്നില്ല. ''ഈ ജനം അധരങ്ങൾകൊണ്ടു് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്നു വളരെ ദൂരത്താണു്.'' (വി. മത്തായി 15: 8) ഈശോ അരുൾചെയ്യുന്നു: "ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും അവിടുത്തെ ആരാധിക്കണം'' (വി. യോഹന്നാൻ 4: 24)

## വിശുദ്ധർ

ദൈവത്തിൻെറ പ്രമാണങ്ങൾ എല്ലാം സ്നേഹപൂർവ്വം അനുസരിച്ചുകൊണ്ടു് ജീവിതയാത്ര പൂർത്തിയാക്കി ലക്ഷ്യസ്ഥാനത്തെത്തി ചേർന്നവരാണു വിശുദ്ധർ. ഇവർ ദൈവത്തോടൊത്തിച്ചു് നിത്യാനന്ദം അനുഭവിക്കുന്നു. ദൈവസന്നിധിയിൽ നമ്മുടെ മദ്ധ്യസ്ഥരാണു വിശുദ്ധർ. ആകയാൽ അവരെ വന്ദിക്കുകയും ആദരിക്കുകയും അനുകരിക്കുകയും ചെയ്യുക നമ്മുടെ കടമയാണു്. അവരെ നാം ബഹുമാനിക്കുമ്പോൾ ദൈവത്തെത്തന്നെയാണു ബഹുമാനിക്കുന്നതു്.

## വിശുദ്ധരെ എങ്ങനെ ബഹുമാനിക്കണം?

അവരുടെ ജീവിത മാതൃകകൾ അനുകരിച്ചും തിരുന്നാളുകൾ ആഘോഷിച്ചും പ്രാർത്ഥിച്ചും തിരുശേഷിപ്പുകളെയും പ്രതിമകളെയും ആദരിച്ചുമാണു വിശുദ്ധരെ നാം ബഹുമാനിക്കേണ്ടതു്.

## തിരുശേഷിപ്പുകൾ

നമുക്കധികം സ്നേഹമുള്ള നമ്മുടെ മാതാപിതാക്കന്മാരുടേയും കൂട്ടുകാരുടേയുമൊക്കെ ഫോട്ടോകളും അവർ ഉപയോഗിച്ചിരുന്ന സാധനങ്ങളും പ്രിയങ്കരമായി നാം സൂക്ഷിച്ചുവയ്ക്കാറുണ്ടു്. ആ ഫോട്ടോകളും സാധനങ്ങളുംവഴി അവരെക്കുറിച്ചുള്ള മധുരസ്മരണകൾ നാം കാത്തുസൂക്ഷിക്കുന്നു. ഇതുപോലെ വിശുദ്ധരുടെ പടങ്ങളും പ്രതിമകളും തിരുശേഷിപ്പുകളും മററും ആദരിക്കുന്നതുവഴി അവരോടുള്ള സ്നേഹവും ബഹുമാനവും നാം പ്രകടിപ്പിക്കുകയാണു ചെയ്യുന്നതു്. വീരോചിതമായ വിശുദ്ധ ജീവിതം നയിച്ച

മഹാത്മാക്കളായ വിശുദ്ധരോടു ബന്ധപ്പെട്ടവയെന്നനിലയിൽ തിരുശേഷിപ്പുകൾ നമ്മുടെ ആദരവു് അർഹിക്കുന്നു. തിരുശേഷിപ്പുകൾവഴി അത്ഭുതങ്ങൾ നടക്കാറുണ്ടു്. അവക്കു് ആ കഴിവു ലഭിക്കുന്നതു ദൈവത്തിൽനിന്നാണു്. ദൈവം അവയെ ആദരിക്കുന്നുവെന്നതിൻെറ തെളിവാണു് ആ ശക്തി. ദൈവം ആദരിക്കുന്ന വസ്തുക്കളെ നാമും ആദരിക്കേണ്ടതാണു്.

## സ്വരൂപവണക്കം

പ്രധാന തെരുവീഥികളുടെ സമീപത്തും കവലകളിലുംമററും ദേശീയനേതാക്കളുടെ പ്രതിമകൾ സ്ഥാപിച്ചുകാണാറുണ്ടു്. കാഴ്ചക്കാരുടെ മനസ്സിൽ നേതാക്കളെപ്പററി ആദരവുണ്ടാക്കുന്നതിനും അവരുടെ ജീവിതമാതൃക അനുകരിക്കുന്നതിനുള്ള പ്രേരണ നല്കുന്നതിനും ആ പ്രതിമകൾ ഉപകരിക്കുന്നു. അവയിൽ മാലകൾ ചാർത്തുന്നതോ അവക്കു മുമ്പിൽ പൂച്ചെണ്ടുകൾ അർപ്പിക്കുന്നതോ വിഗ്രഹാരാധനയല്ല. പ്രത്യുത, ആ പ്രതിമകൾ പ്രതിനിധാനംചെയ്യുന്നവരോടു് നമുക്കുള്ള നന്ദിയുടേയും സ്നേഹത്തിൻേറയും ബാഹ്യമായ പ്രകടനങ്ങൾ മാത്രമാണു് അവ.

ഇതേ രീതിയിൽത്തന്നെയാണു് വിശുദ്ധന്മാരുടെ പ്രതിമകളെ നാം ബഹുമാനിക്കുന്നതു്. രാഷ്ട്രീയനേതാക്കളേയും മററും നാം ഒരിക്കലും ദൈവമായി കരുതാറില്ലല്ലോ. അതുപോലെ വിശുദ്ധരുടെ പ്രതിമകൾ വണങ്ങുമ്പോൾ അവരെ ദൈവമായി സങ്കല്പിച്ചു് ആരാധിക്കുകയല്ലാ, പകരം ആ പ്രതിമകൾ പ്രതിനിധാനം ചെയ്യുന്ന വിശുദ്ധരോടു നമുക്കുള്ള നന്ദിയും സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുക മാത്രമാണു ചെയ്യുന്നതു്.

## ദൈവവിശ്വാസം

ദൈവം സ്വയം നമുക്കു വെളിപ്പെടുത്തിയിരിക്കുന്നു. സത്യംതന്നെയായ ദൈവം വെളിപ്പെടുത്തിയതെല്ലാം സ്വീകരിക്കുകയും അപ്രകാരം ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുന്ന സുകൃതമാണു വിശ്വാസം. ദൈവവിശ്വാസമാണു മതജീവിതത്തിൻെറ അടിസ്ഥാനം. നാം ദൈവത്തിൽ വിശ്വസിക്കണം.

ദൈവവിശ്വാസത്തിനെതിരായ പാപങ്ങളാണു് വിശ്വാസത്യാഗം, നിരീശ്വരത്വം, നിർമ്മതത്വം മുതലായവ.

## ദൈവശരണം

ദൈവം നമുക്കു നൽകിയ നന്മകൾക്കുപരിയായി ഭാവി നന്മകൾ വാഗ്ദാനംചെയ്യപ്പെട്ടിരിക്കുന്നു. കാരുണ്യവാനും വാഗ്ദാനങ്ങളിൽ വിശ്വാസ്യനുമായ ദൈവം നമുക്കു നിത്യഭാഗ്യം നൽകുമെന്ന ഉറപ്പിനടുത്ത സുകൃതമാണു ശരണം. നിത്യഭാഗ്യം ലഭിക്കുന്നതിനു നാം ദൈവത്തോടു സഹകരിക്കണം. നാം ദൈവത്തിൽ പ്രത്യാശവയ്ക്കണം.

നൈരാശ്യം, സാഹസം മുതലായവ ശരണത്തിനെതിരായ പാപങ്ങളാണു്.

## ദൈവസ്നേഹം

ദൈവം തന്നോടു നമ്മെ ഐക്യപ്പെടുത്തുന്നു. സർവ്വനന്മയായ ദൈവത്തെ സർവ്വോപരി വിലമതിക്കുകയും അവിടുത്തോടു് നമ്മെ ഐക്യപ്പെടുത്തുകയും നമ്മെപ്പോലെ നമ്മുടെ സഹോദരങ്ങളെ പരിഗണിച്ചു അവക്കു സേവനം നല്കുകയും ചെയ്യുന്ന സുകൃതമാണു സ്നേഹം. മുഴുഹൃദയത്തോടും

സർവ്വശക്തികളോടും കൂടെ ദൈവത്തെ നാം സ്നേഹിക്കണം. നമ്മെപ്പോലെ നമ്മുടെ സഹോദരങ്ങളെയും നാം സ്നേഹിക്കണം.

വിദ്വേഷം, അസൂയ, അവഗണന മുതലായ തെററുകൾ ദൈവസ്നേഹത്തിനെതിരായ പാപങ്ങളത്രേ.

2-ാം പ്രമാണം

ദൈവത്തിൻെറ ദിവ്യനാമം

ബഹുമാനമില്ലാതെ ഉപയോഗിക്കരുതു്

## ആദരപൂർവ്വം ഉപയോഗിക്കുക

സർവ്വഗുണസമ്പന്നനും പരിശുദ്ധനുമാണു ദൈവം. അവിടുത്തെ നാമം പരിപാവനമാണു്. ആ നാമം ഭക്തിയോടും ബഹുമാനത്തോടുംകൂടി മാത്രമേ പ്രയോഗിക്കാവൂ. അതുപോലെ വിശുദ്ധരുടേയും വിശുദ്ധവസ്തുക്കളുടേയും നാമങ്ങളും ആദരവോടെവേണം ഉപയോഗിക്കുവാൻ. ദൈവത്തോടു ചെയ്യുന്ന വാഗ്ദാനങ്ങൾ വിശ്വസ്തതാപൂർവ്വം നിറവേററണം. രണ്ടാം പ്രമാണം നമ്മോടാവശ്യപ്പെടുന്നതിതൊക്കെയാണു്.

## എതിരായ പാപങ്ങൾ

ദൈവനാമം ഉപയോഗിച്ചു നമ്മുടെ സഹോദരങ്ങളെ ശപിക്കുകയോ ദൈവത്തെ സാക്ഷിയാക്കി ആവശ്യമില്ലാതെയും കളവായും സത്യം ചെയ്യുകയോ അരുതു്. ദൈവത്തിന്നിഷ്ടകരമായ എന്തെങ്കിലും ഒരു കാര്യം ചെയ്യാമെന്നു

പ്രതിജ്ഞയെടുത്ത ശേഷം അതു ലംഘിക്കുവാൻ പാടില്ല. ദൈവാരാധനയ്ക്കു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള വ്യക്തികളോടും സ്ഥലങ്ങളോടും വസ്തുക്കളോടും ബഹുമാനമില്ലാതെ പെരുമാറുന്നതും വിശുദ്ധ കൂദാശകൾ യോഗ്യതകൂടാതെ സ്വീകരിക്കുന്നതും മററും ദൈവദോഷമാണു്.

## ശാപം

നമുക്കോ മററുള്ളവർക്കോ തിന്മവരണമെന്നു ദൈവനാമത്തിൽ ആഗ്രഹിക്കുന്നതും പറയുന്നതുമാണു ശാപം അഥവാ പ്രാക്കു്. ഇതു ഗൗരവമേറിയ പാപമാണു്.

## പാപകരമായ ശപഥം

പ്രതികാരം ചെയ്യുന്നതിനോ മോഷ്ടിക്കുന്നതിനോ കൊലപാതകം നടത്തുന്നതിനോ ഒക്കെ പ്രതിജ്ഞ എടുക്കുന്നതു തെററാണു്. ഇവയെല്ലാം ദൈവത്തിനിഷ്ടമില്ലാത്ത കാര്യങ്ങളുമാണു്.

## ആണയിടൽ

ദൈവത്തെയോ ദൈവത്തോടു ബന്ധപ്പെട്ട മറെറന്തിനെയെങ്കിലുമോ സാക്ഷിയാക്കി ചെയ്യുന്ന പ്രതിജ്ഞയ്ക്കാണു് ആണ എന്നു പറയുന്നതു്. സത്യമാണെന്നു പൂർണ്ണവിശ്വാസമുള്ള ഒരു സംഗതിയെ സംബന്ധിച്ചു് ആണയിടുന്നതു മതിയായ കാരണമുള്ളപ്പോൾ തെററല്ല. എന്നാൽ അസത്യമാണെന്നു തീർച്ചയുള്ള സംഗതി സത്യമാണെന്നു് ആണയിടുന്നതു പാപമാകുന്നു.

"സഹോദരരേ, സ്വർഗ്ഗത്തെയോ ഭൂമിയെയോ മറേറതെങ്കിലും വസ്തുവിനെയോ സാക്ഷിനിറുത്തി ആണയിടരുതു്.

ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിനു് 'ഉവ്വ്'', എന്നു് പറയേണ്ടിടത്തു് 'ഉവ്വ്'' എന്നും, 'ഇല്ല' എന്നു് പറയേണ്ടിടത്തു് 'ഇല്ല' എന്നും ആയിരിക്കട്ടെ നിങ്ങളുടെ ഉത്തരം". (വി. യാക്കോ: 5:12), (വി. മത്തായി 5:34, 37)

3-ാം പ്രമാണം

## സാബത്തു ദിവസം പരിശുദ്ധമായി ആചരിക്കുക

'സാബത്തു്'' ഒരു ഹീബ്ര്യു പദമാണു്. ഇതിൻെറ അർത്ഥം 'ഏഴാംദിവസം' എന്നാകുന്നു. "ആറു ദിവസം ജോലി ചെയ്യുക........ എന്നാൽ ഏഴാംദിവസം നിൻെറ ദൈവമായ കർത്താവിൻെറ സ്വസ്ഥദിനമാണു്. അന്നേ ദിവസം നീ ജോലിചെയ്യുവാൻ പാടില്ല." (പുറപ്പാടു് 20: 9–10) പഴയ നിയമത്തിൽ വിശ്രമത്തിനായുള്ള ഈ ദിവസം ആഴ്ചയിലെ ഏഴാമത്തെ ദിവസമായ ശനിയാഴ്ചയായിരുന്നു. കത്തോലിക്കാസഭ സാബത്തുദിവസം ഞായറാഴ്ചയാക്കി മാററി. ക്രിസ്തുവിൻെറ പുനരുത്ഥാനവും അപ്പസ്തോലന്മാരുടെമേൽ പരിശുദ്ധാത്മാവിൻെറ ആഗമനവും ഞായറാഴ്ച സംഭവിച്ചതുകൊണ്ടാണു തിരുസ്സഭ 'സാബത്തു്'' ഞായറാഴ്ചയാക്കിയതു്.

ഞായറാഴ്ചകളും കടമുള്ള തിരുന്നാളുകളുംവിശുദ്ധമായി ആചരിക്കണം. ആ ദിവസങ്ങളിൽ ദിവ്യബലിയിൽ ഭക്തിപൂർവ്വം പങ്കുകൊള്ളണം; വി. ഗ്രന്ഥം വായിക്കുന്നതിനും മതകാര്യങ്ങൾ പഠിക്കുന്നതിനും സമയം കണ്ടെത്തണം. കൂടാതെ മററുള്ളവർക്കു് കഴിയുന്നിടത്തോളം നന്മ ചെയ്യുകയും വേണം.

4-ാം പ്രമാണം

## മാതാപിതാക്കന്മാരെ ബഹുമാനിക്കുക

നാലാംപ്രമാണം അനുസരിച്ച് മാതാപിതാക്കന്മാരെ നാം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. പാപകരമല്ലാത്ത എല്ലാ സംഗതികളിലും അവരെ അനുസരിക്കേണ്ടതാണ്. അവരുടെ ആവശ്യങ്ങളിൽ സഹായിക്കുവാനും നമുക്കു ചുമതലയുണ്ട്.

## വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്

"നിൻെറ പിതാവിനെ ബഹുമാനിക്കുക; നിൻെറ അമ്മയുടെ നെടുവീർപ്പുകളെ വിസ്മരിക്കരുത്. അവർ വഴിയല്ലാതെ നീ ജനിക്കുമായിരുന്നില്ലയെന്നു സ്മരിക്കുക. അവക്ക് പ്രത്യുപകാരം ചെയ്യുക." (സഭാ പ്രസംഗകൻ 7: 29,30)

"നിൻെറ പിതാവിൻെറ വാർദ്ധക്യകാലത്തു നീ അവനെ സംരക്ഷിക്കുക. അവന്റെ ജീവിതത്തിൽ നീ അവനെ ദുഃഖിപ്പിക്കരുത്. അവൻെറ ബുദ്ധി കെട്ടുപോയെങ്കിൽ അവനോട്ട് ക്ഷമയുള്ളവനായിരിക്കുക."
(സഭാ പ്രസംഗകൻ 3: 14,15)

"കുട്ടികളേ, നിങ്ങളുടെ മാതാപിതാക്കന്മാരെ കർത്താവിൽ നിങ്ങൾ അനുസരിക്കുവിൻ......അങ്ങനെ ചെയ്താൽ നിനക്കു നന്മയുണ്ടാകും; ഭൂമിയിൽ നീ ദീർഘായുഷ്മാനായിരിക്കും." (എഫേസ്യ 6: 1-3)

"കുട്ടികളേ, സകല കാര്യങ്ങളിലും നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. അതു നമ്മുടെ കർത്താവിനു് ഏററവും പ്രീതികരമാണ്." (കൊളോസ്യ 3: 20)

## എതിരായ പാപങ്ങൾ

മാതാപിതാക്കന്മാരോടുള്ള അനുസരണയില്ലായ്മയും സ്നേഹശൂന്യമായ വാക്കും പെരുമാററവും, അവരുടെ ന്യായമായ ആവശ്യങ്ങൾ അവഗണിക്കുന്നതും ശാരീരികമായോ മാനസികമായോ അവരെ വേദനിപ്പിക്കുന്നതും നാലാം പ്രമാണത്തിനെതിരായ പാപങ്ങളാണ്.

"തൻെറ പിതാവിനെ ഉപേക്ഷിക്കുന്നവൻെറ ദുഷ്കീർത്തി എത്ര വലുതു്; തൻെറ മാതാവിനെ ദ്വേഷിക്കുന്നവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാകുന്നു."

(സഭാ പ്രസംഗകൻ 3: 18)

"അപ്പനെയോ അമ്മയെയോ നിന്ദിക്കുന്നവൻ ശപിക്കപ്പെട്ടവനാകുന്നു" (ആവർത്തനം 27: 16)

## അനുസരിക്കുക

വൈദികരേയും അദ്ധ്യാപകരേയും മററു് അധികാരികളേയും അനുസരിക്കുവാൻ നമുക്കു കടമയുണ്ടു്. എന്തെന്നാൽ അധികാരദാതാവായ ദൈവത്തിൽനിന്നാണ് അവർക്കു നമ്മുടെമേൽ അധികാരം ലഭിച്ചിട്ടുള്ളതു്.

"ഏതു മനുഷ്യനും ശ്രേഷ്ഠാധികാരികൾക്കു കീഴ്പ്പെട്ടിരിക്കട്ടെ. ദൈവത്തിൽനിന്നല്ലാതെ യാതൊരധികാരവും ഇല്ല. അധികാരങ്ങളെല്ലാം ദൈവത്താൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു." (റോമ 13: 1-2)

## മാതാപിതാക്കൾക്കുള്ള കടമകൾ

മക്കൾക്കു് ആവശ്യമുള്ള ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം മുതലായ ജീവിതാവശ്യങ്ങൾ കഴിവനുസരിച്ചു സാധിച്ചുകൊടുക്കുക മാതാപിതാക്കന്മാരുടെ പ്രഥമവും പ്രധാനവുമായ ചുമതലയാണു്. മക്കൾക്കു നല്ല മാതൃക കാണിച്ചു

87516



കൊടുക്കുക, സത്യവിശ്വാസത്തിൽ അവരെ വളർത്തുക, ദൈവകല്പനകൾ അനുസരിച്ചു നല്ല ജീവിതം നയിക്കാൻ സന്താനങ്ങളെ പരിശീലിപ്പിക്കുക, ദുഷിച്ച കൂട്ടുകെട്ടിൽ നിന്നു അവരെ അകററുക, നല്ല ജീവിതമാർഗ്ഗം തെരഞ്ഞെടുക്കുവാൻ അവരെ സഹായിക്കുക തുടങ്ങിയവയും മാതാപിതാക്കന്മാരുടെ കടമകളാണു്.

"പിതാക്കന്മാരേ, മക്കളെ നിങ്ങൾ കോപിപ്പിക്കരുതു്. നമ്മുടെ കർത്താവിൻെറ ശിക്ഷണത്തിലും ഉപദേശത്തിലും അവരെ വളർത്തുവിൻ." (എഫേ. 6: 4)

ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ടായിരിക്കേണ്ട സ്നേഹവും പരസ്പരം കാണിക്കേണ്ട ബഹുമാനവും അനുഷ്ഠിക്കേണ്ട ധർമ്മങ്ങളും നാലാംപ്രമാണത്തിൽ പെടുന്നുണ്ടു്.

5-ാം പ്രമാണം

## കൊല്ലരുതു്

ആത്മാവും ശരീരവും ചേർന്നതാണു മനുഷ്യൻ. ഇവ രണ്ടും യോജിച്ചു നില്ക്കുമ്പോഴാണു മനുഷ്യൻ ജീവിക്കുക. മറെറാരു മനുഷ്യൻെറ ശാരീരികജീവനെ മന:പൂർവ്വം നശിപ്പിക്കുന്നതാണു കൊലപാതകം. മനുഷ്യശരീരത്തിന്മേലും ആത്മാവിന്മേലും പരമാധികാരം ദൈവത്തിനു മാത്രമേയുള്ളൂ. ദൈവത്തിൻെറ പരമാധികാരത്തിന്മേൽ കൈകടത്തുവാൻ ഒരു മനുഷ്യനും അവകാശമില്ല. ഒരു മനുഷ്യൻ മറെറാരു മനുഷ്യനെ കൊല്ലുമ്പോൾ മനുഷ്യാത്മാവിന്മേലും ശരീരത്തിന്മേലും ദൈവത്തിനുള്ള പരമാധികാരത്തെ മനുഷ്യൻ ചോദ്യംചെയ്യുകയാണു്. അതുകൊണ്ടു് ഒരു മനുഷ്യനും മറെറാരുത്തൻെറ ശരീരത്തെയോ ആത്മാവിനെയോ ഉപദ്രവിക്കാനോ നശിപ്പിക്കുവാനോ അവകാശമില്ല. അപ്രകാരം ആരും ചെയ്യരുതെന്നു് അഞ്ചാംപ്രമാണം നമ്മോടു് ആവശ്യപ്പെടുന്നു.

Dharmaram College Library
Bangalore-29

ഒരാളുടെ ജീവൻ നശിപ്പിക്കുന്നതു മാത്രമല്ല കൊലപാതകം. വി. യോഹന്നാൻ പറയുന്നു: "തൻെറ സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണു്; കൊലപാതകിയിൽ നിത്യജീവനില്ലെന്നു നിങ്ങൾക്കറിയാമല്ലോ." (1 യോഹന്നാൻ 3: 15). ഈശോ അരുളിച്ചെയ്യുന്നതു ശ്രദ്ധിക്കുക: "സഹോദരനോടു കോപിക്കുന്ന ഏവനും ന്യായവിധിക്കു വിധേയനാകും" (വി. മത്തായി 5: 22) ആകയാൽ കോപം, വിദ്വേഷം, പ്രതികാരം, പരദൂഷണം, ദുർമ്മാതൃക, തുടങ്ങിയവയെല്ലാം കൊലപാതകമെന്ന പാപത്തിൻെറ പരിധിയിൽപ്പെടുന്നു.

## ആത്മഹത്യ

ജീവൻെറയും മരണത്തിൻെറയും നാഥനായ ദൈവത്തിന്റെ ദാനമാണു് മനുഷ്യജീവൻ. ദൈവത്തിനു മാത്രമേ അതു് എടുക്കുവാൻ അവകാശമുള്ളു. സ്വയം ജീവനെ നശിപ്പിക്കുന്നതാണു് ആത്മഹത്യ. ഇതു മാരകപാപമാണു്.

6-ാം പ്രമാണം

## വ്യഭിചാരം ചെയ്യരുതു്

പുരുഷനും സ്ത്രീക്കും ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ള പ്രത്യേകാനുഗ്രഹമാണു ലൈംഗികവാസന. സൃഷ്ടികർമ്മത്തിൽ ദൈവത്തോടു സഹകരിച്ചു പ്രവർത്തിക്കുവാൻ മനുഷ്യനു നല്കിയിട്ടുള്ളതാണു് ഈ അനുഗ്രഹം. വിവാഹിതർക്കു മാത്രമേ ഈ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ അവകാശമുള്ളു, ലൈംഗികമായ ഈ കഴിവുകളെ വിവാഹജീവിതത്തിലൂടെയല്ലാതെ വിനിയോഗിക്കുന്നതാണു വ്യഭിചാരം.

അവിവാഹിതർ അറിവോടും സമ്മതത്തോടുംകൂടി ആസ്വദിക്കുന്ന എല്ലാ ലൈംഗികസുഖങ്ങളും അവശ്യകാര

ണമാകുന്ന വിചാരം, ആഗ്രഹം, നോട്ടം, കേൾവി, സ്പർശനം, വാക്കു്, പ്രവൃത്തി എന്നിവയുമെല്ലാം ആറാംപ്രമാണത്തിനെതിരാണു്.

## ഉതപ്പ്

മററുള്ളവരെ പാപം ചെയ്യുവാൻ പ്രേരിപ്പിക്കുകയോ മററുള്ളവർക്കു പാപകാരണമാകുകയോ ദൈവത്തോടും മതത്തോടും മററുള്ളവർക്കു ബഹുമാനക്കുറവുണ്ടാക്കുകയോ ചെയ്യുന്ന വാക്കുകളോ പ്രവൃത്തികളോ ആണു് ഉതപ്പ്.

അടക്കത്തിനു യോജിക്കാത്തവിധം വസ്ത്രം ധരിക്കുക, സാഹചര്യങ്ങളിലേക്കു മററുള്ളവരെ നയിക്കുക, ദൈവികകാര്യങ്ങളെക്കുറിച്ചു പരിഹാസപൂർവ്വം സംസാരിക്കുക, അശ്ലീലഗ്രന്ഥങ്ങൾ മററുള്ളവർക്കു വായിക്കുവാൻ കൊടുക്കുക, ദുഷിച്ച സിനിമകൾ, നാടകങ്ങൾ എന്നിവ കാണുവാൻ പ്രേരിപ്പിക്കുക മുതലായവ ഉതപ്പുണ്ടാക്കുന്ന കാര്യങ്ങളാണു്.

''എന്നിൽ വിശ്വസിക്കുന്ന ഈ കുട്ടികളിൽ ഒരുവനു് ആരെങ്കിലും ഇടർച്ച വരുത്തിയാൽ അവൻെറ കഴുത്തിൽ ഒരു വലിയ തിരികല്ലു കെട്ടി സമുദ്രഗർത്തത്തിൽ താഴ്ത്തപ്പെടുകയത്രേ അവനു നന്നു്'' (വി. മത്തായി 18: 6)

7-ാം പ്രമാണം

## മോഷ്ടിക്കരുതു്

മററുള്ളവരുടെ വസ്തുവകകൾ കവർന്നെടുക്കരുതെന്നും ഇടപാടുകളിൽ വാക്കു പാലിക്കണമെന്നും നഷ്ടപ്പെടുത്തിയ അന്യരുടെ സമ്പത്തിനും കീർത്തിക്കും പരിഹാരം ചെയ്യണമെന്നും ഉടമ്പടികളിൽ ചതിവു പാടില്ലെന്നുമാണു് ഏഴാം പ്രമാണം നമ്മോടാവശ്യപ്പെടുന്നതു്.

## എതിരായ പാപങ്ങൾ

കവച്ച്യയോ മോഷണമോ ചെയ്യുക, കടം വാങ്ങിയതു തിരിച്ചു കൊടുക്കാതിരിക്കുക, ജോലി ചെയ്യാതെ കൂലി വാങ്ങുക, ജോലി ചെയ്യുവനു ന്യായമായ കൂലി കൊടുക്കാതിരിക്കുക, സ്വകുടുംബത്തെ സംരക്ഷിക്കാതെ പണം ധൂർത്തടിക്കുക, അന്യായമായ പലിശയ്ക്കു പണം കടം കൊടുക്കുക, കളഞ്ഞു കിട്ടിയ വസ്തുക്കൾ ഉടമസ്ഥൻ ആരെന്നറിഞ്ഞിട്ടും തിരിച്ചു നല്കാതിരിക്കുക, കൈക്കൂലി ആവശ്യപ്പെടുക, മററുള്ളവരുടെ വസ്തുക്കൾക്കു മനഃപൂർവ്വം കേടു വരുത്തുക, നശിപ്പിക്കുക തുടങ്ങിയവ ഏഴാം പ്രമാണത്തിനെതിരായിട്ടുള്ള പാപങ്ങളാണ്.

ഏഴാം പ്രമാണത്തിനെതിരായി പാപങ്ങൾ ചെയ്താൽ കുമ്പസാരത്തിൽ ഏററുപറഞ്ഞതുകൊണ്ടുമാത്രം പാപമോചനം ലഭിക്കുകയില്ല. പ്രത്യുത, പാപംവഴി അന്യർക്കു വരുത്തിയ എല്ലാവിധ നാശനഷ്ടങ്ങൾക്കും കഴിവുള്ള പരിഹാരം ചെയ്യുകകൂടി വേണം. എന്തെന്നാൽ, "ഒടുവിലത്തെ ചില്ലിക്കാശുപോലും കൊടുത്തുവീട്ടാതെ നീ അവിടെനിന്നു വിമുക്തനാകുകയില്ല'' എന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നു.

8-ാം പ്രമാണം

### അയൽക്കാരനെതിരായി കള്ളസ്സാക്ഷി പറയരുത്

സത്യത്തിനു സാക്ഷ്യം വഹിക്കുവാനായി ഭൂമിയിലവതരിച്ച ക്രിസ്തു (വി. യോഹന്നാൻ 18: 37) ആണ് നമ്മുടെ മാതൃക. അവിടുത്തെ മാതൃക അനുസരിച്ചു നാം നമ്മുടെ ജീവിതത്തിൽ സത്യത്തിനു സാക്ഷ്യം വഹിക്കണം; എല്ലാ സംഗതികളിലും സത്യം പറയണം. അന്യരുടെ സൽപ്പേരും

അഭിമാനവും കളങ്കപ്പെടുത്താതിരിക്കുവാനും നാം ശ്രദ്ധിക്കണം. ഇതാണ് എട്ടാം പ്രമാണത്തിലടങ്ങിയിരിക്കുന്നതു്.

''ഒരുവനും അയൽക്കാരനോടു വ്യാജം പറയരുതു്; സത്യംമാത്രം പറയുക. എന്തെന്നാൽ നാമോരോരുത്തരും പരസ്പരംഅവയവങ്ങളാണു്'' (എഫേസ്യ. 4: 25).

## വിരുദ്ധമായ പാപങ്ങൾ

നുണ പറയുക, അന്യരെപ്പററി വാസ്തവവിരുദ്ധമായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുക, കള്ളസ്സാക്ഷി പറയുക, മററുള്ളവർക്കു മാനഹാനി വരുത്തുക, അനുവാദം കൂടാതെ അന്യരുടെ രഹസ്യങ്ങൾ വെളിപ്പെടുത്തുക തുടങ്ങിയവയൊക്കെ എട്ടാം പ്രമാണത്തിനു വിരുദ്ധമായ പാപങ്ങളാണു്.

## നുണ

മററുള്ളവരെ ചതിക്കണമെന്ന വിചാരത്തോടെ സത്യമാണെന്നു നമുക്കറിയാവുന്നതും നാം വിശ്വസിക്കുന്നതുമായ കാര്യങ്ങൾക്കു വിരുദ്ധമായി പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതാകുന്നു നുണ.

പ്രഥമ ശ്രവണത്തിൽ നുണ ഒരു ലഘുപാപമാണെന്നു തോന്നുമെങ്കിലും സാഹചര്യമനുസരിച്ചു നുണ ഗൗരവമായ പാപമാകാം. കുമ്പസാരത്തിൽ ബോധപൂർവ്വം പറയുന്ന നുണകളും മററുള്ളവരുടെ മനഃസമാധാനത്തെ തകർക്കാൻ ഇടവരുത്തുന്ന നുണകളും മററും ഗൗരവമുള്ള പാപങ്ങൾ തന്നെ.

നുണ പറഞ്ഞു് ആരുടെയെങ്കിലും സൽപ്പേരിനെ കളങ്കപ്പെടുത്തിയാൽ കുമ്പസാരത്തിലൂടെ ആ പാപം ഏററു

പറഞ്ഞാൽമാത്രം പോരാ, നാം വരുത്തിയ മാനഹാനി പരിഹരിക്കാൻ ആവുന്നതെല്ലാം ചെയ്യുകയും വേണം.

## അപവാദം

മററുള്ളവരോടുള്ള അസൂയയും പകയും കാരണം അവരെപ്പററി സത്യമല്ലാത്ത കാര്യങ്ങൾ ആരെയും വിശ്വസിപ്പിക്കുന്ന തരത്തിൽ പ്രചരിപ്പിക്കുന്നതാണ് അപവാദം. അപവാദം മാനഹാനിക്കും ചിലപ്പോൾ ചിലരുടെ ആത്മഹത്യയ്ക്കുപോലും ഇടയാക്കുന്നതാണ്.

നാവിനെ നിയന്ത്രിക്കേണ്ടതു് ഏററവും ആവശ്യമാണ്. ''വാക്കുവഴി ആരേയും ഉപദ്രവിക്കാത്തവൻ പരിപൂർണ്ണനാണ്'' (വി. ജയിംസ് 3: 2).

## പരദൂഷണം

മററുള്ളവരുടെ സാന്നിദ്ധ്യത്തിൽ ഒരാൾക്കു മാനഹാനി വരത്തക്കവിധം പറയുന്ന വാക്കുകളാണ് പരദൂഷണം. പരദൂഷണംവഴി മററുള്ളവരെ നാം അപമാനിക്കുമ്പോൾ ക്രിസ്തുനാഥൻെറ ഈ വാക്കുകൾ ഓർക്കുക: ''ആരെയും വിധിക്കാതിരിക്കുക; എന്നാൽ നിങ്ങളും വിധിക്കപ്പെടുകയില്ല. നിങ്ങൾ എപ്രകാരം വിധിക്കുന്നോ അപ്രകാരം നിങ്ങളും വിധിക്കപ്പെടും'' (വി. മത്തായി 7: 1).

''അന്യരെ വിധിക്കുന്ന മനുഷ്യാ, നീ ആരായിരുന്നാലും നിനക്കു് ഒഴിവുകഴിവൊന്നുമില്ല. നീ അന്യനെ വിധിക്കുമ്പോൾ നിന്നെത്തന്നെ വിധിക്കുന്നു; എന്തെന്നാൽ തെററന്നു വിധിക്കുന്നവതന്നെ നീ പ്രവർത്തിക്കുന്നു'' (റോമ. 2: 1)

9-ാം പ്രമാണം

## അന്യൻെറ ഭാര്യയെ മോഹിക്കരുത്

വിവാഹജീവിതത്തിൻെറ വിശ്വസ്തതയ്ക്കും വിശുദ്ധിക്കും അഭേദ്യതയ്ക്കും വിരുദ്ധമായ വിചാരങ്ങളും ആഗ്രഹങ്ങളും പ്രവൃത്തികളും ഒമ്പതാം പ്രമാണത്താൽ വിലക്കപ്പെട്ടിരിക്കുന്നു. കൂടാതെ അശുദ്ധവിചാരങ്ങളും ആഗ്രഹങ്ങളും അവയിലുള്ള മനഃപൂർവ്വമായ ആനന്ദംകൊള്ളലും ഈ കല്പനയ്ക്കെതിരാണ്.

## പ്രലോഭനങ്ങൾ

ശുദ്ധതയ്ക്കെതിരായ പ്രലോഭനങ്ങൾ അവയിൽത്തന്നെ പാപമല്ല. എന്നാൽ പ്രലോഭനങ്ങൾക്കു മനഃപൂർവ്വം അവസരം സൃഷ്ടിക്കുകയോ അവയെ ചെറുക്കാതെ സ്വയം കീഴടങ്ങുകയോ ചെയ്യുന്നതു പാപമാണ്. പ്രലോഭനങ്ങളിൽനിന്നു രക്ഷപ്രാപിക്കുവാൻ പ്രധാനമാർഗ്ഗം പ്രാർത്ഥനയിലൂടെ ദൈവസഹായംതേടുന്നതും ജാഗ്രതയോടെവ്യാപരിക്കുന്നതുമാണ്. ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നു: ''പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ'' (വി. മത്തായി 26: 41).

10-ാം പ്രമാണം

## അന്യൻെറ വസ്തുക്കൾ മോഹിക്കരുത്

ദൈവത്തിൻെറ ദാനമാണു ഭൂമിയിലെ വസ്തുവകകൾ. നാം അവയുടെ ഉടമസ്ഥരല്ല, സൂക്ഷിപ്പുകാർമാത്രമാണ്. മററുള്ളവർക്കു നന്മചെയ്യുവാൻവേണ്ടി നമ്മുടെ ധനം വിനിയോഗിക്കണം. നമുക്കുള്ള സമ്പത്തുകൊണ്ടു നാം സംതൃപ്തരാകേണ്ടതാണ്. മററുള്ളവരുടെ ഐശ്വര്യത്തിൽ നാം അസൂയപ്പെടരുത്. സന്തോഷിക്കണം. പത്താംപ്രമാണം നമ്മോടു കല്പിക്കുന്നതു് ഇവയൊക്കെയാണ്.

അന്യരുടെ വസ്തുക്കൾ അന്യായമായി കൈവശപ്പെടുത്താനുള്ള ആഗ്രഹവും ലൗകികവസ്തുവകകളോടുള്ള അമിതമായ താല്പര്യവും പത്താംപ്രമാണത്തിനെതിരാണ്.

"സകല തിന്മകളുടേയും മൂലം ധനമോഹമാണ്. പലരും പണം മോഹിച്ച് വിശ്വാസത്തിൽനിന്നകന്ന് അനേകം ക്ലേശങ്ങളിൽ അകപ്പെട്ടിട്ടുണ്ട്" (1 തിമോത്തി 6: 10).

## നിങ്ങളുടെ നിക്ഷേപം സ്വർഗ്ഗത്തിലായിരിക്കട്ടെ

ഭൗതികവസ്തുക്കളോടും ലോകജീവിതത്തോടുമുള്ള അമിതമായ സ്നേഹം നമ്മെ ദൈവത്തിൽനിന്നകറ്റും. ഒരാൾക്ക് ഒരേസമയത്തു രണ്ടു യജമാനന്മാരെ സേവിക്കുക സാദ്ധ്യമല്ല (വി. മത്തായി 6: 24). അതുകൊണ്ട് "ഭൂമിയിൽ നിങ്ങൾക്കായി നിങ്ങൾ നിക്ഷേപങ്ങൾ സംഭരിക്കരുത്; തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ അതു കുത്തിക്കവരും; ആകയാൽ, സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സംഭരിക്കുവിൻ" (വി. മത്തായി 6: 19-20).

## കല്പനകളുടെ സംഗ്രഹം

പത്തു കല്പനകളുടേയും രത്നച്ചുരുക്കമിതാണ്: "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും സർവശക്തിയോടുംകൂടെ സ്നേഹിക്കുക; നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക" (വി. ലൂക്കാ 10: 27).

ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾപോലെയാണ ദൈവസ്നേഹവും പരസ്നേഹവും. "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നതെങ്ങനെ? ദൈവത്തെ സ്നേഹിക്കുന്നവൻ തന്റെ സഹോദരനേയും സ്നേഹിക്കണം" (1 യോഹ. 4: 20, 21).

ചോദ്യങ്ങൾ :—

1. ഒന്നാംപ്രമാണം നമ്മോട്ട് ആവശ്യപ്പെടുന്നതെന്തു്?
2. ആരാധന എന്നാലെന്തു്?
3. വിഗ്രഹാരാധന എന്നാലെന്തു്?
4. കപടഭക്തി എന്നാലെന്തു്?
5. ആരാണു് വിശുദ്ധർ? അവരെ എങ്ങനെയാണു് ബഹുമാനിക്കേണ്ടതു്?
6. സ്വരൂപവണക്കം എന്നാലെന്തു്?
7. ദൈവവിശ്വാസമെന്നാലെന്തു്?
8. ദൈവശരണമെന്നാലെന്തു്?
9. ദൈവസ്നേഹമെന്നാലെന്തു്?
10. രണ്ടാംപ്രമാണം നമ്മോട്ട് എന്തു് ആവശ്യപ്പെടുന്നു?
11. രണ്ടാംപ്രമാണത്തിനു് എതിരായ പാപങ്ങൾ ഏവ?
12. ദൈവദോഷമെന്നാലെന്തു്?
13. ശാപം എന്നാലെന്തു്?
14. ശപഥം എന്നാലെന്തു്?
15. ആണയിടൽ എന്നാലെന്തു്?
16. മൂന്നാം പ്രമാണം അനുശാസിക്കുന്നതെന്തു്?
17. നാലാം പ്രമാണം നമ്മോട്ട് ആവശ്യപ്പെടുന്നതെന്തു്?
18. ഇതിനു് എതിരായ പാപങ്ങൾ ഏവ?
19. മാതാപിതാക്കൾക്കുള്ള കടമകൾ ഏതൊക്കെ?
20. അഞ്ചാം പ്രമാണം നമ്മോട്ട് ആവശ്യപ്പെടുന്നതെന്തു്?
21. ആത്മഹത്യ എന്നാലെന്തു്?
22. വ്യഭിചാരം എന്ന പാപം എന്താകുന്നു?
23. ആറാം പ്രമാണത്തിനെതിരായ പാപങ്ങൾ ഏവ?
24. ഉതപ്പ് എന്നാലെന്തു്?
25. ഏഴാം പ്രമാണം നമ്മോട്ട് ആവശ്യപ്പെടുന്നതെന്തു്?
26. ഏഴാം പ്രമാണത്തിനെതിരായ പാപങ്ങൾ ഏവ?
27. എട്ടാം പ്രമാണത്തിൽ എന്താണു് അടങ്ങിയിരിക്കുന്നതു്?
28. എട്ടാം പ്രമാണത്തിനു് വിരുദ്ധമായ പാപങ്ങൾ ഏവ?
29. നുണ എന്നാലെന്തു്?
30. അപവാദം എന്നാലെന്തു്?
31. പരദൂഷണം എന്നാലെന്തു്?
32. ഒമ്പതാം പ്രമാണത്താൽ വിലക്കപ്പെട്ടിരിക്കുന്നതെന്തു്?
33. പത്താം പ്രമാണം നമ്മോട്ട കല്പിക്കുന്നതെന്താണു്?
34. പത്താം പ്രമാണത്തിനെതിരായ പാപങ്ങൾ ഏവ?
35. പത്തു കല്പനകളുടേയും രത്നച്ചുരുക്കമെന്തു്?

---

# VI

# തിരുസ്സഭയുടെ കല്പനകൾ

## തിരുസ്സഭയും കല്പനകളും

''നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും ബന്ധിക്കപ്പെട്ടും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടും.'' (വി. മത്തായി 18: 18) എന്നരുളിച്ചെയ്തുകൊണ്ടു സഭാംഗങ്ങൾക്കുവേണ്ടിയുള്ള നിയമനിർമ്മാണാധികാരം ഈശോ തിരുസ്സഭയ്ക്കു നല്കി. ഈ അധികാരം ഉപയോഗിച്ചു തിരുസ്സഭ ചില കല്പനകൾ ഉണ്ടാക്കി. തിരുസ്സഭയുടെ പൊതുവായ നന്മയ്ക്കുവേണ്ടിയാണു് ഈ കല്പനകൾ നിർമ്മിച്ചിട്ടുള്ളതു്. ഇവ അനുസരിക്കുവാൻ തിരുസ്സഭാംഗങ്ങൾക്കെല്ലാം കടമയുണ്ടു്. തിരുസ്സഭയുടെ കല്പനകളിൽ കാലത്തിനനുസരിച്ചു മാററം വരുത്തുവാൻ മാർപ്പാപ്പയ്ക്കു് അധികാരമുണ്ടു്.

### 1. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും വി. കുർബാനയിൽ പങ്കുകൊള്ളുക

ദൈവത്തിന്റെ മൂന്നാം പ്രമാണവുമായി ബന്ധപ്പെട്ടതാണു തിരുസ്സഭയുടെ ഈ കല്പന. എല്ലാ ഞായറാഴ്ചകളിലും തിരുസ്സഭ കടമുള്ളതായി പ്രഖ്യാപിച്ചിട്ടുള്ള ദിവസങ്ങളിലും വി. കുർബാനയിൽ ഭക്തിപൂർവ്വം പങ്കുകൊള്ളണമെന്നു് ഈ കല്പന നമ്മോടാവശ്യപ്പെടുന്നു. മന:പൂർവ്വം ഈ

ദിവസങ്ങളിൽ വി. ബലിയിൽ പങ്കുകൊള്ളാതിരിക്കുന്നതു മാരകപാപമാണ്. എന്നാൽ രോഗം, പ്രായാധിക്യം തുടങ്ങിയ തക്കകാരണങ്ങളാൽ വി. കുർബാനയിൽ സംബന്ധിക്കാതിരിക്കുന്നതു പാപമാകുകയില്ല.

മാതാപിതാക്കളും രക്ഷകർത്താക്കളും മററധികാരികളും തങ്ങളുടെ സംരക്ഷണയിൽ കഴിയുന്ന കുട്ടികളേയും മററുള്ളവരേയും ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും വി. കുർബാനയിൽ പങ്കുകൊള്ളുവാൻ സൗകര്യപ്പെട്ടുത്തേണ്ടതാണ്.

## ഇൻഡ്യയിൽ കടമുള്ള തിരുനാളുകൾ

1. തോമ്മാശ്ലീഹായുടെദുക്റാനാത്തിരുന്നാൾ: ജൂലൈ 3
2. മാതാവിൻെറ സ്വർഗ്ഗാരോപണം: ആഗസ്റ്റ് 15
3. ക്രിസ്മസ്: ഡിസംബർ 25

## 2. ആണ്ടിൽ ഒരിക്കലെങ്കിലും കുമ്പസാരിക്കുക; പെസഹാക്കാലത്തു പരി. കുർബ്ബാന ഉൾക്കൊള്ളുക

തിരിച്ചറിവുവന്ന എല്ലാ സഭാംഗങ്ങളും ഈ കല്പന അനുസരിക്കുവാൻ കടപ്പെട്ടവരാണ്. അമ്പതു നോമ്പിൻെറ ആരംഭം മുതൽ പരിശുദ്ധ ത്രിത്വത്തിൻെറ തിരുന്നാളിൻെറ * തലേദിവസം വരെയുള്ള കാലമാണ് പെസഹാക്കാലം. ഈ കാലയളവിൽ സഭാംഗങ്ങൾ വിശുദ്ധ കുർബ്ബാന സ്വീകരിക്കേണ്ടതാണ്.

എന്നാൽ കൂടെക്കൂടെ കുമ്പസാരിക്കുന്നതും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുമ്പോഴെല്ലാം ദിവ്യകാരുണ്യം സ്വീകരിക്കുന്നതും അഭിലഷണീയമാണ്. പുണ്യത്തിൽ കൂടുതൽ അഭിവൃദ്ധിപ്പെടുവാൻ ഇതു നമ്മെ സഹായിക്കും.

* പെന്തക്കുസ്താ തിരുനാൾ കഴിഞ്ഞുവരുന്ന ഒന്നാം ഞായറാഴ്ച.

### 3. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ഉപവസിക്കുക; വിലക്കപ്പെട്ട ഭക്ഷണസാധനങ്ങൾ ഉപയോഗിക്കാതിരിക്കുക

7 വയസ്സു മുതൽ എല്ലാവരും വെള്ളിയാഴ്ചകളിൽ മാംസം വർജ്ജിക്കേണ്ടതാണ്. 21 വയസ്സു മുതൽ 60 വയസ്സുവരെയുള്ള എല്ലാ വിശ്വാസികളും അമ്പതുനോമ്പിലെ ആദ്യബുധനാഴ്ചയും (വിഭൂതി) ദുഃഖവെള്ളിയാഴ്ചയും മാംസം വർജ്ജിച്ചു ഉപവാസം അനുഷ്ഠിക്കാനും കടപ്പെട്ടിരിക്കുന്നു. ഇവർ ഈ ദിവസങ്ങളിൽ ഒരു പ്രാവശ്യം മാത്രമേ പൂർണ്ണഭക്ഷണം * കഴിക്കാവൂ.

ഈ കല്പന ആത്മനിഗ്രഹത്തിൻേറയും പ്രായശ്ചിത്തത്തിൻേറയും ആവശ്യകത നമുക്കു മനസ്സിലാക്കിത്തരുന്നു. ശരീരത്തിൻെറ ദുരാശകളെ അമർത്തുന്നതിനു് ഉപവാസവും പ്രായശ്ചിത്തവും നമ്മെ സഹായിക്കുന്നു.

### 4, തിരുസ്സഭ നിശ്ചയിക്കുന്ന വിവാഹനിയമങ്ങൾ പാലിക്കുക

ആഗമനകാലത്തും വിഭൂതി ബുധനാഴ്ച മുതൽ ഉയിർപ്പു ഞായർവരെയുള്ള ദിവസങ്ങളിലും വിവാഹം നടത്തിക്കൂടെന്നു തിരുസ്സഭ കല്പിക്കുന്നു. നിയമപ്രകാരം പ്രായമാകാത്തവർ, രക്തബന്ധമുള്ളവർ, വൈദികപട്ടമോ സന്യാസവ്രതമോ സ്വീകരിച്ചവർ, ഭാര്യ ജീവിച്ചിരിക്കുന്ന ഭർത്താവു്, ഭർത്താവു ജീവിച്ചിരിക്കുന്ന ഭാര്യ എന്നിവരുമായി വിവാഹം നടത്തുന്നതു കുററകരമായി തിരുസ്സഭ പ്രഖ്യാപിക്കുന്നു.

---

* രോഗികൾ, ഗർഭിണികൾ, ദാരിദ്ര്യംകൊണ്ടു വലയുന്നവർ, കഠിനമായ കായികാദ്ധ്വാനം ചെയ്യുന്നവർ തുടങ്ങിയവർ ഈ നിയമത്തിൽനിന്നു് ഒഴിവാക്കപ്പെട്ടിട്ടുണ്ടു്.

മേല്പറഞ്ഞ തടസ്സങ്ങളെന്തെങ്കിലുമുള്ളപക്ഷം വിവാഹത്തിനുമുമ്പ് അക്കാര്യം ഇടവകവികാരിയെ അറിയിക്കണം. ഈദൃശ തടസ്സങ്ങളെക്കുറിച്ച് അറിവു ലഭിക്കുന്നതിനു വേണ്ടികൂടെയാണു വിവാഹനിശ്ചയവാർത്ത മുൻകൂട്ടി പള്ളിയിൽ പരസ്യപ്പെടുത്തുന്നതു്.

## 5. ദേവാലയത്തിൻേറയും വൈദികരുടേയും സംരക്ഷണത്തിനു ധനസഹായം ചെയ്യുക

ദൈവത്തിൻെറ പ്രതിപുരുഷന്മാരായ മെത്രാന്മാരും വൈദികരും മററും നമ്മുടെ ആത്മീയ പാലകരും ഗുരുക്കന്മാരുമാണു്. അവരുടെ ജീവിതച്ചെലവുകൾ വഹിക്കുവാൻ നമുക്കു ചുമതലയുണ്ടു്. "ദേവാലയത്തിൽ സേവനമനുഷ്ഠിക്കുന്നവൻ ദേവാലയംകൊണ്ടു ജീവിക്കുന്നെന്നും ബലിപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യുന്നവനു ബലിപീഠത്തിലെ വഴിപാടുകളിൽ പങ്കുണ്ടെന്നും നിങ്ങൾക്കറിഞ്ഞുകൂടെ? അതുപോലെ സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷം കൊണ്ടു് ഉപജീവനം നടത്തണം." (I കൊറി 9: 13. 14) ഇതനുസരിച്ചു സഭാദ്ധ്യക്ഷന്മാരുടെ നിർദ്ദേശപ്രകാരം നമ്മുടെ വരുമാനത്തിൻെറ നിശ്ചിത ഓഹരി നാം ദൈവാലയത്തിനു കൊടുക്കണം. സഭയുടെ വളർച്ചയിലുള്ള നമ്മുടെ താല്പര്യത്തിൻെറയും സഭാധികാരികളോടുള്ള കൃതജ്ഞതയുടേയും ഒരു തെളിവാണിതു്.

## കല്പനകളും നാമും

തിരുസ്സഭ നമുക്കു നല്കിയിരിക്കുന്ന ഈ കല്പനകളെല്ലാം അനുസരിക്കുവാൻ നമുക്കു കടമയുണ്ടു്: "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു. എന്നെ നിരസിക്കുന്നവൻ എന്നെ അയച്ചവനെ നിരസിക്കുന്നു." (വി. ലൂക്കാ 10: 16)

എന്നു് ഈശോ അരുൾചെയ്തിരിക്കുന്നു. ഈശോയെ അനുസരിക്കാതിരിക്കുന്നതു പാപമാണു്. അപ്പോൾ ക്രിസ്തു സ്ഥാപിച്ച തിരുസ്സഭയുടെ കല്പനകൾ അനുസരിക്കാതിരിക്കുന്നതും പാപമാണു്.

തിരുസ്സഭയുടെ കല്പനകൾ ലംഘിക്കുന്നവർ തിരുസ്സഭയുടെ ആനുകൂല്യങ്ങൾക്കു് അർഹരല്ലാതായിത്തീരുന്നു. ക്രിസ്തീയ സമുദായത്തിൽനിന്നു് അതുവഴി അവർ സ്വയം പുറത്തുപോവുകയാണു്. കൂദാശകൾ, ക്രിസ്തീയമായ ശവസംസ്കാരം മുതലായവയ്ക്കുള്ള അർഹത അവർ അങ്ങനെ അപകടത്തിലാക്കുന്നു.

ചോദ്യങ്ങൾ :—

1. തിരുസ്സഭയുടെ ഒന്നാമത്തെ കല്പന നമ്മോടാവശ്യപ്പെടുന്നതെന്താണു്?
2. രണ്ടാമത്തെ കല്പന ആവശ്യപ്പെടുന്നതെന്തു്?
3. മൂന്നാമത്തെ കല്പന ആവശ്യപ്പെടുന്നതെന്തു്?
4. നാലാമത്തെ കല്പന ആവശ്യപ്പെടുന്നതെന്തു്?
5. അഞ്ചാമത്തെ കല്പന ആവശ്യപ്പെടുന്നതെന്തു്?

# VII

# പാപം

ദൈവത്തോടും മനുഷ്യരോടും നമുക്കുണ്ടായിരിക്കേണ്ട സ്നേഹബന്ധത്തിനു വിരുദ്ധമായി മനഃപൂർവ്വം എന്തെങ്കിലും വിചാരിക്കുകയോ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതാണു പാപം. പാപംവഴി നാം ദൈവസ്നേഹത്തിൽനിന്നും അകലുന്നു; മനുഷ്യരെ ദ്രോഹിക്കുന്നു.

## ജന്മപാപം

നമ്മുടെ ആദിമാതാപിതാക്കൾ ഏദൻതോട്ടത്തിലായിരിക്കേ ദൈവികജീവനിൽ പങ്കുകാരായിരുന്നു. എന്നാൽ തങ്ങൾക്കു ദാനമായി ലഭിച്ച ദൈവികജീവൻ പാപം ചെയ്ത് അവർ നശിപ്പിച്ചു. അങ്ങനെ പ്രസാദവരജീവൻ അവക്കു നഷ്ടപ്പെട്ടു. അവർ നമ്മുടെ ആദിമാതാപിതാക്കളാകയാൽ അവക്കു ദൈവികജീവൻ നഷ്ടപ്പെട്ടപ്പോൾ അവർവഴി നമുക്കും അതു നഷ്ടപ്പെട്ടു; ആദിമാതാപിതാക്കളുടെ പാപത്തിനു നാമെല്ലാം അവകാശികളായിത്തീരുകയും ചെയ്തു. ആ പാപമത്രെ ജന്മപാപം. ഓരോ മനുഷ്യനും ഈ പാപത്തോടുകൂടിയാണു ജനിക്കുന്നതു്. ജ്ഞാനസ്നാനം എന്ന കൂദാശ സ്വീകരിക്കുമ്പോൾ ജന്മപാപത്തിൽനിന്നു നാം വിമുക്തരാകുന്നു.

## കർമ്മപാപം

നന്മതിന്മകൾ വേർതിരിച്ചറിയുവാൻ കഴിയുന്ന പ്രായം മുതൽ, വിചാരത്താലോ വാക്കാലോ പ്രവൃത്തിയാലോ ഉപേക്ഷയാലോ ബോധപൂർവ്വം ചെയ്യുന്ന പാപമാണ് കർമ്മപാപം. ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ നമുക്കു ലഭിക്കുന്ന പ്രസാദവരം കർമ്മപാപംവഴി നമുക്കു നഷ്ടപ്പെടുന്നു.

കർമ്മപാപം രണ്ടുതരമുണ്ട്—മാരകപാപവും ലഘുപാപവും.

### മാരകപാപം

പൂർണ്ണമായ അറിവോടും സമ്മതത്തോടുംകൂടി ദൈവപ്രമാണങ്ങളോ തിരുസ്സഭയുടെ കല്പനകളോ ഗൗരവമായവിധം ലംഘിക്കുന്നതാണു മാരകപാപം അഥവാ ചാവുദോഷം. മാരകപാപം ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹബന്ധത്തെ അറുത്തുമുറിക്കുന്നു. മനുഷ്യാത്മാവിൻെറ ജീവനായ ദൈവവരപ്രസാദത്തെ നശിപ്പിക്കുന്നു. അതുകൊണ്ടാണ് ഇതിനെ മാരകപാപം എന്നു പറയുന്നത്.

ഒരു പാപം മാരകമാകുന്നതിനു മൂന്നു കാര്യങ്ങൾ കൂടിയേ തീരൂ. ഒന്ന്, അതു ഗൗരവമുള്ളതായിരിക്കണം. രണ്ട്, അതു തെററാണെന്നു ചെയ്യുന്നയാൾക്കു പൂർണ്ണബോദ്ധ്യമുണ്ടായിരിക്കണം. മൂന്ന്, പൂർണ്ണസമ്മതവുമുണ്ടായിരിക്കണം. ഇവയിലേതെങ്കിലും ഒന്ന് ഇല്ലാത്തപക്ഷം അത് മാരകപാപമാകുകയില്ല.

മാരകപാപത്തിൽ മരിക്കുന്നവർ നരകശിക്ഷയ്ക്കർഹരാണ്.

### ലഘുപാപം

ദൈവപ്രമാണങ്ങളുടേയും തിരുസ്സഭാകല്പനകളുടേയും ഗൗരവംകുറഞ്ഞ ലംഘനമാണു ലഘുപാപം അഥവാ

'പാപദോഷം' ദൈവത്തോടും മനുഷ്യരോടും നമുക്കുള്ള സ്നേഹത്തെ ലഘുപാപം ദുർബ്ബലമാക്കും. മാരകപാപം ചെയ്യുവാൻ അതു നമുക്കു പ്രേരണ നല്കുകയുംചെയ്യും.

## ശുദ്ധീകരണസ്ഥലം

മോചനം ലഭിച്ച മാരകപാപങ്ങൾക്കും, ലഘുപാപങ്ങൾക്കും ഈ ലോകത്തിൽ പരിഹാരം മുഴുവനും ചെയ്തിട്ടുള്ളവർ മരിച്ചാലുടൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. എന്നാൽ പ്രായശ്ചിത്തം മുഴുവനും ചെയ്യാത്തവർക്ക് ഉടനെ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കാനുള്ള പരിശുദ്ധിയും അർഹതയും ഇല്ലാത്തതിനാൽ സഹനത്തിലൂടെ സ്വയം പവിത്രീകരിക്കപ്പെടേണ്ടിയിരിക്കുന്നു. ശുദ്ധീകരണസ്ഥലമെന്നു പറയുമ്പോൾ നാം അർത്ഥമാക്കുന്നതു് യഥാർത്ഥത്തിൽ വിശുദ്ധീകരണാനുഭവമാണു്.

ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു സ്വയം സഹായിക്കുവാൻ കഴിയുകയില്ല. അവരെ സഹായിക്കേണ്ടതു നമ്മളാണു്. നമ്മുടെ പ്രാർത്ഥനകൾ, ത്യാഗപ്രവൃത്തികൾ, ഉപവാസം, ധർമ്മദാനം, വി. കുർബാന, ദണ്ഡവിമോചനം എന്നിവകൊണ്ടു ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ ദുരിതങ്ങൾ കുറയ്ക്കുവാൻ നമുക്കു സാധിക്കും.

## ദണ്ഡവിമോചനം

മനസ്താപത്തോടുകൂടിയുള്ള കുമ്പസാരംവഴി പാപത്തിന്റെ കുററത്തിൽനിന്നു മാത്രമേ മോചനം ലഭിക്കുന്നുള്ളു. പാപത്തിനുള്ള കാലത്തിനടുത്ത ശിക്ഷ കുമ്പസാരത്തിനു ശേഷവും അവശേഷിക്കുന്നു. ഈ ശിക്ഷ ഇളവുചെയ്യുന്നതിനു് അധികാരമുള്ള തിരുസ്സഭയുടെ ഒരു ആനുകൂല്യമാണു ദണ്ഡവിമോചനം.

## ദണ്ഡവിമോചനങ്ങളുടെ ഫലസിദ്ധി

നമ്മൾ മിശിഹായുടെ ശരീരവും പരസ്പരം ആശ്രയിച്ചുനില്ക്കുന്ന അതിന്റെ അവയവങ്ങളുമാണല്ലോ, (1 കൊറി. 12 : 27) അതിനാൽ ഒരു അവയവം ചെയ്യുന്ന പാപത്തിൻേറയും പുണ്യത്തിൻേറയും ഫലങ്ങൾ മററു അവയവങ്ങളും അനുഭവിക്കും. എന്നാൽ ശിരസ്സായ ക്രിസ്തുനാഥൻ അളവില്ലാത്തവിധം സുകൃതഫലങ്ങൾ നമുക്കായി സമ്പാദിച്ചിരിക്കുന്നു. വിശുദ്ധരുടെ സുകൃതനിധികൾ അവയോടൊന്നിച്ചുണ്ട്. ആ സുകൃതനിക്ഷേപത്തിൽനിന്നാണ് മററു അവയവങ്ങളായ നമുക്കു ദണ്ഡവിമോചനം ലഭിക്കുന്നതു്.

## ദണ്ഡവിമോചനം—രണ്ടുതരം

ദണ്ഡവിമോചനം രണ്ടുവിധമുണ്ടു്– പൂർണ്ണദണ്ഡവിമോചനവും അപൂർണ്ണദണ്ഡവിമോചനവും.

പാപത്തിൻെറ താല്ക്കാലികശിക്ഷയിൽനിന്നും നമ്മെ പൂർണ്ണമായി മോചിപ്പിക്കുന്നതാണു പൂർണ്ണദണ്ഡവിമോചനം, എന്നാൽ അപൂർണ്ണദണ്ഡവിമോചനം പാപത്തിൻെറ താല്ക്കാലികശിക്ഷയിൽനിന്നും ഭാഗികമായിമാത്രം മോചനം നല്കുന്നു.

ചോദ്യങ്ങൾ:—

1. പാപം എന്നാലെന്തു്?
2. ജന്മപാപം എന്നാലെന്തു്?
3. കർമ്മപാപം എന്നാലെന്തു്?
4. മാരകപാപം എന്നാലെന്തു്?
5. ലഘുപാപം എന്നാലെന്തു്?
6. ശുദ്ധീകരണസ്ഥലം എന്നാലെന്തു്?
7. ദണ്ഡവിമോചനം എന്നാലെന്തു്?
8. ദണ്ഡവിമോചനങ്ങളുടെ ഫലസിദ്ധി എങ്ങനെയാണു്?

# VIII

# പുണ്യം

നന്മചെയ്യുവാൻ ആഗ്രഹിക്കുകയും അതിനു നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്ന ആത്മാവിൻെറ തഴക്കമാണു പുണ്യം. ദൈവത്തെ പ്രസാദിപ്പിക്കാൻ പാപത്തിൽനിന്നു് അകന്നുനിന്നാൽമാത്രം പോരാ, പുണ്യം അഭ്യസിക്കുക കൂടി വേണം. എന്തെന്നാൽ, ''നല്ല ഫലം തരാത്ത വൃക്ഷങ്ങളെല്ലാം വെട്ടി വീഴ്ത്തപ്പെടുകയും അഗ്നിക്കു് ഇരയാക്കപ്പെടുകയും ചെയ്യും.'' (വി. മത്തായി 7: 19)

## ക്രിസ്തീയപുണ്യം

ക്രിസ്തു ഉപദേശിച്ചിട്ടുള്ള സുകൃതങ്ങൾ അഭ്യസിക്കുവാനുള്ള മനസ്സിൻെറ ദൃഢമായ നിശ്ചയവും അതിനുവേണ്ടിയുള്ള ആഗ്രഹവും പരിശ്രമവുമാണു ക്രിസ്തീയപുണ്യം.

## പുണ്യം—രണ്ടുവിധം

പുണ്യം പ്രധാനമായും രണ്ടുവിധമാണുള്ളതു്. അവ ദൈവികപുണ്യങ്ങളും സന്മാർഗ്ഗികപുണ്യങ്ങളുമാണു്.

### ദൈവികപുണ്യങ്ങൾ

വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവികപുണ്യങ്ങൾ ജ്ഞാനസ്നാനത്തോടുകൂടിയാണു നമ്മുടെ ആത്മാവിനു ലഭിക്കുന്നതു്. ഈ പുണ്യങ്ങൾ ദൈവികദാനങ്ങളാണു്.

ദൈവികപുണ്യങ്ങളിൽ വളരുന്നതിനും അഭിവൃദ്ധി പ്രാപിക്കുന്നതിനും അവയുടെ പ്രകരണങ്ങൾ കൂടെക്കൂടെ ഉരുവിട്ടുഘാതു നല്ലതാണ്. ദൈവത്തിൽ വിശ്വസിച്ചും, അവിടത്തെ ആശ്രയിച്ചും, സ്നേഹിച്ചുംകൊണ്ടുള്ള ഒരു ജീവിതം നയിക്കാൻ അതു നമ്മെ സഹായിക്കും. കൂടാതെ ഈ പുണ്യങ്ങൾക്കെതിരായി പ്രലോഭനങ്ങൾ ഉണ്ടാകുമ്പോഴും മരണസമയത്തും ഇവ ചൊല്ലുന്നതു ഉത്തമമാണ്.

## സാന്മാർഗ്ഗികപുണ്യങ്ങൾ

ക്രിസ്തീയജീവിതത്തിൽ ദൈവികപുണ്യങ്ങൾ കഴിഞ്ഞാൽ ഏററവും പ്രധാനമായിട്ടുള്ളതു് വിവേകം, നീതി, ധൈര്യം, മിതത്വം എന്നീ പുണ്യങ്ങളാണ്: ഇവയെ മൗലികപുണ്യങ്ങൾ എന്നും പറയുന്നു. സാന്മാർഗ്ഗികജീവിതത്തിൻെറ മൂലക്കല്ലുകൾ ഈ പുണ്യങ്ങൾ ആണ്. അതിനാൽ നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനവും ഈ പുണ്യങ്ങൾതന്നെയായിരിക്കണം. ''വിവേകം, നീതി, ധൈര്യം' മിതത്വം എന്നീ പുണ്യങ്ങളെക്കാൾ പ്രയോജനപ്രദമായി ജീവിതത്തിൽ മറെറാന്നുമില്ല'' (വിജ്ഞാനം 8:7)

## പുണ്യവും പൂർണ്ണതയും

പുണ്യത്തിൽ കഴിയുന്നത്ര ഉയർച്ചനേട്ടവാനാണു നാം ശ്രമിക്കേണ്ടതു്. എങ്കിലേ സ്വർഗ്ഗീയസൗഭാഗ്യത്തിൻെറ പൂർണ്ണത നേട്ടവാനും നമ്മുടെ ജീവിതം ധന്യമാക്കുവാനും കഴിയൂ. നമ്മുടെ സ്വർഗ്ഗീയപിതാവു് സൽഗുണസമ്പൂർണ്ണനാണ്. അതുകൊണ്ടു് നാമും സൽഗുണസമ്പൂർണ്ണരാവണം. (വി. മത്തായി 5:48) ദൈവമഹത്വത്തിനായി ചെയ്യുന്ന എല്ലാ പ്രവൃത്തികളും പുണ്യമാണ്; ''നിങ്ങൾ തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവത്തിൻെറ മഹത്വത്തിനായി ചെയ്യുവിൻ'' (1 കൊറി. 10:31).

## മൂലപാപങ്ങൾ

ദൈവപ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും ലംഘിക്കാൻ പ്രേരിപ്പിക്കുന്ന ഏഴു പ്രധാന ദുർഗ്ഗുണങ്ങളുണ്ട്. സകല തിന്മകളും ഉത്ഭവിക്കുന്നതു് ഇവയിൽനിന്നാകയാൽ ഈ ദുർഗ്ഗുണങ്ങളെ മൂലപാപങ്ങൾ എന്നു പറയുന്നു.

മൂലപാപങ്ങളും അവയ്ക്കോരോന്നിനും എതിരായ പുണ്യവും താഴെ കൊടുക്കുന്നു;

1. അഹങ്കാരം

ഒരാൾക്കു തന്നെക്കുറിച്ചുതന്നെ തോന്നുന്ന അടിസ്ഥാനരഹിതവും അമിതവുമായ മതിപ്പാണ് അഹങ്കാരം. അഹങ്കാരികൾ സ്വയം വലിയവരാണെന്നു വിചാരിക്കുന്നു. ദൈവത്തിൽനിന്നു ലഭിച്ച ദാനങ്ങളെ അവർ അംഗീകരിക്കുന്നില്ല. അവർ ദൈവത്തോടു വിധേയത്വം കാണിക്കുന്നില്ല. മററുള്ളവരോട് അവർക്കു അവജ്ഞയാണ്. അഹങ്കാരി ഏററവും കൂടുതൽ സ്നേഹിക്കുന്നതു തന്നെത്തന്നെയാണ്.

''ദൈവത്തിൽനിന്നു് അകലുകയാണു് അഹങ്കാരത്തിന്റെ ആരംഭം. അവന്റെ ഹൃദയം സ്രഷ്ടാവിൽനിന്നു് അകലുന്നു. അഹങ്കാരം എല്ലാ പാപങ്ങളുടേയും ആരംഭമാണ്. അഹങ്കാരി ശാപം നിറഞ്ഞവനാണ്. അഹങ്കാരം അവസാനം അവനെ നശിപ്പിക്കുകയും ചെയ്യുന്നു'' (പ്രഭാഷകൻ 10; 14, 15).

എളിമ

അഹങ്കാരത്തിനെതിരായിട്ടുള്ള പുണ്യമാണ് എളിമ. എളിമ നമ്മെ വലിയവരാക്കുന്നു. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മാനസാന്തരപ്പെട്ടു ശിശുക്ക

ളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ഈ ശിശുവിനെപ്പോലെ സ്വയം വിനീതനാകുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ'' (വി. മത്തായി 18: 3,4), ''നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവരുടേയും ദാസനാകണം'' (വി. മർക്കോസ് 10: 43, 44). ആകയാൽ നാം എളിമയുള്ളവരാകണം. എന്തെന്നാൽ, ''ദൈവം അഹങ്കാരികളോട് എതിർത്തുനില്ക്കുകയും വിനയമുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു'' (വി. ജെയിംസ് 4:6).

## 2. ധനമോഹം

പണത്തിനും ലൗകികവസ്തുക്കൾക്കുംവേണ്ടിയുള്ള അടങ്ങാത്ത ആർത്തിയാണു ധനമോഹം. ധനമോഹികൾ പണത്തെ ദൈവമായി കരുതുന്നു. പാവപ്പെട്ടവരോട് അവർ ക്രൂരമായി പെരുമാറുന്നു. മററുള്ളവരെ വഞ്ചിച്ചായാലും അനീതികാട്ടിയായാലും പണം സമ്പാദിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. ജീവിതത്തിൻെറ മഹത്തായ മൂല്യങ്ങളും കടമകളും അവർ അവഗണിക്കുകയുംചെയ്യുന്നു.

''ധനത്തെ സ്നേഹിക്കുന്നതിനേക്കാൾ നീചമായി യാതൊന്നുമില്ല, അങ്ങനെ ചെയ്യുന്നവൻ സ്വന്തം ആത്മാവിനെ വില്ക്കുന്നു.'' (പ്രഭാഷകൻ 10:10)

''ഒരു മനുഷ്യനും ഒരേസമയം രണ്ടു യജമാനന്മാരെ സേവിക്കുവാൻ സാധിക്കുകയില്ല. അവൻ ഒന്നുകിൽ ഒരുത്തനെ ദ്വേഷിക്കയും മററവനെ സ്നേഹിക്കയും ചെയ്യും. അല്ലെങ്കിൽ ഒരുത്തനെ ബഹുമാനിക്കയും അപരനെ നിന്ദിക്കയും ചെയ്യും. ദൈവത്തേയും ധനത്തേയും സേവിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല'' (വി. മത്തായി 6:24).

ഔദാര്യം

ധനമോഹത്തിനെതിരായ പുണ്യമാണ് ഔദാര്യം. നമുക്കുള്ള പണവും വസ്തുവകകളും നമ്മുടെമാത്രം ഉപയോഗത്തിനുവേണ്ടിയുള്ളതല്ല. ഇല്ലാത്തവരെ കഴിവനുസരിച്ച് ഉദാരമായി സഹായിക്കുവാൻ നമുക്കു ചുമതലയുണ്ട്.

"നിങ്ങൾ ക്രിസ്തുവിനുള്ളവരാകയാൽ ആരെങ്കിലും എൻെറ നാമത്തിൽ ഒരു പാത്രം വെള്ളം നിങ്ങൾക്കു കുടിക്കാൻ തരികയാണെങ്കിൽ അവനു പ്രതിഫലം ലഭിക്കാതിരിക്കയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." (വി. മർക്കോസ് 9: 40). "എൻെറ ഈ ഏററവും ചെറിയ സഹോദരരിൽ ഒരുവന് ഇതു നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയത്രേ ചെയ്തുതന്നതു് എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." (വി. മത്തായി 25: 40).

3. വിഷയാസക്തി

ആറും ഒമ്പതും പ്രമാണങ്ങൾക്കെതിരായി പാപംചെയ്യുവാൻ പ്രേരിപ്പിക്കുന്നതു വിഷയാസക്തിയാണ്. ഇതു് ആത്മാവിൻെറ ശുദ്ധതയെ നശിപ്പിക്കുന്നു. "ദുർവൃത്തരേയും വ്യഭിചാരികളേയും ദൈവം വിധിക്കും" (ഹെബ്രാ, 13: 4) "ശരീരത്തിൻെറ ആഗ്രഹങ്ങൾക്കനുസരിച്ചു ജീവിക്കുന്നപക്ഷം നിങ്ങൾ മരിക്കും. എന്നാൽ ആത്മാവു വഴി ശരീരത്തിൻെറ പ്രവർത്തനങ്ങളെ നിഗ്രഹിക്കുന്നപക്ഷം നാം ജീവിക്കും" (റോമ. 8: 13).

ആത്മനിയന്ത്രണം

ആത്മനിയന്ത്രണമാണു വിഷയാസക്തിയെ ജയിക്കുവാനുള്ള മാർഗ്ഗം. ശരീരത്തിൻെറ ദുരാശകളെ വേണ്ടവിധം നിയന്ത്രിക്കുമ്പോൾ ഈ പുണ്യം നാം അഭ്യസിക്കുന്നു. "നമ്മുടെ കർത്താവായ ഈശോമിശിഹായെ ധരിക്കുവിൻ: മോഹവികാരങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു ശരീരത്തെപ്പററി ചിന്തിക്കാതിരിക്കുവിൻ" (റോമ. 13: 14).

## 4. കോപം

ആവശ്യമില്ലാതെ അമിതമായി മററുള്ളവരോടു കോപിക്കുന്നതു പാപമാണ്. കോപം പ്രതികാരപ്രവൃത്തികളിലേക്കു നയിക്കുന്നു. പല അധർമ്മപ്രവൃത്തികളും കോപത്തിന്റെ ഫലമാണ്. കോപം വരുമ്പോൾ ബുദ്ധി മങ്ങിപ്പോകും: ചിലപ്പോൾ കെട്ടുപോവുകയും ചെയ്യും. വിവേകവും നശിക്കും. പിന്നെ വികാരമാണു നമ്മെ നയിക്കുക.

"നിങ്ങൾ കോപിക്കയാണെങ്കിൽ അതുവഴി പാപം ചെയ്യരുത്. സൂര്യാസ്തമനംവരെ നിങ്ങളുടെ കോപം തുടരുകയുമരുത്. പിശാചിനു് പഴുതുണ്ടാക്കിക്കൊടുക്കരുത്." (എഫേസ്യ 4: 26.27),

മറെറാരുതരം കോപമുണ്ടു്— അധർമ്മരോഷം. തെററു കാണുമ്പോൾ മുഖംനോക്കാതെ അതിനെ അപലപിക്കാനുള്ള ധൈര്യമാണിതു്, ഈ ആദർശധീരത അഭിലഷണീയമായ സ്വഭാവമാണ്. എങ്കിലും വിവേകം വെടിയണം.

### ക്ഷമ

കോപത്തിനെതിരായ പുണ്യമാണു ക്ഷമ. നാം കോപം നിയന്ത്രിക്കുകയും ക്ഷമ ശീലിക്കുകയുംവേണം. നമ്മെ ദ്രോഹിക്കുന്നവരോട്ടു് ഏഴുപ്രാവശ്യമല്ല, ഏഴു് എഴുപതുപ്രാവശ്യം ക്ഷമിക്കണമെന്നാണ് ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നതു്. (വി. മത്തായി 18: 21, 22) ആകയാൽ പരസ്പരം അനുകമ്പയും കാരുണ്യവുമുള്ളവരായിരിക്കുവിൻ. ദൈവം മിശിഹാമൂലം നമ്മോട്ടു് ക്ഷമിച്ചതുപോലെ നിങ്ങളും അന്യോന്യം ക്ഷമിക്കുവിൻ" (എഫേസ്യ. 4: 32)

## 5. കൊതി

ഭക്ഷണം കഴിക്കുക ആരോഗ്യത്തിനാവശ്യമാണു്. രുചി ഭക്ഷണം കഴിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. പക്ഷേ ഭക്ഷണപാനീയങ്ങളോടുള്ള അമിതമായ ആഗ്രഹം നല്ലതല്ല. കൊതിപൂണ്ടു രുചിയേറിയതെല്ലാം നിയന്ത്രണമില്ലാതെ ഭക്ഷിക്കുന്നവരുടെ ശരീരത്തിൻേറയും ആത്മാവിൻെറയും ആരോഗ്യം അപകടത്തിലാകും. കാരണം തീററപ്രിയന്മാർ ദൈവത്തിൻേറയും ആത്മാവിൻേറയും കാര്യം അവഗണിക്കും. അമിതഭക്ഷണംമൂലം ആരോഗ്യവും നശിക്കും.

### മിതഭോജനം

മിതഭോജനമാണു കൊതിക്കെതിരായ പുണ്യം. ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലാതെ പട്ടിണിപ്പാവങ്ങൾ കഴിയുമ്പോൾ, മററൊരുകൂട്ടർ കണക്കില്ലാതെ ആഹാരം കഴിക്കുന്നതു നീതിയല്ല.

"ഭക്ഷണത്തിൻെറ പേരിൽ നിൻെറ സഹോദരനെ നീ ദുഃഖിപ്പിക്കുന്നപക്ഷം പരസ്നേഹത്തിനു് അനുസൃതമായിട്ടല്ല നീ വ്യാപരിക്കുന്നതു". ആർക്കുവേണ്ടി മിശിഹാ മരിച്ചുവോ അവനെ നിന്റെ ഭക്ഷണംകൊണ്ടു നശിപ്പിക്കരുതു്. ഭക്ഷണത്തിലും പാനീയത്തിലുമല്ലാ, പ്രത്യുത നീതിയിലും സമാധാനത്തിലുമത്രേ ദൈവരാജ്യം സ്ഥിതിചെയ്യുന്നതു്.'' (റോമ. 14: 15,17).

## 6. അസൂയ

തനിക്കു നാശം സംഭവിച്ചാലും മററുള്ളവർക്കു ക്ഷേമമുണ്ടാകരുതെന്നുള്ള വിചാരമാണു് അസൂയ. വെറുപ്പു് അന്യരുടെ ദുഃഖത്തിൽ ആഹ്ലാദം, മററുള്ളവർക്കു ദുഷ്കീർത്തിയുണ്ടാകാനുള്ള ആഗ്രഹം, ഏഷണി മുതലായ പലതും അസൂയയിൽനിന്നുണ്ടാകുന്ന തിന്മകളാണു്. ''അസൂയാലുക്കൾ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല'' (ഗാലാത്യ. 5:21).

### സ്നേഹം

അസൂയയ്ക്കു വിപരീതമായ പുണ്യമാണു സ്നേഹം. എല്ലാവരേയും ഒരുപോലെ സ്നേഹിക്കുകയാണു് അസൂയയ്ക്കുള്ള പ്രതിവിധി. മററുള്ളവരുടെ ആനന്ദത്തിൽ പങ്കുചേരാൻ നമുക്കു കഴിയണം.

"മിശിഹാ നമ്മെ സ്നേഹിച്ചു: സുരഭിലമായ ബലിയും യാഗവുമായി തന്നെത്തന്നെ നമുക്കുവേണ്ടി അർപ്പിച്ചു. അതു പോലെ നിങ്ങളും സ്നേഹത്തിൽ വ്യാപരിക്കുവിൻ" (എഫേസ്യ. 5: 2) കാരണം, "സ്നേഹത്തിനു് അസൂയയില്ല: അതിമോഹമില്ല: അതു തിന്മ വിചാരിക്കുന്നില്ല. അനീതിയിൽ സന്തോഷിക്കുന്നില്ല' (1 കൊറി. 13: 4–6).

## 7. അലസത

അദ്ധ്വാനിക്കാനും ജോലികളും കടമകളും നിർവ്വഹിക്കാനുമുള്ള വൈമനസ്യവും നന്മചെയ്യുവാനുള്ള സന്നദ്ധതക്കുറവുമാണു് അലസത. "മടിയന്റെ കൈ ദാരിദ്ര്യം വരുത്തിവയ്ക്കുന്നു; ഉത്സാഹമുള്ളവന്റെ കൈയോ ഐശ്വര്യം പ്രദാനം ചെയ്യുന്നു'—മഹാനായ സോളമൻ പറഞ്ഞതാണിതു്. അലസത ആത്മാവിനെ നശിപ്പിക്കും. എന്തെന്നാൽ മടിയന്റെ മനസ്സു് പിശാചിന്റെ പണിപ്പുരയായിരിക്കും. അവന്റെ പ്രലോഭനങ്ങൾക്കു മുമ്പിൽ മടിയൻ തളർന്നുവീഴുന്നു.

## ഉത്സാഹം

അലസതയ്ക്കെതിരായ പുണ്യമാണു് ഉത്സാഹം. ഓരോ നിമിഷവും വിലപ്പെട്ടതാണു്. സമയം പാഴാക്കരുതു്. നഷ്ടപ്പെട്ടുത്തിയ സമയം ജീവിതത്തിൽ ഒരിക്കലും തിരിച്ചു കിട്ടുകയില്ല. ഉത്സാഹശീലം നമ്മെ കർത്തവ്യനിരതരാക്കുന്നു.

## ചോദ്യങ്ങൾ:—

1. പുണ്യം എന്നാലെന്തു്?
2. ക്രിസ്തീയപുണ്യമെന്നാലെന്തു്?
3. ദൈവികപുണ്യങ്ങൾ ഏവ?
4. സാന്മാർഗ്ഗികപുണ്യങ്ങൾ ഏവ?
5. വിശദീകരിക്കുക:

1. അഹങ്കാരം, 2. എളിമ, 3. ധനമോഹം, 4. ഔദാര്യം, 5. വിഷയാസക്തി, 6. ആത്മനിയന്ത്രണം. 7 കോപം, 8. ക്ഷമ, 9. കൊതി, 10. മിതഭോജനം, 11. അസൂയ, 12 സ്നേഹം, 13. അലസത, 14. ഉത്സാഹം.

# IX

# പ്രാൎത്ഥന, പ്രസാദവരം, കൂദാശകൾ

## പ്രാർത്ഥന

സ്നേഹത്തോട്ടും വിശ്വസ്തതയോട്ടുംകൂടി നമ്മുടെ സ്നേഹപിതാവുമായി നാം നടത്തുന്ന സംഭാഷണമാണ പ്രാൎത്ഥന. അധരങ്ങൾകൊണ്ടുള്ള വെറുമൊരു അഭ്യാസമല്ലാ അതു്. പ്രത്യുത, വിശ്വാസത്തോട്ടും പ്രത്യാശയോട്ടും സ്നേഹത്തോട്ടും എളിമയോട്ടുകൂടി നമ്മുടെ ചിന്തകളേയും വികാരങ്ങളേയും ദൈവത്തിങ്കലേക്കു് ഉയൎത്തുന്നതാണ പ്രാർത്ഥന.

## പ്രാർത്ഥനയുടെ ലക്ഷ്യങ്ങൾ

ദൈവത്തെ സ്തുതിക്കുക, ആരാധിക്കുക, അവിടുന്നു നമുക്കു നല്കിയ നന്മകൾക്കു നന്ദിപറയുക, നമ്മുടെ തെററുകൾക്കും കുററങ്ങൾക്കും മാപ്പു ചോദിക്കുക, നമ്മുടേയും മററുള്ളവരുടേയും പാപങ്ങൾക്കു പരിഹാരം അൎപ്പിക്കുക, നമ്മുടെ ശരീരത്തിനും ആത്മാവിനും ആവശ്യമായവ യാചിക്കുക—ഇവയാണു് പ്രാർത്ഥനയുടെ ലക്ഷ്യങ്ങൾ.

## പ്രാർത്ഥിക്കേണ്ട സന്ദർഭങ്ങൾ

ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും ആപത്തുകൾ നേരിടുമ്പോഴും പ്രത്യേകം മരണസമയത്തും നാം

കൂട്ടതൽ പ്രാർത്ഥിക്കേണ്ടതാണ്. പ്രഭാതത്തിൽ ഉണരുമ്പോഴും, രാത്രിയിൽ ഉറങ്ങുവാൻ പോകുമ്പോഴും, പഠനവും ജോലിയും മററും ആരംഭിക്കുമ്പോഴും ഭക്ഷണം കഴിക്കുന്നതിനു മുമ്പും പിമ്പും സന്തോഷത്തിലും ദുഃഖത്തിലും, വിജയത്തിലും പരാജയത്തിലുമെല്ലാം നാം പ്രാർത്ഥിക്കണം. പാപസാഹചര്യങ്ങളിൽനിന്നു് രക്ഷ പ്രാപിക്കുവാനും പ്രാർത്ഥന ആവശ്യമാണ്.

## രഹസ്യപ്രാർത്ഥന

"നീ പ്രാർത്ഥിക്കുമ്പോൾ മനുഷ്യരാൽ കാണപ്പെടുവാൻവേണ്ടി ജപാലയങ്ങളിലും തെരുവീഥികളിലുംനിന്നു പ്രാർത്ഥിക്കാൻ ഇഷ്ടപ്പെടുന്ന കപടഭക്തരെപ്പോലെ ആകരുതു്. തങ്ങളുടെ പ്രതിഫലം അവക്കു ലഭിച്ചുകഴിഞ്ഞെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. നീ പ്രാർത്ഥിക്കുമ്പോൾ മുറിയിൽ കയറി വാതിലടച്ചു് രഹസ്യത്തിൽ നിൻെറ പിതാവിനോടു പ്രാർത്ഥിക്കുക. അപ്പോൾ രഹസ്യത്തിൽ നീ ചെയ്യുന്നതെല്ലാം കാണുന്ന നിൻെറ പിതാവു നിനക്കു പ്രതിഫലം നല്കും." (വി. മത്തായി 6: 5,6)

## സമൂഹപ്രാർത്ഥന

"ഞാൻ നിങ്ങളോടു പറയുന്നു: ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു് ഒരേ കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കയാണെങ്കിൽ സ്വർഗ്ഗസ്ഥനായ എൻെറ പിതാവു് അതു സാധിച്ചുതരും. എന്തെന്നാൽ എൻെറ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചുകൂടുന്നിടത്തെല്ലാം അവരുടെമദ്ധ്യേ ഞാനുണ്ടു്." വി. മത്തായി 18: 19,20).

## പ്രാർത്ഥിക്കുക—നമുക്കു ലഭിക്കും

''ലഭിക്കുമെന്നു വിശ്വാസത്തോടെ നിങ്ങൾ പ്രാത്ഥനയിൽ യാചിക്കുന്നവയെല്ലാം നിങ്ങൾക്കുലഭിക്കുകതന്നെ ചെയ്യുമെന്നു ഞാൻ നിങ്ങളോടു പറയുന്നു" (വി. മക്കോ 11: 24). ''എൻെറ നാമത്തിൽ പിതാവിനോട്ട് നിങ്ങൾ അപേക്ഷിക്കുന്നതെല്ലാം, പിതാവ് പുത്രൻ മുഖേന മഹത്വപ്പെടാൻവേണ്ടി, ഞാൻ നിങ്ങൾക്കു നല്കും........എൻെറ നാമത്തിൽ നിങ്ങൾ എന്നോട്ട് അപേക്ഷിക്കുന്നതെല്ലാം ഞാൻ നിങ്ങൾക്കു നല്കും'' (വി. യോഹന്നാൻ 14: 13, 14) ''....ചോദിക്കുവിൻ, നിങ്ങളുടെ സന്തോഷം പൂണ്ണമാകുമാറ് നിങ്ങൾക്കു ലഭിക്കും'' (വി. യോഹന്നാൻ 16: 24). പക്ഷേ ക്രിസ്തുവിനെപ്പോലെ ദൈവതിരുമനസ്സിനു വഴങ്ങാനുള്ള സന്നദ്ധതയോടെവേണം നാം പ്രാത്ഥിക്കാൻ. പ്രതീക്ഷിച്ചപോലെ പ്രാർത്ഥന ഫലിച്ചില്ലെങ്കിൽ ദൈവസ്നേഹത്തിനു് ഇളക്കംതട്ടാതെ ദൈവപരിപാലനയിൽ വിശ്വാസം അപ്പിക്കാൻ നമുക്കു കഴിയണം.

## പ്രാർത്ഥന—നമ്മുടെ ജീവിതത്തിൽ

തികച്ചും പ്രാർത്ഥനാഭരിതമായ ഒരു ജീവിതമായിരുന്നു ഈശോയുടേതു്. ഈശോ ലോകത്തിൽ നയിച്ചതുപോലെയുള്ള ഒരു ജീവിതമാവണം നാമും നയിക്കേണ്ടതു്. നമ്മുടെ ജീവിതം മുഴവൻ പ്രാത്ഥനയാക്കി മാററണം.

നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടിയും, മററുള്ളവക്കുവേണ്ടിയും നാം പ്രാത്ഥിക്കണം.

നമ്മെ സഹായിക്കുന്നതിനും നമ്മുടെ അഭ്യർത്ഥനകൾ സ്വീകരിക്കുന്നതിനും കാത്തിരിക്കുന്ന ഒരു നല്ല പിതാവാണു ദൈവം. അവിടുന്നു് ''ചോദിക്കുന്നവക്കു നല്കുന്നു: മുട്ടു

ന്നവനു തുറന്നുകൊടുക്കുന്നു: അന്വേഷിക്കുന്നവൻെറ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു" (വി. മത്തായി 7:8). ആകയാൽ തനിച്ചും കൂട്ടായും നാം പ്രാർത്ഥിക്കണം.

## ഈശോ പഠിപ്പിച്ച പ്രാത്ഥന

പ്രാർത്ഥിക്കണമെന്നു് ഈശോ പലപ്പോഴും തൻെറ ശിഷ്യന്മാരെ ഉപദേശിച്ചിരുന്നു. അവിടന്നു ദീർഘനേരം പ്രാർത്ഥിച്ചുമിരുന്നു. ഒരിക്കൽ അവർ ഈശോയോടപേക്ഷിച്ചു: ''കർത്താവേ, ഞങ്ങളെയും പ്രാത്ഥിക്കുവാൻ പഠിപ്പിക്കണമേ." അപ്പോൾ ഈശോ അവരെ പഠിപ്പിച്ചതാണു്; ''സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നു തുടങ്ങുന്ന അതിവിശിഷ്ടമായ പ്രാർത്ഥന. ഈ പ്രാർത്ഥനയിൽ ദൈവാരാധനയും കൃതജ്ഞതയും അപേക്ഷയുമെല്ലാം ചുരുക്കത്തിൽ അടങ്ങിയിരിക്കുന്നു. മററെല്ലാ പ്രാർത്ഥനകളുടേയും ഉത്തമമാതൃക ഇതാണു്. ഇതിനു് 'കർത്തൃപ്രാത്ഥന' എന്നും പറയുന്നു.

## പ്രസാദവരം

ഈശോമിശിഹായുടെ സുകൃതഫലങ്ങൾവഴി നമ്മുടെ നിത്യരക്ഷയ്ക്കും ആത്മാവിൻെറ പവിത്രീകരണത്തിനുംവേണ്ടി ദൈവം നമുക്കു നല്കുന്ന പ്രകൃത്യതീതമായ ഒരു ദൈവികദാനമാകുന്നു പ്രസാദവരം.

വിശുദ്ധ കൂദാശകൾ ഭക്തിപൂർവ്വം സ്വീകരിക്കുമ്പോൾ ദൈവികജീവൻ അഥവാ പ്രസാദവരം നമ്മുടെ ആത്മാവിൽ നിക്ഷേപിക്കപ്പെടുന്നു. പ്രസാദവരം മനുഷ്യനെ അവൻെറ മാനുഷികമായ പരിമിതികളിൽനിന്നുയർത്തി ദൈവികജീവിതത്തിലും ദൈവികാനന്ദത്തിലും പങ്കുകാരാക്കുന്നു.

സ്വിച്ച് 'ഓൺ' ചെയ്യുമ്പോൾ ഇലക്ട്രിക്ക് ബൾബു പ്രകാശിക്കുന്നു. ബൾബുമായി ഘടിപ്പിച്ചിട്ടുള്ള കമ്പികളിലൂടെ വൈദ്യുതി കടന്നുപോകുമ്പോഴാണു പ്രകാശം ലഭ്യക്കുന്നതു്. എന്നാൽ വൈദ്യുതിയുടെ പ്രവാഹം നമുക്കു കാണുവാൻ കഴിയുന്നില്ല. ഇതുപോലെ കൂദാശകൾ സ്വീകരിക്കുമ്പോൾ നമ്മുടെ ആത്മാവിലേക്കു് വരപ്രസാദം പ്രവഹിക്കുന്നു. നമ്മുടെ നയനങ്ങൾക്കു് അതു ദൃശ്യമല്ലെങ്കിലും ആത്മാവിനെ അതു പ്രകാശിപ്പിക്കുന്നുണ്ടു്. പ്രസാദവരം ദൈവത്തെ സ്നേഹിക്കുന്നതിനുള്ള കഴിവു് കൂടുതലായി നമുക്കു നല്കുന്നു.

പ്രസാദവരം രണ്ടുതരത്തിലുണ്ടു്—ശുദ്ധീകരണവരപ്രസാദവും പ്രവർത്തകവരപ്രസാദവും.

## ശുദ്ധീകരണവരപ്രസാദം

ആത്മാവിൽ നേരിട്ടു വർഷിക്കപ്പെടുന്ന ദൈവികദാനമാണു ശുദ്ധീകരണവരപ്രസാദം. ഇതു് ആത്മാവിനു നൈർമ്മല്യവും പ്രകൃത്യതീതജീവനും നല്കുന്നു. കൂടാതെ നമ്മെ വിശുദ്ധരും ദൈവത്തിനു പ്രിയപ്പെട്ടവരും സ്വർഗ്ഗത്തിനവകാശികളുമാക്കുന്നു. നിത്യസമ്മാനത്തിനു നമ്മെ അർഹരാക്കിത്തീർക്കുന്ന പ്രവൃത്തികൾ ചെയ്യുവാൻ സഹായിക്കുന്നു. ശുദ്ധീകരണവരപ്രസാദം നിത്യരക്ഷയ്ക്കു് ആവശ്യമാണു്.

ജ്ഞാനസ്നാനമെന്ന കൂദാശ സ്വീകരിക്കുമ്പോഴാണു് ഈ പ്രസാദവരം ആദ്യമായി നമുക്കു ലഭിക്കുക. വിശുദ്ധ കൂദാശകളുടെ സ്വീകരണം, പ്രാർത്ഥന, സൽപ്രവൃത്തികൾ എന്നിവ വഴി നാം ശുദ്ധീകരണവരപ്രസാദത്തിൽ സമ്പന്നരാകുന്നു.

മാരകപാപം ചെയ്യുമ്പോൾ, ശുദ്ധീകരണവരപ്രസാദം നഷ്ടപ്പെടുന്നു. എന്നാൽ നല്ല കുമ്പസാരംവഴി നമുക്കതു വീണ്ടെടുക്കാൻ കഴിയും.

## പ്രവർത്തകവരപ്രസാദം

നന്മ ചെയ്യുന്നതിനും തിന്മ ചെയ്യാതിരിക്കുന്നതിനും നമ്മെ സഹായിക്കുന്ന പ്രത്യേക ദൈവദാനമാണ് പ്രവർത്തകവരപ്രസാദം. പാപരഹിതമായി ജീവിക്കുന്നതിനും നല്ല പ്രവൃത്തികൾ ചെയ്യുന്നതിനും പ്രവർത്തകവരപ്രസാദം നമുക്കാവശ്യമാണ്.

## കൂദാശകൾ

അദൃശ്യമായ വരപ്രസാദത്തെ ആത്മാവിൽ ചൊരിഞ്ഞു് അതിനെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി ക്രിസ്തു സ്ഥാപിച്ച ദൃശ്യ അടയാളമാണു കൂദാശ

## ഏഴ് കൂദാശകൾ

ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, കുർബാന, കുമ്പസാരം, രോഗീലേപനം, തിരുപ്പട്ടം, വിവാഹം എന്നിങ്ങനെ ആകെ ഏഴു കൂദാശകളാണുള്ളതു്. ജീവിതത്തിൻെറ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ ദൈവാനുഗ്രഹങ്ങൾ ലഭിക്കാനും വിശുദ്ധിയിൽ പുരോഗമിക്കാനും ഈ കൂദാശകൾ നമ്മെ സഹായിക്കുന്നു.

## മരിച്ചവരുടെ കൂദാശകൾ

നമ്മുടെ ആത്മാവിന്റെ ദൈവികജീവനെ നശിപ്പിച്ച് അതിനെ മരിച്ചതിനു തുല്യമാക്കുന്നതാണു മാരകപാപം.

മരിച്ച ആത്മാവിനു ജീവൻ നല്കി അതിനെ പുനരുജ്ജീവിപ്പിക്കുന്ന കൂദാശകളാണ് മരിച്ചവരുടെ കൂദാശകൾ.

ജ്ഞാനസ്നാനവും കുമ്പസാരവും മരിച്ചവരുടെ കൂദാശകളാകുന്നു.

## ഉയിരവരുടെ കൂദാശകൾ

ആത്മാവിൻെറ ജീവനായ ദൈവവരപ്രസാദം ഉള്ളവർക്കുമാത്രം സ്വീകരിക്കാവുന്നതും ദൈവികജീവനെ കൂടുതൽ പരിപോഷിപ്പിക്കുവാൻ സഹായിക്കുന്നതുമായ കൂദാശകളാണ് ഉയിരവരുടെ കൂദാശകൾ. അവ സ്ഥൈര്യലേപനം, കുർബാന, രോഗീലേപനം, തിരുപ്പട്ടം, വിവാഹം എന്നിവയാണ്.

## ഒരിക്കൽമാത്രം സ്വീകരിക്കാവുന്ന കൂദാശങ്ങൾ

ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നീ കൂദാശകൾ ജീവിതത്തിൽ ഒരിക്കൽമാത്രമെ സ്വീകരിക്കാവൂ. ഈ കൂദാശകൾവഴി നാം പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിതമായിത്തീരുന്നു.

## ഒന്നിൽ കൂടുതൽ പ്രാവശ്യം സ്വീകരിക്കാവുന്ന കൂദാശകൾ

കുർബാന, കുമ്പസാരം, രോഗീലേപനം, വിവാഹം എന്നീ കൂദാശകൾ ഒന്നിൽക്കൂടുതൽ പ്രാവശ്യം സ്വീകരിക്കാവുന്നവയാണ്.

## ഏററവും ശ്രേഷ്ഠമായ കൂദാശ

കൂദാശകൾ എല്ലാം ശ്രേഷ്ഠമത്രെ. എങ്കിലും ഏററവും ശ്രേഷ്ഠമായതു കുർബാനയെന്ന കൂദാശയാണ്. എന്തെന്നാൽ

ഈ കൂദാശ മററു കൂദാശകളെപ്പോലെ വരപ്രസാദത്തെ മാത്രമല്ലാ, വരപ്രസാദദാതാവായ മിശിഹായെത്തന്നെ നമുക്കു നല്കുന്നു.

## 1. ജ്ഞാനസ്നാനം

നമ്മുടെ ലോകജീവിതം ജനനത്തോടെ ആരംഭിക്കുന്നു. ഇതുപോലെ നമ്മുടെ ആദ്ധ്യാത്മികജീവിതം ജ്ഞാനസ്നാന സ്വീകരണത്തോടെ ആരംഭിക്കുന്നു.

ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ ദൈവത്തിൻെറ വെറുമൊരു സൃഷ്ടിയെന്ന സ്ഥിതിയിൽനിന്നു ദൈവത്തിൻെറ മക്കൾ എന്ന സ്ഥാനത്തേക്കു് നാം ഉയർത്തപ്പെടുന്നു. സ്വർഗ്ഗപിതാവിൻെറ കുടുംബത്തിൽ അംഗമായി നാം പിറക്കുന്നു.

ശുദ്ധീകരണവരപ്രസാദത്തിന്റെ പുതുജീവൻ നമുക്കു് ആദ്യമായി പ്രദാനംചെയ്യുന്ന ഒരു കൂദാശയാണു് ജ്ഞാനസ്നാനം. ഇതു ഉത്ഭവപാപത്തെയും കർമ്മപാപങ്ങളുണ്ടെങ്കിൽ അവയെയും നമ്മുടെ ആത്മാവിൽനിന്നു നീക്കിക്കളയുന്നു. അവയെപ്പററി പശ്ചാത്തപിച്ചിരിക്കണമെന്നു മാത്രം. ജ്ഞാനസ്നാനം സ്വീകരിക്കുന്നതിലൂടെയാണു നമുക്കു തിരുസ്സഭയിൽ അംഗത്വം ലഭിക്കുന്നതു്.

## നിത്യരക്ഷയും ജ്ഞാനസ്നാനവും

നിത്യരക്ഷയ്ക്കു ജ്ഞാനസ്നാനം കൂടിയേ തീരൂ. ഈശോ. അരുൾചെയ്യുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല''. (വി. യോഹന്നാൻ 3: 5). എന്നാൽ ഈ ജനനം, ''മനുഷ്യരിൽനിന്നല്ലാ, ശരീരത്തിൻേറയോ മനുഷ്യമനസ്സിൻേറയോ ഇഷ്ടത്താലുമല്ലാ; പ്രത്യുത ദൈവത്തിൽനിന്നത്രേ". (വി. യോഹന്നാൻ 1: 13).

## ജ്ഞാനസ്നാനം—മൂന്നുവിധം

ജലത്താൽ, രക്തത്താൽ, ആഗ്രഹത്താൽ—എന്നി ങ്ങനെ ജ്ഞാനസ്നാനം മൂന്നുവിധത്തിലുണ്ട്.

സാധാരണരീതിയിൽ ജലത്താലും പരിശുദ്ധാത്മാവി യാലുമാണ് നാം ജ്ഞാനസ്നാനം സ്വീകരിക്കുന്നത്.

ജ്ഞാനസ്നാനം യഥാർത്ഥത്തിൽ സ്വീകരിക്കാൻ ആഗ്ര ഹമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ ഒരാൾ ആഗ്രഹത്താ ലുള്ള ജ്ഞാനസ്നാനം സ്വീകരിക്കുന്നു എന്നു പറയാം. ക്രിസ്തുവിനും അവിടത്തെ പ്രബോധനങ്ങൾക്കുംവേണ്ടി രക്തസാക്ഷിത്വം സ്വീകരിക്കുന്നതാണു രക്തത്താലുള്ള ജ്ഞാനസ്നാനം.

ആഗ്രഹത്താലുള്ളതും രക്തത്താലുള്ളതുമായ ജ്ഞാന സ്നാനം സ്വീകരിക്കുന്നതുവഴി ശുദ്ധീകരണവരപ്രസാദം ലഭിക്കുമെങ്കിലും ഇവ കൂദാശയല്ല. അതുകൊണ്ട് ആഗ്രഹ ത്താലും രക്തത്താലുമുള്ള ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ള വർക്ക് മററു കൂദാശകൾ സ്വീകരിക്കുന്നതിനുള്ള അർഹത ലഭിക്കുന്നില്ല,

## ജ്ഞാനസ്നാനത്തിൻെറ സ്ഥാപനം

"സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും പഠിപ്പിക്കുകയും പിതാവിൻേറയും പുത്രൻേറ യും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ ജ്ഞാന സ്നാനപ്പെടുത്തുകയും ചെയ്യുവിൻ". (വി. മത്തായി 28:18,19) എന്നരുളിച്ചെയ്തുകൊണ്ട് ജ്ഞാനസ്നാനം നല്കുന്നതിനു ഈശോ സഭയെ ചുമതലപ്പെടുത്തി.

### കാൎമ്മികൻ

സാധാരണയായി ജ്ഞാനസ്നാനം കൊടുക്കുവാൻ അധികാരമുള്ളതു് വൈദികനോ ആറാംപട്ടക്കാരനോ ആണു്. എന്നാൽ ജ്ഞാനസ്നാനം നിത്യരക്ഷയ്ക്കു് ഒഴിച്ചുകൂടാത്തതാകയാൽ അത്യാവശ്യസന്ദർഭങ്ങളിൽ തിരുസ്സഭയുടെ നിയോഗപ്രകാരം ഈ കൂദാശ നല്കുവാൻ ആൎക്കും അധികാരമുണ്ടു്. 'വീട്ടുമാമോദീസാ' എന്ന പേരിൽ ഇതു് അറിയപ്പെടുന്നു.

### നല്കേണ്ട വിധം

തിരുസ്സഭ ഈ കൂദാശ നല്കുന്നപ്രകാരം നല്കുന്നുവെന്ന നിയോഗം ജ്ഞാനസ്നാനം നല്കുന്നയാളിനു് ഉണ്ടായിരിക്കണം. ജ്ഞാനസ്നാനം നല്കുന്നയാൾ സ്വീകരിക്കുന്നയാളിൻെറ ശിരസ്സിൽ കുരിശാകൃതിയിൽ വെള്ളമൊഴിക്കുന്നതോടൊപ്പം "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു" എന്നു ചൊല്ലണം.

## 2. സ്ഥൈര്യലേപനം

സ്ഥൈര്യലേപനം വഴിയാണു പരിശുദ്ധാത്മാവ് നമ്മിൽ എഴുന്നള്ളിവരുന്നതു്. ജ്ഞാനസ്നാനംവഴി നമുക്കു ലഭിച്ച സത്യവിശ്വാസത്തെ തുറന്നു പ്രഖ്യാപിക്കുവാനും സംരക്ഷിക്കുവാനുമുള്ള ധൈര്യവും ശക്തിയും നല്കി നമ്മെ വളർച്ചപ്രാപിച്ച ക്രിസ്ത്യാനികളും ക്രിസ്തുവിൻെറ സാക്ഷികളും ആക്കിത്തീൎക്കുന്ന കൂദാശയാണിതു്.

"സമറിയാക്കാർ ദൈവവചനം സ്വീകരിച്ചെന്നു കേട്ടപ്പോൾ ജറുസലേമിലുണ്ടായിരുന്ന അപ്പസ്തോലന്മാർ പത്രോസിനേയും യോഹന്നാനേയും അവിടേയ്ക്കയച്ചു. അവർ

ചെന്നു്, അവക്കു പരിശുദ്ധാത്മാവിനെ ലഭിക്കേണ്ടതിന്നു് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അതുവരെ അവരിലാരിലും പരിശുദ്ധാത്മാവ് എഴുന്നള്ളി വന്നിട്ടില്ലായിരുന്നു. അവർ കർത്താവായ ഈശോയുടെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നതേയുള്ളു. അനന്തരം അവർ അവരുടെ മേൽ കൈവയ്ക്കുകയും അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു.'' (നടപടി 8; 14-17).

## 3. കുർബാന

അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ സ്ഥിതിചെയ്യുന്ന ക്രിസ്തുവിന്റെ തിരുശ്ശരീരവും തിരുരക്തവുമാണു വിശുദ്ധ കുർബാന. ഈ കൂദാശയിൽ ദൈവവും മനുഷ്യനുമായ ക്രിസ്തു അവിടത്തെ ശരീരത്തോടും ആത്മാവോടും ദൈവത്വത്തോടുംകൂടി സ്ഥിതിചെയ്യുന്നു.

### സ്ഥാപനം

ഈശോയുടെ മരണത്തിന്റെ തലേരാത്രി ഒടുക്കത്തെ അത്താഴസമയത്താണു് ഈ കൂദാശ ഈശോ സ്ഥാപിച്ചതു്. ഈശോ അപ്പമെടുത്തു് ആശീർവ്വദിച്ചു മുറിച്ചു ശിഷ്യന്മാക്കു കൊടുത്തുകൊണ്ടു് അരുൾച്ചെയ്തു: ''വാങ്ങി ഭക്ഷിക്കുവിൻ: ഇതു് എന്റെ ശരീരമാകുന്നു.'' അനന്തരം പാനപാത്രം എടുത്തു സ്തോത്രംചെയ്തു് അവർക്കു നല്കിക്കൊണ്ടു് അവിടന്നു് അരുൾച്ചെയ്തു: ''നിങ്ങൾ എല്ലാവരും ഇതിൽനിന്നും പാനം ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ ഇതു പാപമോചനാർത്ഥം അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിലെ എന്റെ രക്തമാകുന്നു'' (വി. മത്തായി 26: 26-28.) തുടന്നു് ഈശോ ശിഷ്യരോടു് അഭ്യർത്ഥിച്ചു: ''ഇതു് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ'' (വി. ലൂക്കാ 22: 19). ക്രിസ്തുവിന്റെ ഈ നിർദ്ദേശമാണു വി. കുർബാനയെന്ന ദിവ്യബലിയിലൂടെ നമ്മുടെ അൾത്താരകളിൽ നിവൃത്തിയാക്കപ്പെടുന്നതു്.

## 4. കുമ്പസാരം

ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം ചെയ്തിട്ടുള്ള എല്ലാ പാപങ്ങൾക്കും മോചനം ലഭിക്കുന്നതിനുള്ള മാർഗ്ഗമാണു കുമ്പസാരമെന്ന കൂദാശ. പാപം വഴി നഷ്ടപ്പെട്ട ദൈവികജീവൻ കമ്പസാരംവഴി തിരിച്ചുകിട്ടുന്നു. വീണ്ടും പാപം ചെയ്യാതിരിക്കാനുള്ള ശക്തിയും ലഭിക്കുന്നു.

### സ്ഥാപനം

ഈശോയുടെ മരണത്തിനുശേഷം ശിഷ്യന്മാർ യഹൂദന്മാരോടുള്ള ഭയം നിമിത്തം ഒരു മുറിയിൽ പ്രവേശിച്ച് വാതിൽ അടച്ച് ഇരിക്കുകയായിരുന്നു. തത്സമയം ഈശോ അവരുടെ മദ്ധ്യേ പ്രത്യക്ഷനായി. അവിടന്ന് അവരുടെ മേൽ ഊതിക്കൊണ്ടു അരുൾച്ചെയ്തു: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടും. ആരുടെ പാപങ്ങൾ നീങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടും" (വി. യോഹ. 20: 23). ഇപ്രകാരം പാപം മോചിക്കുന്നതിനുള്ള അധികാരം അപ്പസ്തോലന്മാർക്കു നല്കിക്കൊണ്ടു് കുമ്പസാരമെന്ന കൂദാശ ഈശോ സ്ഥാപിച്ചു.

## 5. രോഗീലേപനം

മരണാസന്നനായ രോഗിയുടെ ആത്മാവിനു സ്വാസ്ഥ്യവും ആത്മരക്ഷയ്ക്കു് ഉപകരിക്കുമെങ്കിൽ ശരീരത്തിനു സുഖവും പ്രദാനംചെയ്യുന്ന കൂദാശയാണു രോഗീലേപനം.

''നിങ്ങളിലാരെങ്കിലും രോഗാതുരനാണെങ്കിൽ സഭയിലെ പുരോഹിതനെ വിളിക്കുക. അദ്ദേഹം കർത്താവിൻെറ നാമത്തിൽ രോഗിയെ തൈലം പൂശുകയും അവനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യട്ടെ. വിശ്വാസത്തോടു

കൂടിയ പ്രാർത്ഥന പ്രസ്തുത രോഗിയെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവ ക്ഷമിക്കപ്പെടും" (വി. യാക്കോ. 5: 14, 15).

പ്രാർത്ഥിച്ചുകൊണ്ട് വിശുദ്ധ തൈലത്താൽ രോഗിയെ പൂശുന്നതുനിമിത്തമാണ് ഈ കൂദാശയ്ക്കു രോഗീലേപനം എന്നു പറയുന്നത്.

## 6. തിരുപ്പട്ടം

മെത്രാന്മാർക്കും വൈദികർക്കും തിരുസ്സഭയിലെ മററ് അധികാരികൾക്കും അവരുടെ ദൈവവചനശുശ്രൂഷയ്ക്കും കൂദാശകളുടെ പരികർമ്മത്തിനും ആവശ്യമായ അധികാരവും വരപ്രസാദവും നല്കുന്ന കൂദാശയാണ് തിരുപ്പട്ടം. ഈ കൂദാശ സ്ഥാപിച്ചതു് ഒടുവിലത്തെ അത്താഴസമയത്താണ്. (വി. ലൂക്കാ 22: 19)

## 7. വിവാഹം

പുരുഷനും സ്ത്രീയും തമ്മിൽ വിശുദ്ധവും വേർപിരിയുവാൻ പാടില്ലാത്തതുമായ ഐക്യത്തെ ഉളവാക്കുന്നതും അവർ തമ്മിൽ പരസ്പരം നിർമ്മലവും ക്രിയാത്മകവുമായ സ്നേഹത്തിൽ പങ്കുചേരുന്നതിനും അവരുടെ മക്കളെ നല്ല ക്രിസ്ത്യാനികളായി വളർത്തുന്നതിനും ആവശ്യമായ ദൈവവരപ്രസാദം നല്കുന്നതുമായ ഒരു കൂദാശയാണ് വിവാഹം.

### വിവാഹിതരുടെ കടമകൾ

ജീവിതകാലം മുഴുവൻ, അന്യോന്യം അഗാധമായി സ്നേഹിക്കുക, വിശുദ്ധിയിലും വിശ്വാസത്തിലും അടിയുറച്ചു ജീവിക്കുക, ജീവിതത്തിലുണ്ടാകുന്ന ആനന്ദവും ആതങ്കവും പരസ്പരം പങ്കിട്ടെടുക്കുക, മക്കളെ വിശ്വാസസ്ഥിരതയുള്ള കത്തോലിക്കരായി വളർത്തുക—ഇവയാണ് ഭാര്യാഭർത്താക്കന്മാരുടെ പ്രധാന കടമകൾ.

കുടുംബനാഥൻ എന്നും ഒരു നല്ല ഭർത്താവും പിതാവും ആയിരിക്കണം. ഒരുത്തമഭാര്യയും അമ്മയുമായി കുടുംബ നാഥയും വർത്തിക്കണം. പരിത്യാഗബോധവും അർപ്പണ ബുദ്ധിയുമാവണം രണ്ടുപേരേയും നയിക്കുന്ന കേന്ദ്രശക്തി.

കൂടെക്കൂടെയുള്ള വിശുദ്ധ കുർബാന സ്വീകരണവും പ്രാർത്ഥനാജീവിതവും ഇതിനവരെ സഹായിക്കും.

## വിവാഹത്തിൻെറ പ്രസാദവരം

വധൂവരന്മാരാണ് വിവാഹം എന്ന കൂദാശയിലെ കാർമ്മികർ. വിവാഹത്തിൽ അവർ വഴി ക്രിസ്തു പ്രവർത്തിക്കുകയും അവർ അന്യോന്യം ഈ കൂദാശ നല്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങനെ അവർ ഒരു പുതിയ ജീവിതം ആരംഭിക്കുന്നു. കൂദാശ സ്വീകരണവേളയിൽ അവർക്കു ലഭിക്കുന്ന പ്രസാദവരം ജീവിതാവസാനംവരെ അവരോടൊപ്പം ഉണ്ടായിരിക്കും. ഈ പ്രസാദവരം ക്രിയാത്മകസ്നേഹത്തിൽ പരസ്പരം പങ്കുചേരുന്നതിനുള്ള കഴിവും ജീവിതപ്രശ്നങ്ങളെ തരണംചെയ്യുന്നതിനുള്ള ധൈര്യവും പ്രദാനം ചെയ്യുന്നു.

വധൂവരന്മാർക്ക് സഭയുടെ ആശീർവാദം നല്കാൻ നിയുക്തനായ ആൾ മാത്രമാണ് പുരോഹിതൻ. അവർ നടത്തുന്ന പരിശുദ്ധ ഉടമ്പടിയുടെ ഔദ്യോഗികസാക്ഷിയും അദ്ദേഹംതന്നെ.

## വിവാഹിതരോട് വി. പൗലോസ്

''വിവാഹിതരോടു ഞാനല്ല, കർത്താവു കല്പിക്കുന്നു: ഭാര്യ ഭർത്താവിൽനിന്നു പിരിയരുതു''. വേർപെടുന്ന പക്ഷം അവൾ പുനർവിവാഹം കഴിക്കാതിരിക്കയോ

സ്വന്തം ഭർത്താവിനോടു രമ്യപ്പെട്ടുകയോ വേണം. ഭർത്താവു ഭാര്യയെ ഉപേക്ഷിക്കരുതു്" (1 കൊറി 7: 10).

"ഭർത്താവു ഭാര്യയോടുള്ള കടമ നിറവേററട്ടെ; അങ്ങനെതന്നെ ഭാര്യ ഭർത്താവിനോടും, ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല, ഭർത്താവിനത്രേ അവകാശമുള്ളതു്. അതുപോലെ, ഭർത്താവിൻെറ ശരീരത്തിന്മേൽ അവനല്ല ഭാര്യയ്ക്കത്രേ അധികാരം" (1 കൊറി. 7: 3-4).

"ഭാര്യമാരേ, നമ്മുടെ കർത്താവിനെയെന്നപോലെ നിങ്ങളുടെ ഭർത്താക്കന്മാരെ അനുസരിക്കുവിൻ. മിശിഹാ സഭയുടെ ശിരസ്സും ശരീരത്തിൻെറ രക്ഷകനുമായിരിക്കുന്നതുപോലെ ഭർത്താവു ഭാര്യയുടെ ശിരസ്സത്രേ. സഭ മിശിഹായ്ക്കു കീഴ്പ്പെട്ടിരിക്കുന്നതുപോലെ, ഭാര്യമാർ എല്ലാക്കാര്യത്തിലും ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടിരിക്കണം" (എഫേ. 5: 22-24).

"ഭർത്താക്കന്മാരെ, മിശിഹാ തൻെറ സഭയെ സ്നേഹിച്ചതുപോലെ, നിങ്ങൾ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ........ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തം ശരീരമെന്നപോലെ സ്നേഹിക്കണം. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെ സ്നേഹിക്കുന്നു" (എഫേ.5:25-28).

ചോദ്യങ്ങൾ:—

1. പ്രാർത്ഥന എന്നാലെന്തു്?
2. പ്രാർത്ഥനയുടെ ലക്ഷ്യങ്ങൾ ഏവ?
3. പ്രാർത്ഥിക്കേണ്ട സന്ദർഭങ്ങൾ ഏവ?
4. പ്രസാദവരം എന്നാലെന്തു്?
5. ശുദ്ധീകരണവരപ്രസാദം എന്നാലെന്തു്?
6. പ്രവർത്തകവരപ്രസാദം എന്നാലെന്തു്?
7. കൂദാശ എന്നാലെന്തു്?

8. മരിച്ചവരുടെ കൂദാശകൾ എന്നാലെന്ത്? അവ ഏതൊക്കെയാണ്?
9. ഉയിരവരുടെ കൂദാശകൾ എന്നാലെന്ത്? അവ ഏതൊക്കെയാണ്?
10. ഏററവും ശ്രേഷ്ഠമായ കൂദാശ ഏത്? എന്തുകൊണ്ട്?
11. ജ്ഞാനസ്നാനം എന്ന കൂദാശ എന്താകുന്നു?
12. സൈ്ഥര്യലേപനം എന്ന കൂദാശ എന്താകുന്നു?
13. കുർബാന എന്ന കൂദാശ എന്താകുന്നു?
14. കുമ്പസാരം എന്ന കൂദാശ എന്താകുന്നു?
15. രോഗീലേപനം എന്ന കൂദാശ എന്താകുന്നു?
16. തിരുപ്പട്ടം എന്ന കൂദാശ എന്താകുന്നു?
17. വിവാഹം എന്ന കൂദാശ എന്താകുന്നു?
18. വിവാഹിതരുടെ കടമകൾ ഏവ?
19. വിവാഹത്തിൻെറ പ്രസാദവരം വധൂവരന്മാർക്കു എന്തു നല്കുന്നു?
20. വിവാഹിതരോടുള്ള വി. പൗലോസിൻെറ ഉപദേശമെന്ത്?

# X

# കുമ്പസാരം

## ശരിയായ കുമ്പസാരത്തിനു്

കുമ്പസാരം ശരിയാംവിധം നിർവഹിക്കുന്നതിനു പ്രധാനമായും അഞ്ചു കാര്യങ്ങൾ പാലിക്കണം.

(i) ചെയ്ത പാപങ്ങൾ ഏതൊക്കെയാണെന്നു് ഓർമ്മിക്കുക. (ii) അവയെപ്പററി ഹൃദയപൂർവ്വം പശ്ചാത്തപിക്കുക. (iii) ഇനിയൊരിക്കലും പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞചെയ്യുക. (iv) ചെയ്ത പാപങ്ങളിൽ മാരകപാപങ്ങളെങ്കിലും വൈദികനെ അറിയിക്കുക. (v) വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേററുക.

### i പാപബോധം

ചെയ്തുപോയ പാപങ്ങളെന്തൊക്കെയെന്നു ശരിയായി പരിശോധിക്കുകയാണു ഫലപ്രദമായ കുമ്പസാരത്തിനുള്ള ആദ്യത്തെ ഒരുക്കം. എല്ലാ പാപങ്ങളും ഓർക്കുന്നതിനു് ഒരെളുപ്പവഴിയുണ്ടു്: ദൈവപ്രമാണങ്ങൾ, തിരുസ്സഭയുടെ കല്പനകൾ, ഏഴു മൂലപാപങ്ങൾ എന്നിവ ഓരോന്നായ

എടുത്തു് അവ ഓരോന്നിനും എതിരായി പാപം ചെയ്തിട്ടുണ്ടോ എന്നു പരിശോധിക്കുക. ഉണ്ടെങ്കിൽ അവയുടെ എണ്ണവും അവയെ തരംതിരിക്കുന്ന സാഹചര്യങ്ങളും ആലോചിക്കുക.

## ii മനസ്താപം

പാപംവഴി ദൈവത്തെ ദ്രോഹിച്ചല്ലോ എന്നും ആ ദ്രോഹത്തിനു തക്ക ശിക്ഷ ലഭിക്കുമല്ലോ എന്നുമുള്ള മനസ്സിന്റെ ദുഃഖമാണ് മനസ്താപം അഥവാ പശ്ചാത്താപം.

പാപിക്കു നിത്യാനന്ദം പ്രാപിക്കണമെങ്കിൽ പശ്ചാത്താപം കൂടിയേ തീരൂ. കാരണം ക്രിസ്തുനാഥൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു: "നിങ്ങൾ പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും നശിക്കുമെന്നു ഞാൻ പറയുന്നു". (വി. ലൂക്കാ 13: 3).

മനസ്താപം രണ്ടുവിധത്തിലുണ്ട്—പൂർണ്ണമനസ്താപവും അപൂർണ്ണമനസ്താപവും.

### പൂർണ്ണമനസ്താപം

പാപംവഴി നാം എത്ര അകന്നുപോയാലും സ്നേഹപൂർവ്വം നമ്മുടെ പിന്നാലെ വന്നു നമ്മെ തന്നിലേക്കു മാടിവിളിക്കുകയും നാം പശ്ചാത്തപിക്കുമെങ്കിൽ കഴിഞ്ഞതെല്ലാം ക്ഷമിച്ച് കാരുണ്യപൂർവ്വം നമ്മെ തിരിച്ചെടുക്കുകയും ചെയ്യുന്ന സ്നേഹപിതാവാണു ദൈവം. ആ നല്ല ദൈവത്തിനെതിരായി തിന്മ ചെയ്തല്ലോ എന്ന ചിന്തമൂലം ഉണ്ടാകുന്ന മനോദുഃഖവും പാപത്തോടുള്ള വെറുപ്പുമാണ് പൂർണ്ണമനസ്താപം.

## അപൂണ്ണമനസ്താപം

പാപത്തിൻെറ ശിക്ഷയായി ദൈവം നല്കുവാനിരിക്കുന്ന നരകത്തിൻെറ ഭീകരതയെക്കുറിച്ചോക്കുമ്പോൾ മനസ്സിലുണ്ടാകുന്ന ഭയവും ദുഃഖവും പാപത്തോടുള്ള വെറുപ്പുമാണു് അപൂണ്ണമനസ്താപം.

## കുമ്പസാരവും മനസ്താപവും

കുമ്പസാരത്തിനു മുമ്പുതന്നെ മനസ്താപം നമുക്കുണ്ടായിരിക്കണം; കുറഞ്ഞപക്ഷം വൈദികൻ പാപമോചനം നല്കുന്നതിനു മുമ്പെങ്കിലും.

മനസ്താപമില്ലാതെയോ മനഃപൂവ്വം മാരകപാപങ്ങൾ മറച്ചുവെച്ചോ കുമ്പസാരിച്ചാൽ ആ കുമ്പസാരം വാസ്തവമാകുകയില്ല. അതു ദൈവദോഷമാവുകയും ചെയ്യും.

## iii പ്രതിജ്ഞ

പാപം ചെയ്യുകയില്ലെന്നുള്ള ദൃഢമായ നിശ്ചയമാണു് കുമ്പസാരത്തിലെ പ്രതിജ്ഞ. പാപസാഹചര്യങ്ങളെ ഉപേക്ഷിച്ചുകൊള്ളാമെന്നും ദൈവാനുഗ്രഹത്താൽ മേലിൽ പാപം ചെയ്യാതിരിക്കുവാൻ പരമാവധി ശ്രമിക്കാമെന്നും കുമ്പസാരത്തിൽ ദൈവത്തോടു നാം പ്രതിജ്ഞചെയ്യണം.

## iv പാപങ്ങളുടെ ഏററുപറച്ചിൽ

ചെയ്തുപോയ മാരകപാപങ്ങളും, മുന്പുനടത്തിയ കുമ്പസാരത്തിൽ പറയാൻ മറന്നുപോയ മാരകപാപങ്ങളും വൈദികനോടു തുറന്നുപറയണം. പാപങ്ങളുടെ എണ്ണവും അവ ചെയ്യാനിടവരുത്തിയ സാഹചര്യങ്ങളും വ്യക്തമായി

വൈദികനെ അറിയിക്കുന്നതുവഴി പാപത്തിൽ വീണ്ടും വീഴാതിരിക്കാൻ പററിയ നിർദ്ദേശങ്ങൾ അദ്ദേഹത്തിൽ നിന്നു ലഭിക്കുവാൻ എളുപ്പമുണ്ട്. ലഘുപാപങ്ങൾ കുമ്പസാരത്തിൽ പറയണമെന്നു നിർബന്ധമില്ല. എങ്കിലും പറയുന്നതു് ഉപകാരപ്രദമാണു്. മനഃപൂർവ്വം ഏതെങ്കിലും മാരകപാപം ഉപേക്ഷിച്ചാൽ കുമ്പസാരത്തിൽ പറഞ്ഞ പാപങ്ങൾക്കും മോചനം ലഭിക്കുകയില്ല. പുതുതായി ഒരു ദൈവദോഷം പിഴക്കുകയും ചെയ്യും. ആകയാൽ, മനഃപൂർവ്വം മാരകപാപങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ടെങ്കിൽ ആ പാപങ്ങളും ആ കുമ്പസാരത്തിൽ ഏററുപറഞ്ഞെങ്കിൽ മാത്രമേ കുമ്പസാരം വാസ്തവമാകൂ.

## V പ്രായശ്ചിത്തം ചെയ്യാതിരുന്നാൽ

കുമ്പസാരത്തിൽ വൈദികൻ നിർദ്ദേശിക്കുന്ന പ്രായശ്ചിത്തം അശ്രദ്ധയോ ഉപേക്ഷയോ നിമിത്തം നിറവേററാതിരിക്കുന്നതു പാപമാണു്. പ്രായശ്ചിത്തം ഗൗരവമേറിയതാണെങ്കിൽ പാപവും ഗൗരവമേറിയതായിരിക്കും.

## കുമ്പസാരത്തിനുശേഷം

ചെയ്ത പാപങ്ങൾക്കു മാപ്പുതന്നതിനു് കുമ്പസാരത്തിനുശേഷം ദൈവത്തോടു നന്ദിപറയണം. ഒരു കാലത്തും പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞയെടുക്കണം. സ്നേഹസ്വരൂപനായ ദൈവത്തെ മനഃപൂർവ്വം ദ്രോഹിക്കാതിരിക്കുവാനുള്ള അനുഗ്രഹം യാചിക്കണം. കഴിയുമെങ്കിൽ പ്രായശ്ചിത്തം തുടർന്നു നിറവേററുകയുംവേണം.

# വിശുദ്ധ കുർബ്ബാന

## ബലി

വി. കുർബാന ഒരേസമയം ബലിയും കൂദാശയുമാണ്. വൈദികൻെറ കരങ്ങൾവഴി പരമപിതാവിനു് ഈശോയുടെ തിരുശരീരവും തിരുരക്തവും ദൈവസ്വഭാവവും, മാനുഷികസ്വഭാവവും കാഴ്ചവയ്ക്കുന്നതാണു ബലി. ദിവ്യബലി ഗാഗുൽത്തായിലെ ബലിയുടെ രക്തരഹിതമായ ആവർത്തനമാണ്. ഭോജ്യവസ്തുക്കളുടെ ബലി പൂർണ്ണമാകുന്നതു് അവ ഭക്ഷിക്കുമ്പോഴാണ്. ആകയാൽ ദിവ്യബലിയിൽ പങ്കെടുക്കുന്നവർ ദിവ്യകാരുണ്യം സ്വീകരിക്കുക അഭികാമ്യമാണ്.

## കൂദാശ

അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ദൈവസ്വഭാവവും മനുഷ്യസ്വഭാവവും നമുക്കു നല്കുന്ന കൂദാശയാണ് വിശുദ്ധ കുർബാന.

## വി. കുർബാന സ്വീകരിക്കേണ്ടതിൻെറ ആവശ്യകത

ശരീരത്തിനു ശക്തിയും പുഷ്ടിയും ലഭിക്കുന്നതിനു നാം ഭക്ഷണം കഴിക്കുന്നു. അതുപോലെ ആത്മാവിനു ശക്തിയും ആരോഗ്യവും ലഭിക്കുന്നതിനു നാം വിശുദ്ധ കുർബാന സ്വീകരിക്കണം. വിശുദ്ധ കുർബാന നമ്മുടെ ആത്മാവിൻെറ ഏററവും മികച്ച പോഷകാഹാരമാണ്. "എൻ്റെ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും

ചെയ്യുന്നവനു നിത്യജീവനുണ്ടു്. അവസാനദിവസം അവനെ ഞാൻ ഉയിർപ്പിക്കും. എൻെറ ശരീരം യഥാത്ഥ ഭക്ഷണവും എൻെറ രക്തം യഥാർത്ഥപാനീയവുമാണു്. (വി. യോഹന്നാൻ 6: 55-56).

## അയോഗ്യതയോടെ സ്വീകരിക്കരുതു്

വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനു നാം ശരിയായി ഒരുങ്ങണം. ഒരിക്കലും അയോഗ്യതയോടുകൂടി ദിവ്യകാരുണ്യം സ്വീകരിക്കരുതു്. അതു് ദൈവദോഷമാണു്. വി. പൗലോസ് പറയുന്നു: ''അയോഗ്യമായി ആരെങ്കിലും ഈ അപ്പം ഭക്ഷിക്കുകയും പാനപാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുന്നപക്ഷം കർത്താവിൻെറ ശരീരത്തിനും രക്തത്തിനുമെതിരായി തെററുചെയ്യുന്നു''. (1 കൊറി. 11-27).

## വി. കുർബാന സ്വീകരണത്തിൻെറ ഫലങ്ങൾ

വി. കുർബാന ഉൾക്കൊണ്ടുകഴിയുമ്പോൾ ക്രിസ്തുവുമായി നാം ഒന്നായിത്തീരുന്നു. വരപ്രസാദം നമ്മുടെ ആത്മാവിൽ വർദ്ധിക്കുന്നു. ലഘുപാപങ്ങളിൽനിന്നുള്ള മോചനവും പ്രലോഭനങ്ങളെ ജയിക്കാനുള്ള ശക്തിയും നമുക്കു ലഭിക്കുന്നു. ഒരിക്കൽ മരിച്ചു് ഉത്ഥാനംചെയ്ത, ഇനി ഒരിക്കലും മരണമില്ലാത്ത, ക്രിസ്തുവിൻെറ ജീവിതത്തിലേക്കു് നാമും പ്രവേശിക്കുന്നു. ''എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (വി. യോഹന്നാൻ 6: 57). ഇപ്രകാരം ക്രിസ്തുവിൽ ഒന്നായിത്തീരുന്നതോടെ, ലോകത്തിലെ എല്ലാ മനുഷ്യവ്യക്തികളുമായി നാം ഐക്യപ്പെ

ട്ടന്നു. എന്തെന്നാൽ, "അപ്പം ഒന്നാകകൊണ്ടു് പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പമാണു സ്വീകരിക്കുന്നതു്" (1 കൊറി. 10: 17).

## യോഗ്യതാപൂർവ്വം വി. കുർബാന സ്വീകരിക്കാൻ

വി. കുർബാന യോഗ്യതയോടെ സ്വീകരിക്കുന്നതിനു് ആവശ്യം വേണ്ട മൂന്നു കാര്യങ്ങൾ: ഒന്നു്, പ്രസാദവരം ഉണ്ടായിരിക്കുക. രണ്ടു്, വി. കുർബാന ഉൾക്കൊള്ളുന്നതിനു മുമ്പു് ഒരു മണിക്കൂർ നേരത്തേക്കു് ഉപവസിക്കുക. മൂന്നു്, സ്നേഹനാഥനെ ഭക്തിയോടേകൂടി സ്വീകരിക്കുന്നതിനു് ഒരുങ്ങുക.

## വിശുദ്ധ കുർബാന
## എത്ര പ്രാവശ്യം സ്വീകരിക്കണം?

ദിവ്യകാരുണ്യത്തെ സാധാരണ അപ്പത്തിൽനിന്നു തിരിച്ചറിയുവാൻ കഴിയുന്നതു മുതൽ മരണംവരെ എല്ലാ ദിവസവും വിശുദ്ധ കുർബാന സ്വീകരിക്കാവുന്നതാണു്. കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണം അളവററ ആദ്ധ്യാത്മികശക്തി നമുക്കു പ്രദാനം ചെയ്യും.

വർഷത്തിലൊരിക്കൽ, പെസഹാക്കാലത്തെങ്കിലും വി. കുർബാന കൈക്കൊള്ളണമെന്നു തിരുസ്സഭ കല്പിച്ചിരിക്കുന്നു.

## അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണം

കൂദാശസ്സടുത്തവിധത്തിൽ വിശുദ്ധ കുർബാന സ്വീകരിക്കാൻ കഴിയാത്ത അവസരങ്ങളിൽ വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുള്ള ആഗ്രഹമാണു് അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണം. ഈ ആഗ്രഹം പ്രകാശിപ്പിക്കുന്ന ഏതു പ്രാർത്ഥനവഴിയും അരൂപിക്കടുത്തവിധം ദിവ്യകാരുണ്യം സ്വീകരിക്കാം.

## ഈശോയുടെ സാന്നിദ്ധ്യവും വി. കുർബാനയു

ഉയിർത്തെഴുന്നേററ ക്രിസ്തുനാഥൻെറ ശരീരവും രക്തവും വേർതിരിക്കാൻ പാടില്ലാത്തതിനാൽ കൂദാശ ചെയ്യപ്പെട്ട അപ്പത്തിലായാലും വീഞ്ഞിലായാലും ഈശോയുടെ സാന്നിദ്ധ്യം പൂർണ്ണമായും ഉണ്ട്. വി. കുർബാന സ്വീകരിക്കുമ്പോൾ തിരുവോസ്തിയുടെ ഒരു ചെറിയ അംശം മാത്രമേ നമുക്കു ലഭിക്കുന്നുള്ളുവെങ്കിലും ക്രിസ്തു മുഴുവനായും അതിൽ ഉണ്ട്.

ചോദ്യങ്ങൾ:—

1. ശരിയായ കുമ്പസാരത്തിനു വേണ്ടുന്ന കാര്യങ്ങൾ ഏവ?
2. മനസ്താപം എന്നാലെന്ത്?
3. പൂർണ്ണമനസ്താപം എന്നാലെന്ത്?
4. അപൂർണ്ണമനസ്താപം എന്നാലെന്തു?
5. കുമ്പസാരത്തിലെ പ്രതിജ്ഞ എന്താണ്?
6. കുമ്പസാരത്തിനുശേഷം എന്തു ചെയ്യണം?
7. ദിവ്യബലി എന്നാലെന്ത്?
8. വിശുദ്ധ കുർബാന എന്നാലെന്ത്?
9. വിശുദ്ധ കുർബാന സ്വീകരിക്കേണ്ടതിൻെറ ആവശ്യകത എന്ത്?
10. വിശുദ്ധ കുർബാന സ്വീകരണത്തിൻെറ ഫലങ്ങൾ ഏവ?

——::——

ACHARYA PALACKAL ... KENDRAM LIBRARY 15646

# വിശ്വാസദീപ്തി